# യൂണിറ്റി

**സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം**

ഡിസംബർ 2013 വാല്യം 40 ലക്കം 9 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# മുതലാളിമാർ സംഘടിപ്പിക്കുന്ന സമരങ്ങൾ!

സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ എല്ലാ തുറകളിലും ഭരണമുതലാളിവർഗ്ഗത്തിന്റെ കടന്നാക്രമണങ്ങൾ അനുദിനം രൂക്ഷമായിവരുകയാണ്. മനുഷ്യോചിതമായി ജീവിതം പുലർത്തണമെങ്കിൽ സമരം ചെയ്തേ മതിയാവൂ എന്ന അവസ്ഥ. അതിനാൽ, അദ്ധ്വാനിച്ചുജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും കക്ഷിരാഷ്ട്രീയ ജാതി മത പരിഗണനകൾക്കതീതമായി ജനകീയ സമരക്കമ്മിറ്റികളിൽ അണിനിരത്തുകയെന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകത. ജനതാല്പര്യത്തിന് തെല്ലെങ്കിലും വില കല്പിക്കുന്ന ഒരു പ്രസ്ഥാനത്തിനും കാലഘട്ടത്തിന്റെ ഈ ആവശ്യകത കണ്ടില്ലെന്ന് നടിക്കാനാവില്ല. പക്ഷെ നാം കാണുന്നത്, ചെങ്കൊടി പിടിക്കുന്നവരുൾപ്പെടെയുള്ള വ്യവസ്ഥാപിത രാഷ്ട്രീയപ്പാർട്ടികളും മാർക്സിസത്തിന്റെ പേരുപയോഗിക്കുന്നവരുൾപ്പെടെയുള്ള തൊഴിലാളിയൂണിയനുകളും ജനങ്ങൾക്കെതിരെ മുതലാളിവർഗ്ഗത്തിന് വിടുപണിചെയ്യാനായി കക്ഷിരാഷ്ട്രീയ പരിഗണനകൾ മാറ്റിവച്ച് ഒന്നിച്ചിരിക്കുന്ന കാഴ്ചയാണ്. ഈ കൊടിയ വഞ്ചന തിരിച്ചറിയാൻ കഴിയാതെ അവരുടെ കൈകളിലെ അബോധ കരുക്കളായി മാറുന്ന അണികളും. ജനശത്രുക്കളെ തിരിച്ചറിഞ്ഞ് ആട്ടിയകറ്റാനും സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനായി ഉണർന്നുപ്രവർത്തിക്കാനും ജനങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ വലിയ ദുരന്തമായിരിക്കും ഫലം.

**ക**ഴിഞ്ഞ നവംബർ 6 ന് തിരുവനന്തപുരം നഗരം തൊഴിലാളികളുടെ ഒരു മാർച്ചിന് സാക്ഷ്യം വഹിച്ചു. പളാ പളാ മിന്നുന്ന പുത്തൻ കൊടികൾ - ത്രിവർണ്ണപതാകയുണ്ട്, ചോരച്ചെങ്കൊടിയുണ്ട്, കാവിയുണ്ട്, പച്ചയുണ്ട് അങ്ങിനെ എല്ലാ നിറത്തിലും ഉണ്ട്. എ.സി.വോൾവോ ബസ്സിലാണ് തൊഴിലാളികൾ എറണാകുളത്തുനിന്ന് എത്തിയിരിക്കുന്നത്. അവർ പിടിച്ചിരുന്ന ബാനറിൽ സേവ് സി.എം.ആർ.എൽ എന്ന് രേഖപ്പെടുത്തിയിരുന്നു. ആവേശകരമായി മുദ്രാവാക്യം മുഴക്കി പ്രകടനം സെക്രട്ടേറിയറ്റ് നടയിൽ എത്തിച്ചേർന്നപ്പോൾ അവിടെ കൂറ്റൻ ഉച്ചഭാഷിണി വച്ചുകെട്ടിയ വാഹനം നിർത്തിയിട്ടിരുന്നു. സെക്രട്ടേറിയറ്റ് നടയിൽ ഹാന്റ് മൈക്ക് പ്രവർത്തിപ്പിച്ചതിന്റെ പേരിൽ കേസെടുത്തിട്ടുള്ള പോലീസ് വളരെ സൗഹാർദ്ദത്തോടെ വേണ്ട സഹായങ്ങൾ നൽകി കൂടെയുണ്ട്. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം, ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ, എഐടിയുസി സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, ബിഎംഎസ് തുടങ്ങിയ മറ്റു ട്രേഡ്യൂണിയനുകളുടെയെല്ലാം നേതാക്കൾ- എല്ലാവരുമുണ്ട്. തമിഴ്നാട്ടിലേക്കുള്ള കരിമണൽ കള്ളക്കടത്ത് അവസാനിപ്പിക്കുക, ഖനനം സ്വകാര്യമേഖലയിൽ അനുവദിച്ചുകൊണ്ട് കൊച്ചിയിലെ സിഎംആർഎൽ കമ്പനിയെ രക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ നേതാക്കൾ ശക്തിയുക്തം മുന്നോട്ടുവച്ചു. അത്യാവേശപൂർവ്വം പ്രസംഗിച്ചു.

അടുത്ത രംഗം കേരളത്തിന്റെ മലയോര മേഖലയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നുവെന്ന പ്രഖ്യാപനത്തോടെ കേന്ദ്ര സർക്കാർ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നു. വാർത്ത വെളിയിൽ വന്ന് ഏതാനും മണിക്കൂർ കഴിഞ്ഞപ്പോൾ കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ആറേഴ് ടിപ്പർ - ടോറസ് ലോറികളിൽ നിറയെ ആളുകളെത്തുന്നു. അവർ നഗരത്തിൽ അഴിഞ്ഞാടുന്നു. കണ്ണിൽക്കണ്ടവരെയെല്ലാം ആക്രമിക്കുന്നു.

(ശേഷം പേജ് 2-ൽ)

## ഡിസംബർ 6

## വർഗ്ഗീയതാ വിരുദ്ധ ദിനം

### മുതലാളിത്ത കടന്നാക്രമണങ്ങൾക്കെതിരെ ജനൈക്യം ഊട്ടിയുറപ്പിക്കുക

മദ്ധ്യകാലഘട്ടത്തിലേതിന് സമാനമായ മ്ലേച്ഛതയോടെ ബി.ജെ.പിയും സംഘപരിവാറും ബാബ്റി മസ്ജിദ് പൊളിച്ചുകൊണ്ട് ചരിത്രത്തെ കളങ്കിതമാക്കിയ ദിനമാണ് 1992 ഡിസംബർ 6. ബാബ്റി മസ്ജിദ് മുസ്ലീങ്ങളുടെ ഒരു ആരാധനാലയം മാത്രമായിരുന്നില്ല, അതൊരു ചരിത്രസ്മാരകം കൂടിയായിരുന്നു. അഫ്ഘാനിസ്ഥാനിലെ ബാമിയാനിൽ അഞ്ചാം നൂറ്റാണ്ടിൽ നിർമ്മിച്ച അസാമാന്യ വലിപ്പമുള്ള ബുദ്ധപ്രതിമകളെ തകർത്തുകൊണ്ട് താലിബാൻ ചെയ്ത കൊടുംപാതകത്തിന് സമാനമാണ്, അതിനും കുറെ മുമ്പ് ബി.ജെ.പിയും ആർ.എസ്സ്.എസ്സും ബാബ്റി മസ്ജിദ് എന്ന ചരിത്രസ്മാരകത്തെ നിലംപരിശാക്കിയ പ്രവൃത്തി. മുസ്ലീങ്ങൾ മാത്രമല്ല, രാജ്യത്തിനകത്തും പുറത്തുമുള്ള യുക്തിബോധവും സന്മനോഭാവവുമുള്ള ഏവരും ഈ പ്രാകൃത കൃത്യത്തെ തികഞ്ഞ രോഷത്തോടെ അപലപിച്ചു. ബി.ജെ.പിയും സംഘപരിവാറും അത്തരത്തിലുള്ള കാടത്തങ്ങളിൽ ഏർപ്പെട്ടത്, ഹിന്ദു

(ശേഷം പേജ് 2-ൽ)



*കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 6 ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ജനകീയ കൂട്ടായ്മ മുതിർന്ന പത്രപ്രവർത്തകൻ ബി.ആർ.പി.ഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു. എസ്‌യുസിഐ(സി) സംസ്ഥാനസെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, പത്മശ്രീ ജി. ശങ്കർ തുടങ്ങിയവർ സമീപം*

( വാർത്ത പേജ് 14-ൽ)

# കരിമണൽ സ്വകാര്യവൽക്കരണത്തിന്റെ പിന്നിലെ അതിനിഗൂഢ കൂട്ടുകെട്ട്

**കരിമണൽ സ്വകാര്യവൽക്കരണ നീക്കങ്ങൾക്ക് സമീപകാലത്തായി വേഗത കൂടിയിരിക്കുന്നു. മൂലധനശക്തികളും രാഷ്ട്രീയപാർട്ടികളും തമ്മിലുള്ള മനപ്പൊരുത്തം ഇവിടെയും പ്രകടമാണ്. ഇടതെന്നോ വലതെന്നോ ഉള്ള വ്യത്യാസമൊന്നും പതിവുപോലെ ഇക്കാര്യത്തിലുമില്ല. കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ് (സിഎംആർഎൽ) എന്ന സ്വകാര്യസ്ഥാപനത്തിനുവേണ്ടി ഗുണഭോക്താക്കളായ ഭരണ-പ്രതിപക്ഷ പാർട്ടികളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുമൊക്കെ പടച്ചട്ടയണിഞ്ഞ് അണിനിരന്നിരിക്കുകയാണ്. എല്ലാം തൊഴിലാളി താല്പര്യവും രാജ്യപുരോഗതിയും മുൻനിർത്തിയാണെന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ.**

**ആ**ഗോളീകരണ നയങ്ങൾ തുറന്നുവച്ച സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയാണ് സി.എം.ആർ.എൽ അമൂല്യധാതുക്കളടങ്ങിയ കരിമണൽ സ്വന്തമാക്കാൻ ശ്രമമാരംഭിച്ചത്. ചവറയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, കെ.എം.എം.എൽ എന്നിവയ്ക്കാണ് നിലവിൽ ഖനനാനുമതിയുള്ളത്. സിന്തറ്റിക് റൂട്ടൈൽ ഉത്പാദിപ്പിക്കുന്ന സിഎംആർഎല്ലിന് ഐആർഇയാണ് അസംസ്കൃതവസ്തുവായ ധാതുമണൽ നൽകുന്നത്.

സ്വകാര്യവൽക്കരണത്തിന്റെ ആദ്യപടിയായ സംയുക്ത സംരംഭങ്ങൾക്ക് സർക്കാർ അനുമതി നല്കിത്തുടങ്ങിയതോടെ സിഎംആർഎൽ ഉത്സാഹമായി. ഐആർഇ യുമായി ചേർന്ന് അവർ കേരള മിനറൽസ് ആന്റ് റെയർ എർത്ത്സ് ലിമിറ്റഡ് (കെഎംആർഎൽ) എന്നൊരു കമ്പനി 2001-ൽ തന്നെ രജിസ്റ്റർ ചെയ്തു. 2002-ൽ ഭരണ പ്രതിപക്ഷ ട്രേഡ് യൂണിയനുകളെ രംഗത്തിറക്കി.

(ശേഷം പേജ് 10-ൽ)



*വിലക്കയറ്റത്തിനും, വൈദ്യുതിചാർജ് വർദ്ധനവിനും, സ്ത്രീകൾക്കെതിരായ അതിക്രമത്തിനും, സ്കൂളുകളിലെ ലൈംഗികവിദ്യാഭ്യാസത്തിനും, സ്കൂളുകളിൽ പാസ്സ്-ഫെയിൽ സമ്പ്രദായം നിർത്തലാക്കിയതിനും മറ്റുമെതിരെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പശ്ചിമബംഗാൾ സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 12ന് കൊൽക്കത്തയിൽ നടന്ന കൂറ്റൻ പ്രകടനത്തിന്റെ മുൻനിര. പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ദേബപ്രസാദ് സർക്കാർ, ഗോപാൽ കുണ്ഡു, സൗമൻ ബസു, ശങ്കർ സാഹ എന്നിവരും സംസ്ഥാനനേതാക്കളും നയിക്കുന്നു.*

( വാർത്ത പേജ് 14-ൽ)

# മുതലാളിമാർ സ്പോൺസർ ചെയ്യുന്ന സമരങ്ങൾ

(പേജ് 1-ൽ നിന്ന് തുടർച്ച)

സർക്കാർ വാഹനങ്ങൾ കത്തിക്കുന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ആക്രമിച്ച് ഓഫീസിന് തീയിടുന്നു. വളരെ സുപ്രധാനമായ ഫയലുകൾ തെരഞ്ഞുപിടിച്ച് കത്തിക്കുന്നു. പോലീസ് ഇതെല്ലാം കണ്ട് ആസ്വദിച്ചു നിൽക്കുന്നു. ചാനലുകളിൽ ഫ്ളാഷ് ന്യൂസ് മിന്നുന്നു: കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെ താമരശ്ശേരിയിൽ കർഷകരുടെ വൻ പ്രതിഷേധം. പക്ഷേ, നഗരത്തെ വിറപ്പിച്ച ഈ അക്രമത്തിൽ ഒരൊറ്റ കർഷകനുമുണ്ടായിരുന്നില്ല. ടിപ്പർ ലോറികളും അവയിൽ എത്തിയ ആളുകളും സമീപത്തെ പാറമടകൾ നടത്തുന്ന മുതലാളിമാർ ഏർപ്പാടാക്കിയതായിരുന്നു. അതിന്റെ തലേന്ന് കണ്ണൂരിൽ മലയോരമേഖലയിൽ വനംവകുപ്പ് ഉദ്യോഗസ്ഥരെ തടഞ്ഞുവച്ചതും വാഹനങ്ങൾ കത്തിച്ചതും ഇതേ ശക്തികൾ തന്നെയായിരുന്നു. അങ്ങനെ കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ വികാരം ഇളക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടതോടെ ക്വാറി മുതലാളിമാരും അവരുടെ ഗുണ്ടകളും പിന്നണിയിലേക്ക് മാറി. അവരുടെ സ്ഥാനത്തേക്ക് രാഷ്ട്രീയ നേതാക്കളും മതമേലദ്ധ്യക്ഷന്മാരും കടന്നുവന്നു. പിന്നെ രക്തച്ചൊരിച്ചിൽ പ്രസ്താവന, കാശ്മീരാക്കുമെന്ന പ്രഖ്യാപനം, വേണ്ടിവന്നാൽ നക്സലൈറ്റാകുമെന്ന ഭീഷണി– അങ്ങനെ നാട്ടുകാരെ ഇളക്കാൻ എന്തും വിളിച്ചുപറയുന്ന മതനേതാക്കന്മാർ. ചരിത്രബോധം തീരെയില്ലാത്തതുകൊണ്ടാണോ അതോ എതിരെ നിൽക്കുന്നവരെയെല്ലാം വെടിവച്ച് കൊല്ലുമെന്ന് ഉദ്ദേശിച്ചുകൊണ്ടാണോ എന്നറിയില്ല, വേണ്ടി വന്നാൽ ജാലിയൻ വാലാബാഗ് സൃഷ്ടിക്കുമെന്നുള്ള ഭീഷണിയും ഇതൊടൊപ്പം മുഴക്കി. മേഖലാ- ജില്ലാ ഹർത്താലുകൾ. സിപിഐ(എം) നയിക്കുന്ന എൽഡിഎഫ് തുടർന്ന് സംസ്ഥാന ഹർത്താലിന് ആഹ്വാനം ചെയ്തു. ഇടത് – വലത് ചേരിയിൽ നിൽക്കുന്ന രാഷ്ട്രീയ കക്ഷികളെല്ലാം കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരായ സംഘടിത പ്രവർത്തനത്തിനൊപ്പം നിലകൊണ്ടു. ഇടുക്കിയിൽ പത്രക്കെട്ട് കത്തിക്കുക, ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെടുന്നവരെ ആക്രമിക്കുക തുടങ്ങിയ നടപടികളിലേക്ക് 'സമരം' വളർന്നിരിക്കുകയാണ്. ഒടുവിൽ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പോസ്റ്റർ പ്രചാരണം നടത്തുകയായിരുന്ന എസ്.യു.സി.ഐ ജില്ലാ സെക്രട്ടറി എൻ.വിനോദ്കുമാറിനെയും ലോക്കൽ കമ്മിറ്റിയംഗം ജിമ്മി ജോണിനെയും കഞ്ഞിക്കുഴി ടൗണിൽ വച്ച് മർദ്ദിക്കുകയും ബൈക്ക് മറിച്ചിട്ട് അപായപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അങ്ങനെ വനംകൊള്ളക്കാർക്കും ഭൂമികൈയ്യേറ്റക്കാർക്കും വേണ്ടിയുള്ള സംഘടിത പ്രവർത്തനങ്ങൾ മുന്നേറുകയാണ്.

സമീപകാലത്ത് കേരളം ദർശിച്ച രണ്ട് 'സമരങ്ങൾ' സംഘടിപ്പിക്കപ്പെട്ട രീതിയുടെ ഒരു ലഘുവിശദീകരണമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. രണ്ട് സമരവും മുതലാളിമാർ സ്പോൺസർ ചെയ്ത് നടത്തിയ സമരമായിരുന്നു. സേവ് സി.എം.ആർ.എൽ എന്ന ആവശ്യം ഉയർത്തിക്കൊണ്ട് നടന്ന സെക്രട്ടേറിയറ്റ് മാർച്ച് സമരം, ആ വ്യവസായശാലയുടെ ഉടമയായ ശശിധരൻ കർത്ത നേരിട്ട് സംഘടിപ്പിച്ച ഒന്നായിരുന്നു. അതിന്റെ സംഘാടനത്തിന്റെ മുഴുവൻ ചെലവും താനാണ് വഹിച്ചത് എന്ന് അദ്ദേഹം അഹന്തയോടെ പരസ്യമാക്കിയപ്പോൾ, അഭിമാനകരമായ ചരിത്രമുള്ള കേരളത്തിന്റെ സംഘടിതതൊഴിലാളി പ്രസ്ഥാനം അപമാനംകൊണ്ട് ശിരസ്സ് താഴ്ത്തി നിന്നു. അതിൽ പങ്കെടുത്ത ഒരു യൂണിയനും അതിനെ ചോദ്യം ചെയ്യുകയോ നിഷേധിക്കുകയോ ചെയ്തില്ല! അങ്ങിനെ മുതലാളി വാടകയ്ക്ക് എടുത്ത ബസ്സിലെത്തി, അയാൾ തുന്നിക്കൊടുത്ത ചെങ്കൊടിയും പിടിച്ച്, അയാൾ വാങ്ങി നൽകിയ ബിരിയാണിയും കഴിച്ച്, മുതലാളി എഴുതിക്കൊടുത്ത മുദ്രാവാക്യവും വിളിച്ച് കരിമണൽഖനനം നടത്താൻ ശശിധരൻ കർത്തായെ അനുവദിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. എത്ര സുന്ദരസുരഭിലമായ ഇടതുപക്ഷ കേരളം!

കരിമണൽഖനനം സ്വകാര്യമേഖലയിലും പൊതുമേഖലയിലും പാടില്ല എന്ന നിലപാട് ആലപ്പുഴയിൽ നടന്ന കരിമണൽഖനന വിരുദ്ധ സമരത്തെത്തുടർന്ന് ഭരണതലത്തിൽ കൈക്കൊണ്ട തീരുമാനമായിരുന്നു. കേരളീയ സമൂഹത്തിന്റെ മനഃസാക്ഷിയും മാധ്യമങ്ങളും അംഗീകരിച്ച നിലപാടായിരുന്നു അത്. ഈ നിലപാട് തള്ളിക്കളഞ്ഞുകൊണ്ട് സ്വകാര്യമേഖലയിൽ കരിമണൽ ഖനനാനുമതി നേടിയെടുക്കുന്നതിനുവേണ്ടി 'സി.എം.ആർ.എല്ലിനെ രക്ഷിക്കുക'എന്ന ഡിമാന്റുയർത്തിക്കൊണ്ട് ശശിധരൻ കർത്തായെന്ന മുതലാളിക്കുവേണ്ടി പരസ്യമായി നിലകൊള്ളാൻ, വലതുപക്ഷ യൂണിയനുകളുടെ കാര്യം പോകട്ടെ, ഇടതുപക്ഷ യൂണിയനുകൾക്ക് ധൈര്യം വന്നു എന്നത് ഈ പ്രസ്ഥാനങ്ങൾ എത്തിച്ചേർന്നിരിക്കുന്ന അപചയത്തിന്റെ ആഴത്തെയാണ് വെളിവാക്കുന്നത്. മുൻകാലങ്ങളിലും ഇവർ മുതലാളിമാർക്കുവേണ്ടി നിലകൊണ്ടിട്ടുണ്ടെങ്കിലും ഒരു മുതലാളി തുന്നിക്കൊടുത്ത കൊടിയും പിടിച്ച്, അയാൾ എഴുതിക്കൊടുത്ത മുദ്രാവാക്യവും വിളിച്ച് അയാൾക്കുവേണ്ടി വിടുപണി ചെയ്യുന്ന നടപടി ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു പക്ഷേ ആദ്യമായിരിക്കാം. മുതലാളിത്തം ആത്മാഭിമാനത്തെപ്പോലും വിനിമയമൂല്യമാക്കി അധഃപതിപ്പിക്കും എന്നു കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പറയുന്നുണ്ട്. എന്നാൽ തൊഴിലാളി യൂണിയനുകളുടെ കാര്യത്തിൽ തന്നെ ഇതു സംഭവിക്കുമെന്ന് തൊഴിലാളിവർഗ്ഗ ആചാര്യന്മാർ സങ്കൽപ്പിച്ചിട്ടുണ്ടാവില്ല. സംഘടിതപ്രസ്ഥാനങ്ങൾ മുതലാളിമാരുടെ ആവശ്യങ്ങൾ – അത് നൂറുശതമാനവും സാമൂഹ്യവിരുദ്ധമായിരിക്കുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല – നിറവേറ്റിയെടുക്കാൻ ശിരസ്സുകുനിച്ചുകൊടുക്കുകയെന്നത് എത്രമേൽ അപമാനകരമാണ്. തൊഴിലാളികൾക്കും തൊഴിൽ സമരങ്ങൾക്കും കനത്ത ആഘാതമാണ് ഇത് സൃഷ്ടിക്കുന്നത്.

ഇതേ കാര്യങ്ങളുടെ ആവർത്തനമാണ് കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരെ നടന്നുകൊണ്ടിരിക്കുന്ന സംഘടിത പ്രവർത്തനങ്ങളിലും കാണാൻ കഴിയുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട് എന്നന്നേക്കുമായി കുഴിച്ചുമൂടാൻ വേണ്ടിയുള്ള ആസൂത്രിത പ്രവർത്തനമാണ് ഇപ്പോൾ മലയോര മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടിയുള്ള ആത്മാർത്ഥമായ ഏതൊരു നടപടിയും ഈ മേഖലയിലെ വനംകൊള്ളക്കാരുടെയും ഭൂമികൈയ്യേറ്റക്കാരുടെയും ക്വാറി-ഖനി മുതലാളിമാരുടെയും താൽപ്പര്യത്തെ ഹനിക്കുമെന്നത് നഗ്നമായ പരമാർത്ഥമാണ്. അപ്പോൾ സ്വാഭാവികമായും ഈ നീക്കത്തെ എന്തുവില നൽകിയും ചെറുക്കുക എന്നത് ഈ ശക്തികളുടെ ആവശ്യമാണ്. ഹൈറേഞ്ച് സംരക്ഷണ സമിതി എന്ന ബാനറിൻ കീഴിൽ നടക്കുന്ന സംഘടിത പ്രവർത്തനം ഈ ശക്തികളുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ്. മലയോരമേഖലയിൽ ജീവിക്കാനുള്ള തങ്ങളുടെ അവകാശം സംരക്ഷിക്കാനുള്ള പ്രവർത്തനമാണതെന്ന് ബഹുഭൂരിപക്ഷം കർഷകരും കരുതുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ യഥാർത്ഥത്തിൽ അത് വനംകൊള്ളക്കാരുടെയും ഭൂമികൈയ്യേറ്റക്കാരുടെയും ക്വാറി-ഖനി മുതലാളിമാരുടെയും റിസോർട്ട് – ടൂറിസ്റ്റ് മാഫിയായുടെയും വളരെ സങ്കുചിതമായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രസ്ഥാനമാണ്. അതിൽ അണിനിരക്കുന്ന സാധാരണക്കാരായ കർഷകർ കബളിപ്പിക്കപ്പെടുകയാണ്. സംസ്ഥാന ഹർത്താൽ പ്രഖ്യാപിച്ചുകൊണ്ടും ഹൈറേഞ്ച് സംരക്ഷണ സമിതി നടത്തുന്ന പ്രതിഷേധപ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുത്തും ഇത്ത

(ശേഷം പേജ് 3-ൽ)

# വർഗ്ഗീയതയെ ചെറുക്കാൻ പ്രബുദ്ധമായ ജനാധിപത്യസമരം വളർത്തിയെടുക്കുക

(പേജ് 1-ൽ നിന്ന് തുടർച്ച)

മതത്തോടുള്ള ആദരവോ ആരാധനയോ കൊണ്ടല്ല. മറിച്ച്, ഒരു 'ഹിന്ദു വോട്ട്ബാങ്ക്' സൃഷ്ടിക്കാനുള്ള കുടിലമായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടായിരുന്നു. ചൈതന്യൻ, രാമകൃഷ്ണ പരമഹംസർ, വിവേകാനന്ദൻ തുടങ്ങിയ പരമാദരണീയരായ ഹിന്ദുമതാചാര്യന്മാരൊക്കെ ഇതര മതങ്ങളോട് ആദരവും സഹിഷ്ണുതയും പുലർത്തിയവരായിരുന്നു. അവരാരും ശ്രീരാമന്റെ ജന്മസ്ഥാനം തേടിയിറങ്ങിയിട്ടില്ല. കവിമനസ്സിലാണ് ശ്രീരാമന്റെ ജന്മസ്ഥാനമെന്ന് മഹാകവി രവീന്ദ്രനാഥ ടാഗോർ ഒരു കവിതയിൽ പരാമർശിച്ചതോർക്കുക. ചരിത്രപ്രധാനമായ ബാബ്റി മസ്ജിദ് തകർക്കുന്നതിനെപ്പറ്റി ദുസ്വപ്നങ്ങളിൽപ്പോലും അവർ ദർശിച്ചിട്ടുണ്ടാവില്ല.

ബി.ജെ.പി അധാർമ്മികമായ അധികാരദുര മൂലം ഹിന്ദുവോട്ടുബാങ്ക് സൃഷ്ടിക്കുകയെന്ന ലാക്കോടെ അയോദ്ധ്യയിൽ രാമക്ഷേത്രം നിർമ്മിക്കാനുള്ള ദൗത്യം ഉറക്കെ പ്രഖ്യാപിച്ചു. രാജ്യം ചുറ്റിയുള്ള ഒരു രഥയാത്ര ഏർപ്പാടാക്കി. രഥയാത്രയുടെ മാർഗ്ഗത്തിലുടനീളം വിവിധ സംസ്ഥാനങ്ങളിൽ ബീഭത്സമായ വർഗ്ഗീയ കലാപങ്ങൾ അരങ്ങേറി. ആയിരക്കണക്കിന് കുഞ്ഞുങ്ങൾ അനാഥരായി. സ്ത്രീകൾ ആയിരങ്ങളായി ബലാൽസംഗത്തിനും കൊലയ്ക്കുമിരയായി. ന്യൂനപക്ഷവിരുദ്ധ കൂട്ടക്കൊലകളും ബലാൽസംഗങ്ങളും വസ്തുവകകൾ നശിപ്പിക്കലും ഗുജറാത്തിൽ ഏതാനും വർഷങ്ങൾക്കുമുമ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഹിന്ദുത്വ മതവെറിയന്മാരുടെ ഈ കാടത്തങ്ങളും ക്രൂരതകളും ഉന്മാദവുമെല്ലാം ഹിറ്റ്ലറുടെ കീഴിലെ ഫാസിസ്റ്റ് ജർമ്മനിയിലെ നാസികളുടെ കൊടുംകൃത്യങ്ങളുമായി മാത്രമേ താരതമ്യം ചെയ്യാനാകൂ. ജനാധിപത്യത്തിന്റെയും സംസ്കൃതിയുടെയും കടുത്ത ശത്രുക്കളാണിവരെല്ലാം.

മതേതരവാദികൾ എന്ന് സി.പി.ഐ(എം) നേതാക്കൾ സാക്ഷ്യപത്രം നൽകിയിരിക്കുന്ന കോൺഗ്രസ്സും ഇതിൽക്കുറഞ്ഞ കുറ്റമൊന്നുമല്ല ചെയ്തിട്ടുള്ളത്. കോൺഗ്രസ്സും നീണ്ട കാലംകൊണ്ട് വിവിധ സംസ്ഥാനങ്ങളിൽ വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിക്കുകയും അതിനുശേഷം ഇരകളായ ന്യൂനപക്ഷങ്ങളുടെ രക്ഷകരെന്ന് ഭാവിച്ചുകൊണ്ട് അവരെ 'വോട്ട്ബാങ്കാ'യി ഉപയോഗിക്കുകയും ചെയ്തുവരികയാണ്. മതവൈരങ്ങളെ ഇളക്കിവിടാനായി ബാബ്റി മസ്ജിദിന്റെ പൂട്ടുപൊളിക്കുകയും പൂജയും രാമശിലായജ്ഞവും ഏർപ്പാടാക്കുകയും ചെയ്തത് കോൺഗ്രസ്സ് ആയിരുന്നു. പിന്നീട് ഈ വൈരങ്ങളെ കൂടുതൽ ആളിക്കത്തിക്കുന്ന കാര്യത്തിൽ ബി.ജെ.പി, കോൺഗ്രസ്സിനെ കടത്തിവെട്ടി. 1984 -ൽ ഡൽഹിയിൽ കോൺഗ്രസ്സ് സിഖ് വിരുദ്ധ കലാപം സംഘടിപ്പിച്ചു. അവരുടെ ഭരണകാലത്തുതന്നെ ദളിതരും ആദിവാസികളും കിരാതമായ ആക്രമണങ്ങൾക്കും മൃഗീയമായ പീഡനങ്ങൾക്കും വിധേയരായിട്ടുണ്ട്.

തെരഞ്ഞെടുപ്പിൽ ബി.ജെ.പിയെ എതിർക്കുന്നതുകൊണ്ടുമാത്രം മതേതരത്വത്തെ മുറുകെപ്പിടിക്കുന്നു എന്ന് അർത്ഥമാകുന്നില്ലെന്ന് മനസ്സിലാക്കണം. മതേതരത്വത്തിന്റെ അർത്ഥം രാഷ്ട്രീയം, സമ്പദ്വ്യവസ്ഥ, നീതിന്യായസംവിധാനം, ഭരണസംവിധാനം തുടങ്ങിയവ എല്ലാവിധ മതസ്വാധീനങ്ങളിൽനിന്നും മുക്തമാകുക എന്നതും, ജനാധിപത്യ-മാനവിക മൂല്യങ്ങളാലും വീക്ഷണങ്ങളാലും നയിക്കപ്പെടുക എന്നതുമാണ്. ഒരു യഥാർത്ഥ മതേതര രാഷ്ട്രം ഒരു മതത്തെയും നിരുത്സാഹപ്പെടുത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യില്ല. മതം വിശ്വാസികളുടെ സ്വകാര്യവിഷയമാണ്. ജന്മിത്തത്തെ തൂത്തെറിഞ്ഞുകൊണ്ട് ബൂർഷ്വാ ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിയിലേക്ക് നയിച്ച നവോത്ഥാന കാലത്ത് യൂറോപ്പിൽ ഉദയംചെയ്തതാണ് മതേതരത്വം എന്ന ആശയം. പക്ഷെ, മുതലാളിത്തം സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിലെത്തിച്ചേരുകയും തീർത്തും പിന്തിരിപ്പനായി മാറിക്കഴിയുകയും ചെയ്തപ്പോൾ, മുതലാളിവർഗ്ഗത്തിന് പുരോഗമന സ്വഭാവം നഷ്ടപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത്, കോൺഗ്രസ്സിലെ വലതുപക്ഷ ബൂർഷ്വാ നേതൃത്വം തൊഴിലാളിവർഗ്ഗ വിപ്ലവത്തെപ്പറ്റി ഭീതി പൂണ്ടിരിക്കുകയായിരുന്നു. തന്മൂലം അവർ, ഭഗത്സിംഗും സുഭാഷ്ചന്ദ്ര ബോസും മറ്റ് വിപ്ലവകാരികളും മുന്നോട്ടുവച്ച സന്ധിയില്ലാത്ത വീറുറ്റ സാമ്രാജ്യത്വവിരുദ്ധ സായുധസമരത്തിന്റെ മാർഗ്ഗത്തെ എതിർക്കുകയും രാഷ്ട്രീയ രംഗത്ത് ബൂർഷ്വാ പരിഷ്ക്കരണവാദം അനുവർത്തിക്കുകയും ചെയ്തു. അതുപോലെ, സാംസ്കാരിക മണ്ഡലത്തിൽ, കാലഹരണപ്പെട്ട പഴഞ്ചൻ ജന്മിത്ത വിശ്വാസപ്രമാണങ്ങളുമായും മതപരമായ കടുംപിടുത്തങ്ങളുമായും സന്ധിചെയ്തു. റാംമോഹൻ റായിയും വിദ്യാസാഗറും ഉയർത്തിക്കാട്ടിയ നവോത്ഥാനത്തിന്റെ പാത അവർ ഉപേക്ഷിച്ചു. മതസ്വാധീനങ്ങളിൽനിന്ന് മുക്തമായ യഥാർത്ഥ മതേതരത്വം പിന്തുടരണമെന്ന ശരത്ചന്ദ്ര ചാറ്റർജിയുടെയും സുഭാഷ്ചന്ദ്ര ബോസിന്റെയും നസ്രുൾ ഇസ്ലാമിന്റെയും ഭഗത്സിംഗിന്റെയും ആവർത്തിച്ചുള്ള അഭ്യർത്ഥനകളെ തള്ളിക്കളഞ്ഞുകൊണ്ട്, എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടതെന്ന് പറഞ്ഞ കോൺഗ്രസ്സിന്റെ നേതൃത്വം വാസ്തവത്തിൽ ഉയർന്ന ജാതിയിൽപ്പെട്ട ഹിന്ദുക്കളുടെ ആധിപത്യത്തിലായിരുന്നു. അതിനാൽ മുസ്ലീം ജനതയുടെ വലിയൊരു ഭാഗം മാത്രമല്ല, ദളിത്-ആദിവാസി വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷവും സ്വാതന്ത്ര്യസമരത്തിന്റെ സ്വാധീന വലയത്തിൽനിന്ന് അകന്നുനിന്നു. ഈ സാഹചര്യത്തെ പൂർണ്ണമായി മുതലെടുത്തുകൊണ്ട് വിദേശഭരണാധികാരികൾ ഭിന്നിപ്പിച്ചു ഭരിക്കുക യെന്ന നയം കൈക്കൊള്ളുകയും ജനങ്ങളുടെ ഐക്യത്തിന് വിള്ളലുണ്ടാക്കുകയും ഒടുവിൽ രാജ്യത്തെത്തന്നെ വിഭജിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ഇന്നും നമ്മൾ അതിന്റെ വില നൽകിക്കൊണ്ടിരിക്കുകയാണ്.

മറുവശത്ത്, അവിഭജിത സി.പി.ഐ (അത് പിളർന്നുണ്ടായ സി.പി.ഐയും സി.പി.ഐ(എം)-ഉം, ഒരു കാലത്തും ശരിയായ മതേതര ധാരണകളുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യയശാസ്ത്ര-സാംസ്കാരിക സമരം കെട്ടഴിച്ചുവിടുകയുണ്ടായില്ല. പകരം, വീണ്ടും വീണ്ടും അവർ മതത്തെ അവസരവാദപരമായ താൽക്കാലിക നേട്ടങ്ങൾക്കായി ഉപയോഗപ്പെടുത്തുകയാണ്. ദ്വിരാഷ്ട്ര വാദത്തെ അനുകൂലിച്ചുകൊണ്ട് അവർ രാജ്യത്തിന്റെ വിഭജനത്തെപ്പോലും പിന്തുണച്ചു. സമാനമായി ഇപ്പോൾപ്പോലും മതേതരത്വത്തിന്റെ പേര് പറഞ്ഞ് സങ്കുചിതമായ തെരഞ്ഞെടുപ്പുതാൽപ്പര്യങ്ങൾക്കായി അവർ കോൺഗ്രസ്സുമായി രഹസ്യധാരണയിൽ ഏർപ്പെടുകയാണ്. കോൺഗ്രസ്സിന്റെ സ്വേച്ഛാധിപത്യത്തെ ചെറുക്കാനെന്ന പേരിൽ ജനസംഘത്തിന്റെയും ആർ.എസ്സ്.എസ്സിന്റെയും ഭരണകൂട്ടുകെട്ടിനെ 1979-ലും ബി.ജെ.പിയുടെ മുന്നണിയെ 1989 -ലും പിന്തുണച്ചതുപോലെ, പ്രാദേശിക-ജാതീയ പാർട്ടികളുമായി അവസരവാദപരമായ കൂട്ടുകെട്ടുകളിൽ ഏർപ്പെടുകയുമാണ്. ഇത് ഇടതുപക്ഷരാഷ്ട്രീയത്തെ കളങ്കപ്പെടുത്തുന്ന ഹീനമായ അവസരവാദമല്ലാതെ മറ്റൊന്നുമല്ല.

അതേസമയം, ബൂർഷ്വാപാർട്ടികളായ കോൺഗ്രസ്സിനും ബി.ജെ.പിക്കും പിന്തുണയും സാമ്പത്തിക സഹായവും നൽകുന്നത് ഭരണമുതലാളിവർഗ്ഗമാണെന്ന കാര്യം അറിഞ്ഞിരിക്കണം. ഭരണവർഗ്ഗം അവരെ അധികാരത്തിലേറ്റുകയും തങ്ങളുടെ ഉത്തരവുകൾ അനുസരിപ്പിക്കുകയും ചെയ്യും.

(ശേഷം പേജ് 15-ൽ)

**ഡിസംബർ 30**

## വനിതകളുടെയും വിദ്യാർത്ഥികളുടെയും യുവാക്കളുടെയും

# പാർലമെന്റ് മാർച്ച്

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുക, മദ്യത്തിന്റെ കുത്തൊഴുക്ക് തടയുക, അശ്ലീലതയുടെ വ്യാപനം തടയുക, ഡിസംബർ 29 ജനകീയ കൺവൻഷൻ. മാവ്ലംഗർ ഹാൾ, ന്യൂഡൽഹി.**

**ജസ്റ്റിസ് എം.എൻ.വെങ്കടചെല്ലയ്യ, ജസ്റ്റിസ് രവീന്ദ്ര സച്ചാർ, ജസ്റ്റിസ് ബി.എൻ.ശ്രീകൃഷ്ണ, സുരേഷ് ഹോസ്ബെറ്റ്, ശ്രീമതി ഛായാമുഖർജി, ഡോ.ബി.ആർ.മഞ്ജുനാഥ്, ഡോ.എച്ച്.ജി.ജയലക്ഷ്മി എന്നിവർ പങ്കെടുക്കുന്നു.**

2012 ഡിസംബർ 16 ന് ന്യൂഡൽഹിയിൽ 23 വയസ്സുകാരിയായ ദാമിനി എന്ന പാരാമെഡിക്കൽ വിദ്യാർത്ഥിനിക്ക് നേരെ ക്രൂരമായ അതിക്രമം നടക്കുകയും തുടർന്ന് രണ്ടാഴ്ച നീണ്ടുനിന്ന നരകയാതനയ്ക്കൊടുവിൽ ഡിസംബർ 29 ന് ആ പെൺകുട്ടി മരണത്തിന് കീഴടങ്ങുകയും ചെയ്തിട്ട് ഒരു വർഷം തികയുകയാണ്. രാജ്യത്തെ നടുക്കിയ ഈ അതിക്രമത്തെത്തുടർന്ന് ഇന്ത്യയിൽ മാത്രമല്ല, ലോകത്ത് നിരവധി രാജ്യങ്ങളിൽ ഇതിനെതിരെ പ്രതിഷേധം ഇരമ്പി. ഈ സംഭവത്തിന് മുമ്പും പിമ്പും സമാനമായ അനേകം സംഭവങ്ങൾ നമ്മുടെ രാജ്യത്ത് അരങ്ങേറിയിട്ടുണ്ട്. ഇപ്പോഴും തുടരുന്നുമുണ്ട്. പക്ഷേ ഡൽഹി സംഭവം ഇതിൽ നിന്ന് വേറിട്ട് നിൽക്കുന്നത് പൊതുവേ ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ സമൂഹം പുലർത്തുന്ന നിസംഗത വെടിഞ്ഞുകൊണ്ട് പ്രതിഷേധത്തിന്റെ ഒരു കൊടുങ്കാറ്റ് തന്നെ ഉയർന്നുവന്നു എന്നതിലാണ്. തീർച്ചയായും ഈ പ്രതിഷേധം നിർഭയ എന്ന് ലോകം വിളിച്ച ഡൽഹി പെൺകുട്ടിക്ക് വേണ്ടി മാത്രമായിരുന്നില്ല. ഓരോ ദിവസവും പിച്ചിച്ചീന്തപ്പെടുന്ന ഇന്ത്യയിലെ പെൺകുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു. ഇനിയും ഒരു സ്ത്രീയും ആക്രമിക്കപ്പെടാൻ അനുവദിച്ചുകൂടാ എന്നതായിരുന്നു പ്രതിഷേധത്തിൽ ഉയർന്ന മുദ്രാവാക്യം. ഡൽഹി പെൺകുട്ടി നിരന്തരം പീഡിപ്പിക്കപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ ഒരു പ്രതീകമായി മാറുകയായിരുന്നു. ആരെയാണോ ഭരണാധികാരികൾ മദ്യവും മയക്കുമരുന്നും അശ്ലീലതയും പ്രചരിപ്പിച്ച് ഇച്ഛാശക്തിയും കർമ്മശേഷിയും തകർക്കുവാൻ ശ്രമിച്ചത് അതേ ഇന്ത്യൻ യുവജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ സൂചന കൂടിയായിരുന്നു അത്.

തലസ്ഥാന നഗരിയുടെ പ്രധാനവീഥികളിൽ, പാർലമെന്റ് സ്ട്രീറ്റിൽ അടക്കം ആയിരക്കണക്കിന് പ്രതിഷേധക്കാർ ഒഴുകിയെത്തി. ഡിസംബർ മാസത്തിലെ കൊടും തണുപ്പിൽ ഡൽഹിയിലെ തെരുവുകളിൽ രാപ്പകൽ ഭേദമില്ലാതെ അവർ ഒത്തുചേർന്നു. ഭരണാധികാരികൾ അക്ഷരാർത്ഥത്തിൽ ഭയചകിതരായി. നൂറുകണക്കിന് ജലപീരങ്കികളും ആയുധസന്നാഹങ്ങളുമായി കേന്ദ്ര പോലീസ് സേനയും അർദ്ധസൈനികരും സമരക്കാരെ നേരിടാനെത്തി. നൂറ്റിനാൽപ്പത്തി നാല് പ്രഖ്യാപിച്ചും മെട്രോ റെയിൽ സ്റ്റേഷനുകൾ അടച്ചിട്ടും പ്രതിഷേധക്കാരുടെ പ്രവാഹത്തെ തടയാൻ ശ്രമിച്ചു. സമരക്കാരുടെ നേരെ ക്രൂരമായ അതിക്രമം അഴിച്ചുവിട്ടു. എല്ലാം അതിജീവിച്ച് ഭരണസിരാകേന്ദ്രം സ്തംഭിപ്പിക്കുംവിധം സമരം ആഴ്ചകളോളം തുടർന്നു. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും പ്രതിഷേധം ഉയർന്നുവന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും വിദ്യാർത്ഥി, യുവജന, വനിതാസംഘടനകളായ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് എന്നീ സംഘടനകളും പ്രതിഷേധങ്ങളുടെ മുൻനിരയിൽ സജീവമായി നിലകൊണ്ടു. ഈ സംഘടനകളുടെ നേതൃത്വത്തിൽ എല്ലാ സംസ്ഥാനങ്ങളിലും ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു.

ജനങ്ങളുടെ ഈ അതിശക്തമായ പ്രതിഷേധത്തിന് മുന്നിൽ ചില അടിയന്തിര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർബന്ധിതമായിത്തീർന്നു. അതിവേഗ അന്വേഷണവും വിചാരണയും കുറ്റവാളികൾക്ക് കർശന ശിക്ഷയും എന്ന സമരത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് അതിവേഗം അന്വേഷണം പൂർത്തിയാക്കിയ പോലീസ് രണ്ടാഴ്ചക്കുള്ളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു. ബലാൽസംഗ ക്കേസ്സുകൾ അതിവേഗ വിചാരണ നടത്തുന്നതിനായി ഡൽഹിയിൽ അഞ്ച് അതിവേഗ കോടതികൾ സ്ഥാപിച്ചു. സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ജെ.എസ്.വർമ്മ അദ്ധ്യക്ഷനായി മൂന്നംഗ കമ്മീഷനെ സർക്കാർ നിയമിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ നിർദ്ദേശങ്ങൾ, നിയമഭേദഗതികൾ അടക്കം, നിർദ്ദേശിക്കുക എന്നതായിരുന്നു കമ്മീഷന്റെ വിഷയം. വിവിധ സംസ്ഥാന സർക്കാരുകളും സ്ത്രീപീഡനം തടയാൻ ചില പുതിയ നടപടികൾ സ്വീകരിക്കാൻ തയ്യാറായി. ജനങ്ങളുടെ പ്രതിഷേധത്തിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളായിരുന്നു ഇവയൊക്കെ. പക്ഷേ സമരത്തിന്റെ ചൂട് കെട്ടടങ്ങിയപ്പോഴേക്കും കാര്യങ്ങൾ പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകുന്നതാണ് നാം കാണുന്നത്. ഡൽഹിയിൽ അമ്പതുവയസ്സുകാരിയെ ക്രൂരമായ ബലാത്സംഗത്തിനിരയാക്കിയതും മുംബൈയിൽ മാധ്യമപ്രവർത്തകയ്ക്ക് നേരെ നടന്ന അതിക്രമം, ഝാർഖണ്ഡിൽ വനിതാ പോലീസിന് നേരെയും മണിപ്പാലിൽ മെഡിക്കൽ കോളേജ് വിദ്യാർത്ഥിനിക്കുനേരെയും നടന്ന അതിക്രമങ്ങൾ ഇങ്ങനെ ഓരോ ദിവസവും പുതിയ സംഭവങ്ങൾ ആവർത്തിക്കുന്നു.

ദേശീയ ക്രൈം റെക്കാർഡ് ബ്യൂറോ (എൻസിആർബി)യുടെ കണക്കനുസരിച്ച് 2012 ൽ 8541 കുട്ടികളും 24923 മുതിർന്ന സ്ത്രീകളും ബലാത്സംഗത്തിനിരയായിട്ടുണ്ട്. സംഭവിക്കുന്നതിന്റെ ചെറിയൊരംശം മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂ എന്നതിനാൽ യഥാർത്ഥ സംഖ്യ എത്ര വലിയതായിരിക്കും എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. എൻ.സി.ആർ.ബിയുടെ കണക്കനുസരിച്ച് 2,44,270 കേസുകൾ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ നാല് വർഷത്തിനകം ഇരട്ടിയിലേറെയായിരിക്കുന്നു.

2012 ൽ ആകെ അതിക്രമങ്ങളിൽ മുൻവർഷത്തെക്കാൾ 65% വർദ്ധനവുണ്ടായിരിക്കുന്നു. സ്ത്രീകളെയും കുട്ടികളെയും തട്ടിക്കൊണ്ട് പോകുന്നതിൽ 7.5% വർദ്ധനവ്, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ 15.33% വർദ്ധനവ്, കുട്ടികളുടെ കൊലപാതകം ബലാത്സംഗം എന്നിവയിൽ യഥാക്രമം 13%, 55% വർദ്ധനവ്, സൈബർ കുറ്റകൃത്യങ്ങളിൽ 57.11 ശതമാനം വർദ്ധനവ്, ഗാർഹിക പീഡനങ്ങളും മറ്റതിക്രമങ്ങളും എല്ലാം ചേർത്ത് വായിച്ചാൽ വളരെ ഭയാനകമായ ഒരു ചിത്രമായിരിക്കും മുന്നിൽ തെളിയുന്നത്.

വളരെ ഗൗരവത്തോടുകൂടി ഈ സ്ഥിതിവിശേഷത്തെ നാം കാണേണ്ടതുണ്ട്. ഇത്തരമൊരു സ്ഥിതിവിശേഷം എന്തുകൊണ്ടുണ്ടായി? പിഞ്ചുകുഞ്ഞുങ്ങൾ മുതൽ മുത്തശ്ശിമാർ വരെ സ്ത്രീശരീരം ഒരു ഉപഭോഗവസ്തുവാകുന്നതും തെരുവിൽ പിച്ചിച്ചീന്തപ്പെടുന്നതും എന്തുകൊണ്ട്? കൗമാരം വിടാത്ത കുട്ടികൾ പോലും ഇത്തരം കുറ്റകൃത്യങ്ങളിൽ പ്രതികളായി മാറുന്നതെന്തുകൊണ്ട്? നമ്മുടെ സമൂഹത്തെ ഏറെ അലട്ടുന്ന ഒരു ചോദ്യമാണിത്. ഇത്തരമൊരു സാഹചര്യം സ്വാഭാവികമായി വന്നുഭവിച്ചതല്ല. നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുടെ അനിവാര്യസൃഷ്ടിയാണിതെന്ന് നാം മനസ്സിലാക്കണം. സ്ത്രീകൾക്കും കുട്ടികൾക്കും

(ശേഷം പേജ് 4-ൽ)




സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 26 ന് കോഴിക്കോട് നടന്ന പ്രകടനം

# സ്പോൺസർ ചെയ്യപ്പെടുന്ന സമരാഭാസങ്ങൾ

(പേജ് 2-ൽ നിന്ന് തുടർച്ച)

രമൊരു പ്രതിലോമ സമരത്തിന്റെ സംഘാടകരായി മാറുകയാണ് സിപിഐ(എം)ഉം കൂട്ടരും. അതായത് വനംകൊള്ളക്കാർക്കും ഭൂമിതട്ടിപ്പുകാർക്കും വേണ്ടിയുള്ള സമരത്തിന്റെ പേരിൽ പരസ്യമായി ഞെളിയുകയാണ് ഇക്കൂട്ടർ.

ഇന്ന് ഈ സമരത്തിന്റെ ചാമ്പ്യൻമാരായി രംഗത്തുവന്നിരിക്കുന്ന സിപിഐ(എം)നും കേരളാ കോൺഗ്രസ്സിനും കോൺഗ്രസ്സിനും കർഷക താൽപ്പര്യസംരക്ഷണത്തിന്റെ എന്തു ചരിത്രമാണുള്ളത്? ഇക്കൂട്ടർ തന്നെയാണ് കഴിഞ്ഞ നാൽപ്പത് വർഷമായി പട്ടയം കൊടുക്കാമെന്ന വാഗ്ദാനം നൽകി പാവപ്പെട്ട കർഷകരെ വഞ്ചിച്ചുകൊണ്ടിരിക്കുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട് മൂലമാണോ നാൽപ്പത് വർഷമായി പട്ടയം നിഷേധിക്കപ്പെട്ടത്. അതേസമയം കർഷകർക്ക് പട്ടയം കൊടുക്കുന്നു എന്ന പ്രചാരണം നടത്തി വൻകിട കൈയേറ്റക്കാർക്കും ഭൂമിതട്ടിപ്പുകാർക്കും കൃത്രിമമായി പട്ടയം കൊടുക്കുകയാണെന്നും കർഷകർ മനസ്സിലാക്കണം. പാവപ്പെട്ട കർഷകർക്ക് അനുവദിക്കുന്ന ധനസഹായങ്ങളും വായ്പകളും കൃത്രിമരേഖകളിലൂടെയും അല്ലാതെയും ഈ വൻകിടക്കാർ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്ന വസ്തുത സാധാരണ കർഷകർ ഒരു നിമിഷനേരത്തേക്ക് പോലും വിസ്മരിക്കരുത്. കൂട്ടആത്മഹത്യയെത്തുടർന്നുണ്ടായ വായ്പ എഴുതിത്തള്ളലിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തി കോടികളാണ് ഇക്കൂട്ടർ കൈവശപ്പെടുത്തിയത്. അതേസമയം കർശനമായ ഉപാധികൾ മൂലം സാധാരണ കർഷകർ വായ്പ എഴുതിത്തള്ളലിന്റെ ആശ്വാസത്തിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്തു. വൻകിട ഏലം തോട്ട ഉടമകളും വിപണിരാജാക്കൻമാരും ഒത്തുകളിച്ച് ഏലത്തിന്റെ വിലയിടിച്ചപ്പോൾ അതിന്നിരയായത് ചെറുകിട കർഷകരായിരുന്നു എന്നത് സാധാരണ കർഷകർ സ്വാനുഭവം കൊണ്ട് മനസ്സിലാക്കിയ വസ്തുതകളാണ്. ഇതൊക്കെയാണ് മലയോരമേഖലയിൽ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങൾ. സ്വന്തം നിലനിൽപ്പ് സംരക്ഷിക്കാനാഗ്രഹിക്കുന്ന സാധാരണ - ചെറുകിട കർഷകർ വൻകിട കൈയേറ്റക്കാർക്കും ഭൂമിതട്ടിപ്പുകാർക്കും എതിരെ രംഗത്തുവരികയാണ് ചെയ്യേണ്ടത്. ഗാഡ്ഗിൽ റിപ്പോർട്ട് ആ ദൗത്യമാണ് നിർവ്വഹിക്കുന്നത്. അതുകൊണ്ടാണ് സാമൂഹ്യവിരുദ്ധ ശക്തികൾ ഈ റിപ്പോർട്ടിനെതിരെ ഉറഞ്ഞുതുള്ളുന്നത്. റിപ്പോർട്ടിനെതിരെയുള്ള പ്രചാരണത്തിൽ സാധാരണ കർഷകർ അകപ്പെട്ടുപോയാൽ, അത് നാമറിയാതെ നമ്മെ കരുവാക്കി മറ്റ് ചിലർ അവരുടെ ദുഷ്ടലക്ഷ്യങ്ങൾ നേടുന്നതിനാവും വഴിയൊരുക്കുകയെന്നു പാവപ്പെട്ട കർഷകർ മനസ്സിലാക്കണം.

ജനിതകമാറ്റം വരുത്തിയ വിത്തുകൾ പശ്ചിമഘട്ടമേഖലയിൽ പാടില്ല എന്ന നിർദ്ദേശം ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ട് വയ്ക്കുന്നത് നൂറ് ശതമാനവും കർഷകർക്കുവേണ്ടിയുള്ള പ്രഖ്യാപനമാണ്. വൻകിട സ്വകാര്യ കുത്തകകൾ ആഗോളവൽക്കരണത്തിന്റെ നയങ്ങളിലൂടെ, ജനിതക മാറ്റം വരുത്തിയ വിത്തുകളും അന്തകവിത്തുകളും രാജ്യമെങ്ങും വ്യാപിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിന് കനത്ത വില നൽകേണ്ടിവരുന്നത് നമ്മുടെ സാധാരണ കർഷകരായിരിക്കുമെന്നതാണ് വസ്തുത. ജനിതക മാറ്റം വരുത്തിയ പരുത്തി വിത്ത് ഉപയോഗിച്ച ആയിരക്കണക്കിന് കർഷകർ വിദർഭയിൽ കടം കയറി ജീവനൊടുക്കിയത് നാം വേദനയോടെ കണ്ടതാണ്. പ്രാണനുള്ളിടത്തോളം കാലം കർഷകർ അനുവദിക്കാൻ പാടില്ലാത്ത ഒന്നാണ് ജനിതക മാറ്റം വരുത്തിയ വിത്തുകൾ. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ശുപാർശയും അതാണ്. അത്തരമൊരു റിപ്പോർട്ടിനെതിരെ നിലകൊള്ളുന്നവർ യഥാർത്ഥത്തിൽ ആർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് സധാരണ കർഷകർ ചിന്തിക്കേണ്ടതുണ്ട്.

പശ്ചിമഘട്ട മേഖലയിലെന്നല്ല രാജ്യത്ത് ഒരിടത്തും പ്രത്യേക സാമ്പത്തിക മേഖലകൾ പാടില്ല എന്ന് മനുഷ്യസ്നേഹികളും സത്യസന്ധരായ തൊഴിലാളി പ്രവർത്തകരും ഒറ്റ സ്വരത്തിൽ ആവശ്യപ്പെടുന്ന സന്ദർഭമാണിത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക സാമ്പത്തിക മേഖലകളിലെ ഞെട്ടിപ്പിക്കുന്ന തൊഴിൽ ചൂഷണവും പ്രകൃതി വിഭവങ്ങളുടെ കൈയേറ്റവുമാണ് ഇത്തരമൊരു ഡിമാന്റ് ഉയർന്നുവരാൻ കാരണമായിട്ടുള്ളത്. സ്വകാര്യമൂലധന ശക്തികൾക്ക് പറുദീസയും തൊഴിലാളികൾക്ക് നരകവുമായിട്ടുള്ള പ്രത്യേക സാമ്പത്തിക മേഖലകൾ പാടില്ല എന്ന ഗാഡ്ഗിൽ ശുപാർശ ഇന്നാട്ടിലെ പാവപ്പെട്ട തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും ഏറ്റവും അനുകൂലമായ ഒന്നാണ്. പുതിയ ടൂറിസ്റ്റ് ഹിൽ സ്റ്റേഷനുകൾ സൃഷ്ടിക്കരുതെന്ന നിർദ്ദേശവും ഇതേ ഉള്ളടക്കമുള്ളതാണ്. അവയെ എതിർക്കുന്നവർ മുതലാളിമാരുടെ കൊടുംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നവരാണ്.

ഇപ്രകാരം ഓരോന്നായി പരിശോധിക്കുമ്പോൾ ഗാഡ്ഗിൽ റിപ്പോർട്ട് ഏറ്റവും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത്, എന്ത് നെറിവ്കേട് കാട്ടിയും പണം ഉണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള ഏതാനും സാമൂഹ്യവിരുദ്ധശക്തികൾക്ക് മാത്രമാണെന്ന് കണ്ടെത്താം. കർഷകർക്ക് വിനയാകുന്ന ഒരു ശുപാർശയും ഗാഡ്ഗിൽ റിപ്പോർട്ടിലില്ല എന്നതിനാൽ ഈ എതിർപ്പും ഉപരോധപ്രവർത്തനങ്ങളും സമരത്തിന്റെ മറയിലുള്ള ജനാധിപത്യധ്വംസനങ്ങളും ഫലത്തിൽ ആദ്യം പരാമർശിച്ച സാമൂഹ്യവിരുദ്ധ ശക്തികൾക്ക് വേണ്ടി മാത്രമുള്ളതാണെന്ന് വ്യക്തമായും മനസ്സിലാക്കാം. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രതിലോമകരമായിട്ടുള്ള നീക്കങ്ങളിൽ ഒന്നായ ഈ സമരത്തെ പിന്തുണയ്ക്കാൻ സിപിഐ (എം) ഉൾപ്പ

(ശേഷം പേജ് 10-ൽ)

# സാംസ്കാരിക മേഖലയിലെ കടന്നാക്രമണങ്ങൾക്കെതിരെ ശക്തമായ പ്രസ്ഥാനം ഇന്നത്തെ ആവശ്യം

(പേജ് 3–ൽ നിന്ന് തുടർച്ച)

എതിരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ എത്ര ശതമാനം യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെടുന്നു എന്ന് പരിശോധിച്ചാൽ കുറ്റകൃത്യങ്ങൾ വളരാൻ അനുകൂലമായ സാഹചര്യം എങ്ങനെ സൃഷ്ടിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ സൂര്യനെല്ലി, കിളിരൂർ, കവിയൂർ, പൂവരണി, കോഴിക്കോട് ഐസ്ക്രീം പാർലർ തുടങ്ങി കുപ്രസിദ്ധിയാർജ്ജിച്ചതും അല്ലാത്തതുമായ സ്ത്രീപീഡന പെൺവാണിഭ കേസുകളിൽ നൂറ് കണക്കിന് പ്രതികൾ ഉണ്ടെന്നിരിക്കെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനുള്ളിൽ ഇതിൽ ഒരാളെയും ശിക്ഷിക്കാൻ നമ്മുടെ നിയമസംവിധാനത്തിന് കഴിഞ്ഞിട്ടില്ല എന്ന വസ്തുത തന്നെ കാര്യങ്ങൾ സുവ്യക്തമാക്കുന്നു. സ്ത്രീപീഡന കേസുകളിൽ അന്വേഷണം, വിചാരണ തുടങ്ങിയ പ്രക്രിയകൾക്കുള്ള അസാധാരണമായ കാലതാമസം തന്നെ എപ്പോഴും ഇരകൾക്കെതിരായും പ്രതികൾക്കനുകൂലമായും മാറുന്നു. ഭരണ പ്രതിപക്ഷ കക്ഷികൾ തമ്മിൽ സമവായമുണ്ടാക്കി പ്രോസിക്യൂഷനെ സ്വാധീനിച്ചും കേസ് കൈകാര്യം ചെയ്യുന്നതിൽ ദുരുദ്ദേശപരമായ അലംഭാവം വെച്ചുപുലർത്തിയും തങ്ങൾക്ക് വേണ്ടപ്പെട്ടവരെ രക്ഷപ്പെടുത്താൻ ഭരണസംവിധാനം തയ്യാറാകുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നവർ വച്ചുപുലർത്തുന്ന പുരുഷമേധാവിത്വ മനോഭാവവും പീഡനത്തിനിരയാകുന്നവർക്ക് നീതി നിഷേധിക്കാൻ കാരണമാകുന്നു. പീഡനത്തിനിരയാകുന്നവർക്ക് പുരുഷ മേധാവിത്വപരമായ സാമൂഹ്യ ചുറ്റുപാടിൽ നേരിടേണ്ടി വരുന്ന മാനസിക സമ്മർദ്ദങ്ങളും പ്രതികൂല സാഹചര്യങ്ങളും കേസിൽ നിന്ന് സ്വയമേവ പിന്മാറാൻ അവരെ നിർബന്ധിതരാക്കുന്നു. നിയമം ഏതൊരാൾക്കും തുല്യമാണ് എന്ന ബൂർഷ്വാ കാഴ്ചപ്പാട് മറ്റ് മേഖലകളിലെല്ലാം എന്നതുപോലെ ഇവിടെയും വെറും പൊള്ളയായ വീമ്പുപറച്ചിലായി അവശേഷിക്കുകയും പ്രബലപക്ഷത്തിന്റെ സംരക്ഷണത്തിനായി നിലകൊള്ളുകയും ചെയ്യുന്നു. അഴിമതിയിൽ അടിമുടി മുങ്ങിയ മുതലാളിത്ത ഭരണസംവിധാനത്തിൽ സ്ത്രീകൾക്ക് സുരക്ഷ അസാധ്യമാണ്.

സാംസ്കാരികരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന കൊടിയ ജീർണ്ണത എല്ലാത്തരം കുറ്റകൃത്യങ്ങളും വളരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. കുട്ടികളെപ്പോലും കുറ്റവാളികളാക്കിമാറ്റുന്നു. മരണാസന്നമായ മുതലാളിത്തവ്യവസ്ഥിതി സൃഷ്ടിച്ചിരിക്കുന്ന സാംസ്കാരിക ലോപവും അത്യാർത്തിയും ലാഭേച്ഛയുമാണ് ഇത്തരമൊരവസ്ഥയിലേക്ക് സമൂഹത്തെ നയിച്ചത്. അശ്ലീലത ഇന്ന് ആഗോളമായി കോടിക്കണക്കിന് ഡോളർ വിനിമയം ചെയ്യപ്പെടുന്ന ഒരു വ്യവസായമായി മാറിയിരിക്കുന്നു. പ്രത്യേകിച്ചും സൈബർ സംവിധാനങ്ങൾ വഴി നടക്കുന്ന ലൈംഗികതയുടെ കച്ചവടം സങ്കൽപ്പിക്കാനാവാത്ത പ്രത്യാഘാതങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്നു. ഇന്ത്യ ഇതിന്റെ വലിയൊരു ഉപഭോക്തൃരാജ്യമാണ് എന്നത് ശ്രദ്ധേയമാണ്. ഇന്ത്യയിൽ ഏറ്റവും ജനപ്രിയമായി മാറിയിരിക്കുന്ന വെബ്സൈറ്റുകൾ അശ്ലീല വെബ്സൈറ്റുകളാണെന്ന് ചില പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയിലെ 150 ദശലക്ഷം ഇന്റർനെറ്റ് ഉപയോക്താക്കൾ ലോകത്തെ ഏറ്റവും അറിയപ്പെടുന്ന രണ്ടു അശ്ലീലവെബ്സൈറ്റുകളുടെ സന്ദർശകരാണത്രെ! ഇന്ത്യയിലെ മൊബൈൽ ഫോൺ ഉപഭോക്താക്കളിൽ അഞ്ചിലൊരാൾ എന്ന നിരക്കിൽ പ്രായപൂർത്തിയായവർക്കുള്ള ഉള്ളടക്കം തങ്ങളുടെ ഫോണിൽ ആവശ്യപ്പെടുന്നവരാണത്രെ! കുട്ടികളിലേക്ക് എത്തുന്ന അശ്ലീല വിഭവങ്ങൾ ഇന്ന് മാരകമായ ഭവിഷ്യത്തുകൾ സമൂഹത്തിൽ സൃഷ്ടിക്കുന്നു. വെറും രണ്ട് രൂപ മുടക്കി ആസ്വദിക്കത്തക്കവിധം, ചെലവ് കുറഞ്ഞതും ലഭ്യവുമായി തീർന്നിരിക്കുന്നു ഇവ. അടുത്ത കാലത്ത് നടന്നിട്ടുള്ള ബലാത്സംഗ–ലൈംഗിക അതിക്രമക്കേസുകളിലെല്ലാം പ്രതികൾ ഇത്തരം അശ്ലീലതകൾക്കടിമകളായിരുന്നു എന്ന് വെളിവാക്കപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ നടക്കുന്ന എല്ലാ പഠനങ്ങളും എടുത്തുപറയുന്ന കാര്യം അശ്ലീലതയുടെ അതിപ്രസരവും ലൈംഗികകുറ്റകൃത്യങ്ങളും തമ്മിലുള്ള ബന്ധമാണ്. സമൂഹത്തിന്റെ സുരക്ഷയെയും കെട്ടുറപ്പിനെയും ഇത്രയേറെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം അശ്ലീലവെബ്സൈറ്റുകൾ നിരോധിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. കാരണം, കോടികളുടെ കച്ചവടമാണ് ഇതിലൂടെ നടക്കുന്നത്.

കുറ്റകൃത്യങ്ങൾ പെരുകാൻ ഇടയാക്കുന്ന മറ്റൊരു ഘടകമാണ് മദ്യത്തിന്റെ വ്യാപനം. മദ്യഉപഭോഗം നമ്മുടെ രാജ്യത്ത് ഓരോ വർഷവും വൻതോതിൽ വർദ്ധിക്കുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പ്രതികളിൽ മിക്കവരും മദ്യത്തിനോ മയക്കുമരുന്നിനോ അടിമകളാണെന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ്. നിർഭയ സംഭവത്തിലും, പിന്നീട് ഡൽഹിയിൽ നടന്ന അഞ്ചു വയസ്സുകാരിക്കുനേരെയുള്ള ബലാത്സംഗത്തിലും, കേരളത്തിൽ നടന്ന സൗമ്യവധം തുടങ്ങിയ കേസുകളിലുമെല്ലാം പ്രതികൾ ലഹരിക്കടിമകളായിരുന്നു. ഗാർഹിക പീഡനങ്ങളിലും 80% മദ്യം മൂലമാണുണ്ടാകുന്നത്. പക്ഷേ നമ്മുടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പലവിധ മാർഗ്ഗങ്ങളിലൂടെ മദ്യവില്പന വർദ്ധിപ്പിക്കുകയാണ്. സ്ത്രീകളെയും കുട്ടികളെയും പോലും മദ്യപാനികളാക്കാൻ, ബിയർ, വൈൻ പോലെ 8–13% വരെ ആൽക്കഹോൾ അടങ്ങിയ മദ്യത്തെ വെറും ശീതളപാനീയമെന്ന പേരിൽ പ്രചരിപ്പിക്കുകയാണ്. മദ്യലോബിയും, ഭരണവർഗ്ഗവും തമ്മിലുള്ള അവിഹിത കൂട്ടുകെട്ടാണ് നമ്മുടെ നാട്ടിൽ മദ്യത്തിന്റെ കുത്തൊഴുക്കിനും അതിന്റെ ഗുരുതരങ്ങളായ പ്രത്യാഘാതങ്ങൾക്കും ഉത്തരവാദി.

മാധ്യമങ്ങളിലൂടെയും സിനിമകളിലൂടെയും പ്രചരിപ്പിക്കപ്പെടുന്ന അതിക്രമങ്ങൾ, സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ, രാഷ്ട്രീയ രംഗത്തെ കുറ്റവൽക്കരണം എല്ലാം ചേർന്ന് അന്തരീക്ഷം കൂടുതൽ മലീമസവും കുറ്റവാളികളെ പോറ്റി വളർത്തുന്നതുമായി മാറുന്നു. സൗന്ദര്യമത്സരങ്ങളും, സെക്സ് ടൂറിസവുമെല്ലാം ഇതിന്റെ ഭാഗം തന്നെ.

യുവതലമുറയിൽ ഉയർന്ന മൂല്യബോധം പകരേണ്ട വിദ്യാഭ്യാസരംഗമാകട്ടെ, ലാഭനഷ്ടക്കണക്കിലുള്ള കച്ചവടവും ഇന്നത്തെ മുതലാളിവർഗ്ഗത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന വെറും യന്ത്രങ്ങളെ സൃഷ്ടിക്കുന്ന പാഠ്യപദ്ധതിയുമായി മാറി എന്നതും ഒരു പ്രധാന ഘടകമാണ്. ക്യാമ്പസുകൾ പോലും ക്രിമിനലുകളുടെ കേന്ദ്രമായി മാറുകയാണ്.

ഈ സാമൂഹ്യസാഹചര്യത്തിനെതിരായ ഒരു ബൃഹത്തായ സാംസ്കാരിക സാമൂഹ്യ മുന്നേറ്റം ഇന്ന് അനിവാര്യമായി മാറിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഡൽഹിയിൽ ഉണ്ടായി വന്ന ജനമുന്നേറ്റത്തെ അതീവ പ്രാധാന്യത്തോടെ നമ്മുടെ സംഘടന വീക്ഷിക്കുന്നത്. കൂടുതൽ ഉയർന്ന ലക്ഷ്യബോധത്തോടെ, ഉൾക്കാഴ്ചയോടെ ആ ജനകീയ മുന്നേറ്റത്തെ മുന്നോട്ടുനയിക്കാനാണ് നാം പരിശ്രമിക്കുന്നത്.

അതിന്റെ ഭാഗമായാണ് ഡിസംബർ 30 ന് പാർലമെന്റിലേക്ക് വനിതാ –വിദ്യാർത്ഥി–യുവജനമാർച്ചും ഡിസംബർ 29 ന് ഡൽഹിയിൽ ജനകീയ കൺവൻഷനും സംഘടിപ്പിക്കുന്നത്. ഡിസംബർ 16 നിർഭയദിനമായി ആചരിച്ചുകൊണ്ട് എല്ലാ സംസ്ഥാനങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയാണ്. കേരളത്തിൽ എല്ലാ ജില്ലകളിലും ഈ ദിവസം സ്ത്രീസുരക്ഷാ സമിതിയുടെ മുൻകൈയ്യിൽ പ്രമുഖ, സാമൂഹ്യ സാംസ്കാരിക നായകരെ അണിനിരത്തി സ്ത്രീസുരക്ഷാ കൂട്ടായ്മകൾ ഒരുക്കുന്നു.

ഡിസംബർ 16 പ്രക്ഷോഭത്തെ തുടർന്ന് കേന്ദ്രസർക്കാർ നിയോഗിച്ച ജസ്റ്റിസ് വർമ്മ കമ്മീഷൻ, 29 ദിവസം കൊണ്ട്, വളരെ ശ്രദ്ധേയമായ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ടാണ് ഗവൺമെന്റിന് സമർപ്പിച്ചത്. പക്ഷേ അവയിൽ മിക്കതും നടപ്പിലാക്കാൻ സർക്കാർ ഇനിയും തയ്യാറായിട്ടില്ല. അതിനാൽ ഈ റിപ്പോർട്ട് നടപ്പിലാക്കാൻ ശക്തമായ സമ്മർദ്ദം ഗവൺമെന്റിനുമേൽ ചെലുത്തേണ്ടതുണ്ട്. നമ്മുടെ പ്രക്ഷോഭത്തിന്റെ പ്രധാനപ്പെട്ട ഡിമാന്റുകളിൽ ഒന്ന് ഇതാണ്.

ഇന്നത്തെ ഗുരുതരമായ സ്ഥിതിവിശേഷത്തിനെതിരെ ശരിയായ ദിശയിൽ നടക്കുന്ന ഈ മുന്നേറ്റത്തോടൊപ്പം ചേരാൻ സാമൂഹ്യനന്മ കാംക്ഷിക്കുന്ന ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# കോട്ടയം ജില്ലാ വനിതാ സമ്മേളനം




എഐഎംഎസ്എസ് കോട്ടയം ജില്ലാ സമ്മേളനം പ്രസിദ്ധ സാഹിത്യകാരി ഡോ. ഖദീജാ മുംതാസ് ഉദ്ഘാടനം ചെയ്യുന്നു.

**അ**ഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ കോട്ടയം ജില്ലാ സമ്മേളനം നവംബർ 23,24 തീയതികളിൽ ചങ്ങനാശ്ശേരിയിൽ നടന്നു. നവംബർ 23 ന് ചങ്ങനാശ്ശേരി മുനിസിപ്പൽ ബസ്സ്റ്റാൻഡ് മൈതാനത്ത് നടന്ന പൊതുസമ്മേളനം പ്രശസ്ത സാഹിത്യകാരി ഡോ.ഖദീജ മുംതാസ് ഉദ്ഘാടനം ചെയ്തു.

"സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. സാംസ്കാരികാധഃപതനത്തിന്റെ പ്രത്യക്ഷ ഇരകൾ സ്ത്രീകളും കുട്ടികളുമാണ്. സാമുദായിക നിയന്ത്രണങ്ങൾ സ്ത്രീകളുടെ ദുരിതം വർദ്ധിപ്പിക്കുന്നു. പെൺകുട്ടികളുടെ വിവാഹപ്രായം 16 വയസ്സിലേയ്ക്ക് താഴ്ത്തുന്നതുമായി ബന്ധപ്പെട്ടു നടക്കുന്ന ചർച്ചകൾ ദുരുദ്ദേശപരമാണ്. ഗുരുതരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്ന നീക്കമാണ് അത്. ആരോഗ്യകരമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ജനകീയ മുന്നേറ്റങ്ങളിലൂടെയും മാത്രമേ ഈ വിഷയങ്ങൾക്ക് ശാശ്വതമായ പരിഹാരം സാധ്യമാകൂ. എന്നാൽ ഇത്തരം വിഷയങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ സമൂഹത്തിൽ ചർച്ചയ്ക്കെടുക്കപ്പെടുന്നില്ല. രാഷ്ട്രീയപ്രസ്ഥാനങ്ങൾ അടക്കം നിരുത്തരവാദപരമായ നിലപാടാണ് എടുക്കുന്നത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഇപ്പോൾ സൃഷ്ടിച്ചെടുത്തിരിക്കുന്ന പ്രക്ഷുബ്ധാവസ്ഥ ഉദാഹരണമാണ്. പശ്ചിമഘട്ടമലനിരകളെ ഒന്നാകെ തകർത്തെറിയുന്ന ഖനന, റിസോർട്ട് മാഫിയകൾക്കും കയ്യേറ്റക്കാർക്കുമെതിരാണ് ഗാഡ്ഗിൽ റിപ്പോർട്ട്. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തിന് കസ്തൂരിരംഗൻ റിപ്പോർട്ട് അപര്യാപ്തവുമാണ്. എന്നാൽ മാധവ് ഗാഡ്ഗിൽ റിപ്പോർട്ടോ കസ്തൂരിരംഗൻ റിപ്പോർട്ടോ നടപ്പിലാക്കാൻ അനുവദിക്കില്ല എന്നനിലയിലേയ്ക്ക് വിഷയങ്ങൾ എത്തിച്ചിരിക്കുന്നത് സ്ഥാപിതതാൽപര്യത്തോടെയാണ്. കർഷകരെയും സാധാരണ ജനങ്ങളെയും തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ് രാഷ്ട്രീയ മത നേതൃത്വങ്ങൾ. " ഡോ.ഖദീജ മുംതാസ് അഭിപ്രായപ്പെട്ടു.

അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ മുഖ്യപ്രസംഗം നടത്തി. കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റും സമ്മേളന സ്വാഗത സംഘത്തിന്റെ ചെയർമാനുമായ പി.കെ.കൃഷ്ണൻ, എസ്‌യുസിഐ(കമ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജയ്സൺ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

വിലക്കയറ്റം തടയുക, മദ്യത്തിന്റെ കുത്തൊഴുക്ക് അവസാനിപ്പിക്കുക, ഡിസംബർ 30 പാർലമെന്റ് മാർച്ച് വിജയിപ്പിക്കുക, മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക, കസ്തൂരിരംഗൻ റിപ്പോർട്ട് തള്ളിക്കളയുക എന്നീ വിഷയങ്ങളെ ആസ്പദമാക്കി നാലു പ്രമേയങ്ങൾ യഥാക്രമം ആശാരാജ് യു.ജെ, ഷീജ മറീന, ആലീസ് ജോസഫ്, മിനി കെ.ഫിലിപ്പ് എന്നിവർ പൊതുസമ്മേളനത്തിൽ അവതരിപ്പിച്ചു. മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.എസ്.ശശികല സ്വാഗതവും ഗിരിജ കെ.കെ.കൃതജ്ഞതയും പറഞ്ഞു.

നവംബർ 24 ന് രാവിലെ 10മണിമുതൽ മുനിസിപ്പൽ മിനി ആഡിറ്റോറിയത്തിൽ നടന്ന പ്രതിനിധി സമ്മേളനം സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. നിലനിൽക്കുന്ന സാമൂഹ്യരാഷ്ട്രീയ സാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ടും സംഘടനയുടെയും സഖാക്കളുടെയും മുന്നിലുള്ള കടമകളും കർത്തവ്യങ്ങളും ചർച്ച ചെയ്തുകൊണ്ടും അവതരിപ്പിക്കപ്പെട്ട മുഖ്യരാഷ്ട്രീയ പ്രമേയം, സംഘടനയുടെ നേട്ടങ്ങളും കോട്ടങ്ങളും പരിമിതികളും സാദ്ധ്യതകളും ചർച്ച ചെയ്യുന്ന സംഘടനാ റിപ്പോർട്ട്, ജസ്റ്റിസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു. പ്രമേയങ്ങൾ യഥാക്രമം രജിതാ ജയറാം, കെ.എസ്.ശശികല, അമ്പിളി വി.ആർ എന്നിവർ അവതരിപ്പിച്ചു. പ്രമേയങ്ങിൻമേൽ നടന്ന ചർച്ചകളിൽ പ്രതിനിധികൾ സജീവമായി പങ്കെടുത്തു. സ്വാഗതസംഘം കൺവീനർ എൻ.ജി.രാധാകൃഷ്ണൻ, എസ്.യു.സി.ഐ കമ്യൂണിസ്റ്റ് ജില്ലാ സെക്രട്ടേറിയറ്റ് അംഗം എൻ.കെ.ബിജു എന്നിവർ പ്രസംഗിച്ചു. മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ലാരിയ പരമേശ്വരൻ സ്വാഗതവും അനിലാ ബോസ് കൃതജ്ഞതയും രേഖപ്പെടുത്തി.

കെ.എസ്.ശശികല(പ്രസിഡന്റ്), ആശാരാജ് യു.ജെ (സെക്രട്ടറി), കെ.എസ്.ചെല്ലമ്മ, ഗിരിജ കെ.കെ, ആലീസ് ജോസഫ (വൈസ് പ്രസിഡന്റുമാർ), ലാരിയ പരമേശ്വരൻ, ഷീജ മറീന, അനില ബോസ്(ജോയിന്റ് സെക്രട്ടറിമാർ) രജിത ജയറാം(ട്രഷറർ)എന്നിങ്ങനെ 44 അംഗ കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു. ■

# അമേരിക്കൻ ചാരപ്രവർത്തനത്തിന്റെ ബീഭത്സമുഖം

**അടുത്തയിടെയുണ്ടായ ചില വെളിപ്പെടുത്തലുകൾ ജനങ്ങളെ ഞെട്ടിപ്പിക്കുന്നവയായിരുന്നു. ഉദാഹരണമായി അമേരിക്കൻ ദേശീയസുരക്ഷാ ഏജൻസിയുടെ (NSA) അന്തർദ്ദേശീയ ചാരപ്രവർത്തന പരിപാടിയായ 'പ്രിസ'ത്തിന്റെ (PRISM) സമ്പ്രദായങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ. ഏതൊരു വ്യക്തിയും മറ്റൊരാളുമായി കൈമാറുന്ന സന്ദേശങ്ങൾ പരിശോധിക്കാനും സൂക്ഷിച്ചുവയ്ക്കാനും ഭാവിയിൽ അയാൾക്കെതിരെ ഉപയോഗിക്കാനും അവർക്ക് കഴിയുന്നുവത്രേ. രണ്ട് സുഹൃത്തുക്കൾ തമ്മിൽ നടന്ന ആശയവിനിമയത്തിൽ, 'സാഹചര്യങ്ങൾ യുവാക്കളെ ഭീകരവാദത്തിലേയ്ക്ക് തള്ളിവിടുകയാണ്' എന്നൊരു പ്രയോഗമുണ്ടെന്നിരിക്കട്ടെ. പ്രകൃത്യാ നിർദ്ദോഷമായ ഈ പ്രയോഗത്തെ, അവർ ഭീകരവാദത്തെ അനുകൂലിക്കുന്നവരാണ് എന്നതിനുള്ള തെളിവായി പ്രിസം ഉപയോഗപ്പെടുത്തിയേക്കാം.**

**ചാ**രപ്രവർത്തനം പണ്ടുകാലം മുതലേ നടന്നുവരുന്നതാണ്. പ്രത്യേകിച്ചും യുദ്ധകാലങ്ങളിൽ. എന്നാൽ ഇവിടെ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അമ്മാതിരി ചാരവൃത്തിയല്ല. അതിനെക്കാളൊക്കെ എത്രയോ അധികം നിന്ദ്യവും മാരകവുമായ കടന്നാക്രമണമാണിത്. ലോകം മുഴുവനുമുള്ള ഇന്റർനെറ്റ്, ലാൻഡ്‌ലൈനും മൊബൈലുമായിട്ടുള്ള ഫോണുകൾ, ഡാറ്റാ കേബിളുകളിൽ എന്നിവയിലെല്ലാം കടന്നുകയറി വിവരങ്ങൾ ചോർത്തിയെടുത്ത് സൂക്ഷിച്ചുവയ്ക്കുകയാണ്. വെരിസോൺ, എ.ടി ആന്റ് ടി തുടങ്ങിയ ടെലികോം രംഗത്തെ പ്രധാനകുത്തകകളും, ഗൂഗിൾ, മൈക്രോസോഫ്റ്റ്, യാഹൂ, ആപ്പിൾ, ഫേസ്ബുക്ക് തുടങ്ങിയ ഇന്റർനെറ്റ് കമ്പനികളും ഫലത്തിൽ അമേരിക്കൻ സുരക്ഷാഏജൻസിയുടെ കൈയിലെ, എന്നല്ല അമേരിക്കൻ ഗവണ്മെന്റിന്റെ തന്നെ കൈയിലെ, കരുക്കളായി മാറിയിരിക്കുന്നു. വ്യക്തിയുടെ വിശ്വാസസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം തുടങ്ങിയ ജനാധിപത്യാവകാശങ്ങളുടെ പ്രകാശനമായ സ്വകാര്യതയ്ക്കോ, നയതന്ത്രപരമായ പരിരക്ഷയ്ക്കോ ഒന്നും എൻ.എസ്.എയുടെ ഈ കടന്നുകയറ്റത്തിന് മുന്നിൽ പ്രസക്തിയില്ലാതായിരിക്കുന്നു. അമേരിക്കയിലെയോ യൂറോപ്പിലെയോ ജനങ്ങൾ മാത്രം അഭിമുഖീകരിക്കുന്ന ഒരു ഭീഷണിയല്ല ഇത്. ഇന്റർനെറ്റോ ഫോണോ സോഷ്യൽനെറ്റ്‌വർക്കുകളോ ഉപയോഗിക്കുന്ന ഏതൊരാളും ഈ ഭീഷണിയുടെ നിഴലിലാണ്. ജർമ്മൻ ചാൻസലറും ബ്രസീലിന്റെ പ്രസിഡന്റുമുൾപ്പെടെയുള്ള ലോകനേതാക്കളെപ്പോലും ഒഴിവാക്കിയിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. രസകരമായ മറ്റൊരു കാര്യം, മേല്പറഞ്ഞ ലോകനേതാക്കൾ രണ്ടുപേരും അമേരിക്കൻസാമ്രാജ്യത്വശക്തികളുടെ നിർവ്വചനപ്രകാരമുള്ള ഭീകരവാദികളുടെ ഗണത്തിൽപ്പെടുന്നവരല്ല എന്നതാണ്. മറിച്ച് അവർ അമേരിക്കൻ ഭരണാധികാരികളുടെ അടുത്ത സഖ്യശക്തികളായി അറിയപ്പെടുന്നവരാണ്.

MUSCULAR എന്നറിയപ്പെടുന്ന മറ്റൊരു പരിപാടിയെപ്പറ്റി വാഷിങ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രധാനപ്പെട്ട ഏതൊരു സെർവറിലേയ്ക്കും കടന്നുകയറാനുള്ള എൻ.എസ്.എയുടെ പദ്ധതിയിൽ ബ്രിട്ടന്റെ ജി.സി.എച്ച്.ക്യൂ സജീവ പങ്കാളിയായിട്ടുള്ള ഒരു പരിപാടിയാണത്. അമേരിക്കൻ സാമ്രാജ്യത്വശക്തികൾ മുഖ്യ കുറ്റവാളികളാണെങ്കിലും കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ അവർ ഒറ്റയ്ക്കല്ല എന്നാണിത് കാണിക്കുന്നത്. സാമ്രാജ്യത്വശക്തികളുടെ സംഘത്തിൽ നിന്നും അവർക്ക് കൂട്ടാളികളുണ്ട്. അവരുടെ ഈ പദ്ധതി വെളിച്ചത്ത് കൊണ്ടുവന്നവരെന്ന നിലയിൽ ചില പേരുകൾ മാധ്യമശ്രദ്ധയിൽ വരികയുണ്ടായി. 'വിസിൽബ്ലോവേഴ്സ്' എന്നറിയപ്പെടുന്ന അവരിൽ ഒരാളാണ് ബ്രാഡ്‌ലി മാനിംഗ്. അമേരിക്കൻ കരസേനയിലെ ഉദ്യോഗസ്ഥനായ അദ്ദേഹം 2010 മേയ് മാസത്തിൽ ഇറാഖിൽ വച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. അമേരിക്കൻ സൈന്യം സാധാരണ ജനങ്ങളുടെ മേൽ നടത്തിയ ക്രൂരകൃത്യങ്ങളും കൊലപാതകങ്ങളും വെളിച്ചത്തുകൊണ്ടുവന്ന രഹസ്യരേഖകൾ വിക്കിലീക്ക്സിന് കൈമാറി എന്നതായിരുന്നു അദ്ദേഹത്തിന് മേൽ ആരോപിക്കപ്പെട്ട കുറ്റം. 2010-ൽ അമേരിക്കൻ സൈനികരേഖകളും നയതന്ത്ര രേഖകളും പ്രസിദ്ധപ്പെടുത്താൻ തുടങ്ങിയതോടെ ലോകപ്രശസ്തമായിത്തീർന്ന വിക്കിലീക്ക്സിന്റെ സ്ഥാപകൻ ജൂലിയൻ പോൾ അസാഞ്ജ് ആണ് ഇനിയൊരാൾ. ഈ പട്ടികയിൽ അവസാനത്തെയാളാണ് എഡ്വേർഡ് സ്നോഡൻ. അദ്ദേഹം എൻ.എസ്.എയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുണ്ടായിരുന്ന മിഥ്യാ ധാരണകൾ തുറന്നുകാട്ടുകയും യാഥാർത്ഥ്യം വെളിച്ചത്തുകൊണ്ടുവരികയും ചെയ്തു. വ്യാപാരാവശ്യത്തിനോ അതുപോലെ നിർദ്ദോഷമായ എന്തെങ്കിലും ആവശ്യത്തിനോ വേണ്ടിയെന്ന് പറഞ്ഞ് ശേഖരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ സുരക്ഷാകാര്യങ്ങൾക്കായുള്ള ഉദ്യോഗസ്ഥസംവിധാനത്തിന് കൈമാറിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അവരുടെ കൈകളിലേയ്ക്കെത്തിപ്പെട്ടുകഴിഞ്ഞാൽ, ആ വിവരങ്ങൾ, അവ പ്രത്യക്ഷത്തിൽ നിരുപദ്രവകരവും നിർദ്ദോഷവുമാണെന്ന് തോന്നിയാലും, എന്തു കാര്യത്തിന് വേണ്ടിയും ഉപയോഗപ്പെടുത്തിയേക്കാം. ഇത് വ്യക്തിസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമല്ലാതെ മറ്റൊന്നുമല്ല.

സ്വാഭാവികമായും സാമ്രാജ്യത്വ വേട്ടനായ്ക്കൾ ഈ രഹസ്യങ്ങൾ പുറത്തുകൊണ്ടുവന്നവരുടെ രക്തത്തിന് വേണ്ടി ദാഹിക്കുകയാണ്. മാനിംഗിനെ രാജ്യദ്രോഹമുൾപ്പെടെയുള്ള കുറ്റങ്ങൾ ചുമത്തി അമേരിക്കയിൽ വിചാരണ ചെയ്യുകയാണ്. അസാഞ്ജ് 2012 ജൂൺ 19 മുതൽ ഇക്വഡോറിന്റെ ലണ്ടനിലുള്ള എംബസിയിൽ അഭയം പ്രാപിച്ചിരിക്കുക്കയാണ്. അമേരിക്ക എഡ്വേർഡ് സ്നോഡന്റെ പാസ്പോർട്ട് റദ്ദാക്കിയിരിക്കുന്നു. അദ്ദേഹത്തിന് അഭയം നൽകരുതെന്ന് പറഞ്ഞ് അവരിപ്പോൾ മറ്റ് രാജ്യങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നു. അദ്ദേഹം ഇപ്പോൾ ഒരു വർഷത്തേയ്ക്കുള്ള താല്ക്കാലിക അനുമതിയുടെ അടിസ്ഥാനത്തിൽ റഷ്യയിൽ അഭയം പ്രാപിച്ചിരിക്കുകയാണ്. പ്രസിഡന്റ് ഉൾപ്പെടെയുള്ള അമേരിക്കൻ ഭരണാധികാരികൾ ആദ്യം തുനിഞ്ഞത് ഈ ആരോപണങ്ങളെല്ലാം വെറും അസംബന്ധമാണെന്ന മട്ടിൽ നിഷേധിക്കാനാണ്. എന്നാൽ, ലോകവ്യാപകമായുണ്ടായ പ്രതിഷേധം മൂലം അവർ കുറ്റം സമ്മതിക്കാൻ നിർബ്ബന്ധിതരായി. ഈ ചാരവൃത്തിയിലൂടെ ഭാവിയിലുണ്ടാകുമായിരുന്ന പല ഭീകരാക്രമണങ്ങളെയും മുൻകൂട്ടി തടയാൻ കഴിഞ്ഞുവെന്ന് പറഞ്ഞ് സ്വയം ന്യായീകരിക്കാനായി അടുത്ത ശ്രമം. എന്നാൽ, ജർമ്മൻ ചാൻസലറുടെയും ബ്രസീൽ പ്രസിഡന്റിന്റെയും രഹസ്യം ചോർത്തിയെന്ന കാര്യം പുറത്തുവന്നതോടെ ആ വാദവും പൊളിഞ്ഞു. അപ്പോൾ അമേരിക്കൻ പ്രസിഡന്റ്, പതിവുപോലെ പണിപ്പെട്ടുണ്ടാക്കിയ ലാഘവഭാവത്തിൽ ഇങ്ങനെ പറഞ്ഞു: 'ഞങ്ങൾ വളരെ അടുത്ത് സഹകരിക്കുന്നവരായതുകൊണ്ട്, ഞങ്ങൾ തമ്മിൽ പരസ്പരം കൈമാറാത്ത ഒരു വിവരവും ഇല്ലെന്നു തന്നെ പറയാം.' എന്തായാലും ഒടുവിൽ, അമേരിക്കൻ പ്രസിഡന്റ്, ഈ സംഭവവികാസങ്ങളിൽ പ്രതിഷേധിക്കുന്നവയുൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളും തങ്ങളുടെ താല്പര്യങ്ങൾക്ക് വിഘാതമായവയെന്ന് കരുതുന്ന രാജ്യങ്ങളുടെ മേൽ ചാരപ്രവർത്തനം നടത്താറുണ്ടെന്നും, തുടർന്നും അത് നടക്കുമെന്നും വെട്ടിത്തുറന്ന് പറഞ്ഞു. സാമ്രാജ്യത്വചേരിയിലെ ഒരേതൂവൽപ്പക്ഷികളായ മറ്റുചില നേതാക്കളും അതേ അഭിപ്രായം പ്രകടിപ്പിച്ചതായി അറിയുന്നു. സാമ്രാജ്യത്വത്തിന്റെ ഈ വേട്ടനായ്ക്കൾക്ക് യാതൊരു പശ്ചാത്താപവുമില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. മറിച്ച് പ്രതീക്ഷിക്കുന്നതിൽ അർത്ഥവുമില്ല. അമേരിക്കൻ ഭരണാധികാരികൾ ലോകത്തെമ്പാടും, അതായത് 150-ൽപ്പരം രാജ്യങ്ങളിൽ, എൻ.എസ്.എയിലൂടെ അവരുടെ ചാരശൃംഖല വിരിച്ചിരിക്കുകയാണ്. ആ രാജ്യങ്ങളിലെ ജനങ്ങളുടെയും നേതാക്കളുടെയും മേൽ ചാരവൃത്തി നടത്തുന്നതിനു വേണ്ടി സ്വന്തം ജനങ്ങളുടെ നികുതിപ്പണത്തിൽ നിന്ന് ദശലക്ഷക്കണക്കിന് ഡോളറാണ് ഓരോ കൊല്ലവും അവർ മുടക്കുന്നത്. അമേരിക്കയുടെ മറ്റൊരു രഹസ്യാന്വേഷണ സംവിധാനമായ നാഷണൽ ഇന്റലിജൻസ് ഏജൻസിയുടെ തലവൻ തന്നെ പറയുന്നതനുസരിച്ച്, അവർ സൈബർ ആക്രമണം നടത്തുന്ന 13 അമേരിക്കൻ സംഘങ്ങളെ സജ്ജീകരിച്ചിട്ടുണ്ട്. എൻ.എസ്.എയുടെ പരിസരത്ത് നിന്ന് പ്രവർത്തിക്കുന്ന ഈ സംഘങ്ങളുടെ വാർഷികച്ചെലവ് 199 ദശലക്ഷം ഡോളറാണ്. സാമ്രാജ്യത്വത്തിന്റെ നേരിട്ടുള്ള സംരക്ഷണയിൽ പ്രവർത്തിക്കുന്ന ഗാർഡിയൻ, വാഷിങ്ടൺ പോസ്റ്റ് എന്നീ പത്രങ്ങളാണ് ഈ വിവരം പുറത്തുവിട്ടതെന്നതും ശ്രദ്ധേയമാണ്.

എന്തായാലും, ഇവിടെ പ്രസക്തമായ പ്രശ്നം മാനിംഗും അസാഞ്ജും സ്നോഡനും വെളിപ്പെടുത്തിയ കാര്യങ്ങൾ ഒറ്റപ്പെട്ട ഏതെങ്കിലും വ്യക്തികളുടെ വഴിവിട്ട ചെയ്തികളാണോ എന്നതാണ്. ചാരവൃത്തിയുടെ സുദീർഘ ചരിത്രത്തിൽ ഇവയ്ക്ക് എന്തെങ്കിലും പ്രത്യേക പ്രാധാന്യമുണ്ടോ? കുറ്റകൃത്യം നടത്തിയിരിക്കുന്ന ഭരണാധികാരികളുടെ പ്രതികരണത്തിൽ എന്തെങ്കിലും കഴമ്പുണ്ടോ? ജനങ്ങളെ സംബന്ധിച്ചിടത്തോളം, കേവലം വിവരങ്ങൾ മനസ്സിലാക്കിയിരിക്കുക എന്നതിനേക്കാൾ പ്രാധാന്യം ഈ പ്രശ്നങ്ങൾക്കുണ്ട്. എന്തെന്നാൽ, ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം ഭീഷണിയെ നേരിടുകയാണ്.

എല്ലാക്കാലത്തും കാര്യങ്ങൾ ഇങ്ങനെയായിരുന്നില്ല. ഉദാഹരണമായി ജനാധിപത്യവിപ്ലവത്തിന്റെ കാലത്ത്. അന്ന് ബൂർഷ്വാസി ജന്മിത്തത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലായിരുന്നു. അവർ ആത്മീയവാദത്തെയും, ഏകാധിപത്യത്തെയും, പൗരോഹിത്യത്തിന്റെയും രാജാക്കന്മാരുടെയും പരമാധികാരത്തെയും എതിർത്തിരുന്നു. രാജവാഴ്ചയുടേതായ ഭരണകൂടാധികാരത്തിന്റെ പിടിയിൽ നിന്നും, മതഗ്രന്ഥങ്ങളുടെയും മതശാസനകളുടെയും പിടിയിൽ നിന്നും, വ്യക്തികളെ മോചിപ്പിക്കുക എന്നതായിരുന്നു അന്ന് അവർ ഏറ്റെടുത്തിരുന്ന കർത്തവ്യം. അതിനാൽ അവർ വ്യക്തിസ്വാതന്ത്ര്യത്തിന് വേണ്ടി നിലകൊണ്ടു. ചിന്താസ്വാതന്ത്ര്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും വേണ്ടി, സമൂഹത്തിൽ ഓരോ വ്യക്തിക്കും സ്വന്തം ജീവിതത്തിന്റെ വിധാതാവായിരിക്കാനുള്ള നിരങ്കുശമായ സ്വാതന്ത്ര്യത്തിന് വേണ്ടി, സ്ത്രീയുടെയും പുരുഷന്റെയും അവകാശസമത്വത്തിന് വേണ്ടി അവർ നിലകൊണ്ടു. മുതലാളിത്തം വളർന്നുകൊണ്ടിരുന്ന ആ നാളുകളിൽ, ബൂർഷ്വാ ജനാധിപത്യത്തിന്റെ ആ ഉദയവേളയിൽ, അധികാരത്തിലിരുന്നപ്പോൾപ്പോലും അന്നത്തെ ബൂർഷ്വാ ഭരണാധികാരികൾ സ്വതന്ത്രമത്സരത്തിന്റേതായ സാഹചര്യങ്ങൾക്കു വേണ്ടി വാദിക്കുകയുണ്ടായി. അന്നവർ സത്യത്തെ ആശ്രയിച്ചു, ജനങ്ങളെ വിശ്വസിച്ചു. ജനങ്ങളുടെ മേൽ ചാരപ്രവർത്തനം നടത്തേണ്ട ആവശ്യം അവർക്കുണ്ടായിരുന്നില്ല. മരണത്തിന് തുല്യം ജനങ്ങളെ ഞെരുക്കിക്കൊണ്ടിരുന്ന യുദ്ധപ്രഭുക്കളുടെയും നാടുവാഴികളുടെയും രാജാക്കന്മാരുടെയും ഭീകരമായ ആധിപത്യത്തിനെതിരായി സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി പൊരുതുന്ന സാമൂഹ്യശക്തിയായിരുന്നു അന്ന് ബൂർഷ്വാവർഗ്ഗം. അത്തരമൊരു ലോകവീക്ഷണത്തിന്റെയടിസ്ഥാനത്തിൽ അന്ന് അവർ ജനങ്ങളെ നാടിന്റെ സമ്പത്തായാണ് കണ്ടിരുന്നത്. ജന്മിത്തത്തിനും രാജവാഴ്ചയ്ക്കുമെതിരായ സമരത്തിലെ സഖ്യശക്തിയായിട്ടാണ് അന്ന് അവർ ജനങ്ങളെ കണക്കാക്കിയിരുന്നത്.

പക്ഷെ, ദീർഘകാലം ഈ സ്ഥിതി തുടരാനാകുമായിരുന്നില്ല. എന്തെന്നാൽ, ഏറ്റവും ഉദാരമായ ബൂർഷ്വാജനാധിപത്യം നിലനിൽക്കുന്ന സമൂഹം പോലും, യഥാർത്ഥത്തിൽ കൂലിവേലയുടെ മേൽ മൂലധനം നടത്തുന്ന ആധിപത്യത്തിൽ അധിഷ്ഠിതമാണ്. ഏറ്റവും ജനാധിപത്യപരമായ മുതലാളിത്ത ഭരണകൂടം പോലും തൊഴിലാളിവർഗ്ഗം ഉൾപ്പെടെയുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മേൽ ഒരു പിടിവരുന്ന മുതലാളിമാർ നടത്തുന്ന വർഗ്ഗചൂഷണം നിലനിർത്താൻ വേണ്ടിയുള്ളതാണ്. ക്രമേണ മുതലാളിത്ത സമൂഹം സ്വതന്ത്രമത്സരത്തിന്റെ ഘട്ടത്തിൽ നിന്നും കുത്തകയുടെ ഘട്ടത്തിലേയ്ക്ക് മാറി. ചുരുക്കം വരുന്ന കുത്തകകളുടെ കൈകളിൽ മൂലധനം കേന്ദ്രീകരിക്കപ്പെട്ടു. മറുവശത്ത്, ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ യഥാർത്ഥ വേതനം ചുരുങ്ങിവരുകയും തൽഫലമായി അവരുടെ ക്രയശേഷി കുറഞ്ഞുവരുകയും ചെയ്തു. അങ്ങനെ സമൂഹത്തിൽ വിവേചനവും അവകാശനിഷേധവും കുത്തകവൽക്കരണവും വർദ്ധിച്ചുവന്നു. അതിനനുസരിച്ച് മുതലാളിവർഗ്ഗം അവരുടെ തന്നെ സൃഷ്ടിയായ സ്വതന്ത്രവ്യാപാരം, ജനാധിപത്യമൂല്യങ്ങൾ, ഉദാരതാവാദം തുടങ്ങിയവയെ ചവിട്ടിമെതിച്ചു. സ്വതന്ത്രമത്സരം, ജനങ്ങളുടെ ക്രയശേഷി കുറഞ്ഞുവന്നതുമൂലം ചുരുങ്ങിവന്ന വിപണിക്കുവേണ്ടിയുള്ള കടുത്ത പോരാട്ടത്തിന് വഴിതെളിച്ചു. സ്വന്തം രാജ്യത്തിനകത്തെ കടുത്ത കമ്പോളപ്രതിസന്ധിക്ക് പരിഹാരമാരാഞ്ഞ ബൂർഷ്വാസി വിദേശവിപണികൾ തേടി. മുതലാളിത്തം അതിന്റെ വളർച്ചയുടെ അവസാനഘട്ടമായ സാമ്രാജ്യത്വഘട്ടത്തിലേയ്ക്ക് പ്രവേശിച്ചു. മരണാസന്നമായ മുതലാളിത്തത്തിന്റെ ഘട്ടമാണ് സാമ്രാജ്യത്വം. സാമ്രാജ്യത്വശക്തികൾ മറ്റ് രാജ്യങ്ങളിലെ വിലക്കുറഞ്ഞ അദ്ധ്വാനശേഷിയെയും പ്രകൃതിവിഭവങ്ങളെയും ചൂഷണം ചെയ്ത് ലാഭക്കൂനകളുണ്ടാക്കാൻ വേണ്ടി ആ രാജ്യങ്ങളിലേയ്ക്ക് കടന്നുകയറി. അവർ സമ്പത്ത് കുന്നുകൂട്ടുകയും മറ്റുള്ളവരെ അടിച്ചമർത്തിവയ്ക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. അങ്ങനെ, ഒരിക്കൽ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയിരുന്നവർ മറ്റു രാജ്യങ്ങളിൽ കടന്നുകയറി ആധിപത്യം പുലർത്തുന്ന സ്വേച്ഛാധിപതികളായ അധിനിവേശക്കാരായി മാറി. തങ്ങൾ തന്നെ ഒരിക്കൽ ഉയർത്തിപ്പിടിച്ചിരുന്ന ആദർശങ്ങളെയും മൂല്യങ്ങളെയും അവർ കൂസലന്യെ ചവിട്ടിമെതിച്ചു.

സാമ്രാജ്യത്വശക്തികൾ അധികാരം ദൃഢീകരിക്കുകയും കൂടുതൽ ലാഭത്തിന് വേണ്ടി, പരമാവധി ലാഭത്തിന് വേണ്ടി, കൊതിക്കുകയും ചെയ്തതനുസരിച്ച്, വിദേശ വിപണികൾക്കുവേണ്ടി അവർ തമ്മിത്തമ്മിലുള്ള മത്സരവും ഏറിവന്നു. ആ സാഹസികമായ മത്സരം യുദ്ധത്തിലേയ്ക്ക് നയിക്കുന്നു. സാമ്രാജ്യത്വം അനിവാര്യമായും യുദ്ധം സൃഷ്ടിക്കുന്നുവെന്ന് പറയുന്നത് അതുകൊണ്ടാണ്. രണ്ട് ലോകയുദ്ധങ്ങളും പ്രാദേശികമോ വിഭാഗീയമോ ആയ നിരവധി യുദ്ധങ്ങളും ഉണ്ടായതങ്ങനെയാണ്. ദശലക്ഷക്കണക്കിനാളുകളുടെ ജീവനും വിലപ്പെട്ട സമ്പത്തുകളും നശിപ്പിച്ചുകൊണ്ട് നടന്ന ആ യുദ്ധങ്ങളുടെ മൂലകാരണം

(ശേഷം പേജ് 6-ൽ)

# മരണാസന്ന മുതലാളിത്തം ജനാധിപത്യത്തെ ചവിട്ടിമെതിക്കുന്നു

(പേജ് 5-ൽ നിന്ന് തുടർച്ച)

വിപണിക്കുവേണ്ടിയുള്ള ഈ മത്സരമായിരുന്നു. കമ്പോളപ്രതിസന്ധി രൂക്ഷമായിവരുന്നതിനനുസരിച്ച്, അധികാരം കൂടുതൽ കൂടുതൽ കേന്ദ്രീകൃതമായിത്തീരുന്നതിനനുസരിച്ച്, യുദ്ധങ്ങളും വർദ്ധിച്ചുവന്നു. അതിന്റെയൊപ്പം ചാരപ്രവർത്തനവും ഏറിവന്നു. അങ്ങനെയാണ് ലോകയുദ്ധകാലത്ത് നാസി ജർമ്മനിയുടെ ഭീകരമായ ഗെസ്റ്റപ്പോകളുണ്ടായത്; ലോകയുദ്ധങ്ങൾക്ക് ശേഷവും പ്രവർത്തിക്കുന്ന അമേരിക്കയുടെ കുപ്രസിദ്ധമായ സി.ഐ.എ.യുണ്ടായത്. ഈ ചാരസംഘടനകൾ മറ്റ് പല രാജ്യങ്ങളുടെയും രാഷ്ട്രീയസംവിധാനത്തിലും, ഗവൺമെന്റ് സംവിധാനത്തിൽപ്പോലും, കടന്നുകയറുകയും ആ രാജ്യങ്ങളെ അസ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നാസിസൈന്യം ഒരു രാജ്യത്തെ ആക്രമിക്കുമ്പോൾ ആ രാജ്യത്തിനകത്തുനിന്ന് അതിന് ഒത്താശ ചെയ്യുന്ന അഞ്ചാംപത്തികളെ സൃഷ്ടിക്കുകയെന്നതായിരുന്നു ഗെസ്റ്റപ്പോകളുടെ ഒരു പ്രവർത്തനം. ലോകം മുഴുവനും അമേരിക്കയുടെ പുത്തൻകൊളോണിയൽ ആധിപത്യത്തിനും അന്യായമായ കൊള്ളകൾക്കും വേണ്ടിയുള്ള നീക്കത്തെ എതിർക്കുന്ന രാജ്യങ്ങൾക്കും നേതാക്കൾക്കുമെതിരെ സി.ഐ.എ ക്രിമിനൽ ഗൂഢാലോചനകളിലേർപ്പെടുന്നു. അത്തരം നേതാക്കളെ അധികാരസ്ഥാനങ്ങളിൽ നിന്ന് നിഷ്കാസനം ചെയ്യാനും, വേണ്ടി വന്നാൽ കൊലപ്പെടുത്താനും അവർ തുനിയുന്നു. ഉദാഹരണങ്ങൾ അനവധിയാണ്. ഇങ്ങനെ വിവിധ മുതലാളിത്ത രാജ്യങ്ങൾ നടത്തുന്ന ചാരപ്രവർത്തനവും എതിർ ചാരപ്രവർത്തനവും ലോകാന്തരീക്ഷം കലുഷിതമാക്കിത്തീർത്തിരിക്കുന്നു.

മുതലാളിത്ത-സാമ്രാജ്യത്വ ലോകത്തെ സംബന്ധിച്ചിടത്തോളം ചാരവൃത്തി പുതിയ കാര്യമൊന്നുമല്ലെന്ന് വ്യക്തം. ഈ വ്യവസ്ഥിതി ജനാധിപത്യത്തിന്റെ മുഖപടത്തിന് പിന്നിൽ അവരുടെ ഭരണത്തിന്റെയും, വിശിഷ്യ യുദ്ധത്തിന്റെയും, അവശ്യ ഭാഗമെന്ന നിലയിൽ ഈ ഹീനമായ ചെയ്തിയെ പരിപോഷിപ്പിച്ചുവരുന്നു. നാൾ ചെല്ലുന്തോറും, ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രതിസന്ധി രൂക്ഷമായിത്തീരുകയും, സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിലുൾപ്പെടെ കടുത്ത ജീർണ്ണത സൃഷ്ടിക്കുന്ന തരത്തിലുള്ള സർവ്വാശ്ലേഷിയായ പ്രതിസന്ധിയായി അത് മാറുകയും ചെയ്തതിനനുസരിച്ച്, ചാരവൃത്തിയുടെയും സ്വഭാവം കൂടുതൽ കുടിലത നിറഞ്ഞതായിത്തീർന്നിരിക്കുന്നു. സൈബർരംഗമുൾപ്പെടെയുള്ള സാങ്കേതികവിദ്യയുടെ മേഖലയിൽ ഉണ്ടായിട്ടുള്ള ശ്രദ്ധേയമായ വളർച്ചയെ സാമ്രാജ്യത്വശക്തികൾ തങ്ങളുടെ ആയുധങ്ങൾക്ക് മൂർച്ച കൂട്ടാനായി ഉപയോഗപ്പെടുത്തുന്നു. ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെ ചാരവൃത്തിക്കായി അവർ ഉപയോഗിക്കുന്നു. മുതലാളിത്ത സമൂഹങ്ങളിൽ ധാർമ്മികമൂല്യങ്ങൾക്കുണ്ടായ പൂർണ്ണമായ തകർച്ച മൂലം, അവിടത്തെ ഭരണാധികാരികൾക്ക് സത്യസന്ധത, വിശ്വാസ്യത, സാഹോദര്യം തുടങ്ങിയ മാനുഷിക മൂല്യങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. അവരുണ്ടാക്കുന്ന എല്ലാ ബന്ധങ്ങളുടെയും ലക്ഷ്യം പ്രതിസന്ധി ഒഴിവാക്കിക്കൊണ്ട് വിപണിയിൽ സ്വന്തം ആധിപത്യം ഉറപ്പിക്കാൻ കഴിയുക എന്നത് മാത്രമാണ്. അവർ തങ്ങളുടെ സഖ്യശക്തികളായി അറിയപ്പെടുന്നവർക്കെതിരെ പോലും ചാരപ്രവർത്തനത്തിന് മുതിരുന്നത് അതുകൊണ്ടാണ്. അമേരിക്കൻ സാമ്രാജ്യത്വം ബ്രിട്ടീഷ്, ഫ്രഞ്ച്, ജർമ്മൻ സാമ്രാജ്യത്വശക്തികളെപ്പോലുള്ള മറ്റ് ശക്തരായ സാമ്രാജ്യത്വശക്തികളും കൂടി ഉൾപ്പെടുന്ന അക്രമിസംഘത്തിന്റെ നേതാവ് എന്ന നിലയിൽ ലോകത്തെ ദുർബ്ബലരാജ്യങ്ങളുടെ മേൽ ചാടിവീഴുന്ന അതേ സമയം തന്നെ, തങ്ങളുടെ കൂട്ടാളികളായ രാജ്യങ്ങളിൽ ചാരപ്രവർത്തനം നടത്താനും എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുന്നു. ജർമ്മൻ ചാൻസലറെപ്പോലുള്ള ലോകനേതാക്കളുടെ ഫോൺ ചോർത്തിയത് അങ്ങനെയാണ്.

സ്വന്തം രാജ്യത്തെയും ഇതര രാജ്യങ്ങളിലെയും ജനങ്ങളുടെ മേൽ തങ്ങൾ നടത്തുന്ന നിഷ്ഠുരമായ ചൂഷണവും മർദ്ദനവും അനിവാര്യമായും ജനങ്ങൾക്കിടയിൽ കടുത്ത അസന്തുഷ്ടിയും രോഷവും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വവാദികൾക്ക് നന്നായറിയാം. സാമ്രാജ്യത്വത്തിന്റെ യുഗം സാമ്രാജ്യത്വത്തിന്റെ മാത്രം യുഗമല്ല എന്നും അവർക്കറിയാം. മാർക്സിസം-ലെനിനിസം എന്ന അജയ്യമായ പ്രത്യയശാസ്ത്രത്തിന്റെ കരുത്തിൽ തൊഴിലാളിവർഗ്ഗം മൂലധനവാഴ്ചയ്ക്കെതിരെ നടത്തുന്ന പോരാട്ടങ്ങളുടെ കൂടി കാലഘട്ടമാണത്. തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ യുഗം കൂടിയാണത്. എന്തു തന്നെ സംഭവിച്ചാലും അന്തിമവിജയം ചൂഷിതരും മർദ്ദിതരുമായ അദ്ധ്വാനിക്കുന്ന ജനങ്ങളുടേതായിരിക്കും. അത് ചരിത്രപരമായ ഒരനിവാര്യതയാണെന്ന വസ്തുത സാമ്രാജ്യത്വശക്തികളെ ചകിതരാക്കുന്നു. ആധുനിക തിരുത്തൽവാദത്തിന്റെ വളർച്ച സോഷ്യലിസ്റ്റ് ക്യാമ്പിൽ തകർച്ചയുണ്ടാക്കുകയും വിജയത്തിലേയ്ക്കുള്ള മുന്നേറ്റത്തിൽ കാലവിളംബം വരുത്തുകയും ചെയ്തുവെന്നത് ശരി തന്നെ. എന്നാൽ, അതും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അതിന്റെ ഉള്ളിൽത്തന്നെയുള്ള ശത്രുവായ ആധുനിക തിരുത്തൽവാദത്തെ തിരിച്ചറിയാനും ഉന്മൂലനം ചെയ്യാനുമുള്ള പുതിയ അറിവും കരുത്തും പ്രദാനം ചെയ്തതിലൂടെ സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടത്തെ ശക്തിപ്പെടുത്തുകയാണുണ്ടായത്.

ലോകത്തെമ്പാടുമുള്ള മുതലാളിത്ത സാമ്രാജ്യത്വശക്തികൾ കിണഞ്ഞു പരിശ്രമിച്ചിട്ടും തടയാനാകാതെ ജനങ്ങൾ സമരരംഗത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. 99 ശതമാനം വരുന്ന ബഹുജനങ്ങളുടെ മേൽ 1 ശതമാനം മാത്രം വരുന്ന കുത്തകകളുടെ വാഴ്ചയെ ചോദ്യം ചെയ്തുകൊണ്ട് അവർ ശക്തമായ ചെറുത്തുനില്പിനൊരുങ്ങുന്നു. യുദ്ധവെറിയന്മാരായ അമേരിക്കൻ സാമ്രാജ്യത്വം തന്നെ അതിന്റെ ചൂട് അറിഞ്ഞുതുടങ്ങിയിരിക്കുന്നു. അവർ അധിനിവേശം നടത്തിയിരിക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല, അവരുടെ സ്വന്തം അകത്തളങ്ങളിൽത്തന്നെ പ്രക്ഷോഭം വളർന്നുവരികയാണ്. ഇത് ഭരണാധികാരികളെ ശരിക്കും വിറളിപിടിപ്പിച്ചിരിക്കുകയാണ്. മുതലാളിമാർക്കും കുത്തകകൾക്കും ഇനി ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ ധൈര്യമില്ല. അവരുടെ മുൻഗാമികളായ പഴയകാല ബൂർഷ്വാസി ജനങ്ങളെ രാജ്യത്തിന്റെ സമ്പത്തായി കണ്ടിരുന്നതിന് നേരെ വിപരീതമായാണ് അവർ ഇന്ന് ചിന്തിക്കുന്നത്. ഇന്നത്തെ ഭരണാധികാരികളായ സാമ്രാജ്യത്വശക്തികൾ, എന്തെങ്കിലുമൊരു വിമർശനമുയർത്തുന്ന ഏതൊരു സാധാരണക്കാരനെയും ഒരു ഭീകരസത്വത്തെപ്പോലെ ഭയപ്പെടുന്നു. ശിരസ്സുയർത്താൻ തയ്യാറാകുന്ന ഏതൊരാളുടെയും നിഴലിനെപ്പോലും അവർ ശത്രുവായിക്കണ്ട് പേടിക്കുന്നു. അതിനാൽ അവർ അവരുടെ അധുനാധുനമായ ചാരശൃംഖല സമൂഹത്തിലൊന്നാകെ വിരിക്കുകയാണ്. ലോകത്തിന്റെ ഏതൊരു മൂലയിലുമുള്ള ഏതൊരാളും അവരുടെ നിരീക്ഷണത്തിൻ കീഴിൽ വരണമെന്നതാണ് അവരുടെ ആവശ്യം. അതിനാൽ, ഇത് ഏതെങ്കിലും ഒരു രാജ്യത്തിന്റെയോ ഏതെങ്കിലും ഭരണാധികാരിയുടെയോ മാത്രം കാര്യമല്ല. മുതലാളിത്ത സാമ്രാജ്യത്വ വ്യവസ്ഥിതി ഒന്നാകെ ഈ മനുഷ്യത്വരഹിതവും നീചവുമായ പദ്ധതിയിൽ പങ്കാളിയാണ്. ഓരോ വ്യക്തിയെയും അവർ ചാരക്കണ്ണുകൾ കൊണ്ട് നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഒരാളും അവരുടെ പിടി വിട്ട് കുതറിപ്പോകരുത്; വ്യവസ്ഥിതിയോട് കലഹിക്കുകയും ഒടുവിൽ മുതലാളിത്ത-സാമ്രാജ്യത്വത്തിനെതിരായ വിപ്ലവത്തിൽ പങ്കാളിയായിത്തീരുകയും ചെയ്യരുത്. ഇതാണവരുടെ ഉന്നം. സാമ്രാജ്യത്വ അക്രമിസംഘത്തിന്റെ മേധാവിയെന്ന നിലയിൽ അമേരിക്കൻ സാമ്രാജ്യത്വമാണ് ഇന്ന് മനുഷ്യരാശിയുടെ ഏറ്റവും വലിയ ശത്രു. ഏറ്റവും കൂടുതൽ പ്രതിയോഗികളുള്ളതും അവർക്കാണ്. അതിനാൽ അവർ തന്നെയാണ് ഏറ്റവും മാരകമായ വിധത്തിൽ സ്വയം ആയുധമണിഞ്ഞിരിക്കുന്നതും. ജനങ്ങൾക്കെതിരായ ഈ ചതി പ്രയോഗത്തിൽ അവരുപയോഗിക്കുന്ന ഉപകരണങ്ങളാണ് എൻ.എ.സ്.എയും അതുപോലുള്ള മറ്റ് ചാര സംഘടനകളും. എൻ.എസ്.എയ്ക്ക് കിട്ടിയിരിക്കുന്നതുപോലുള്ള അവസരങ്ങളും വിഭവങ്ങളും ലഭിക്കുകയാണെങ്കിൽ ബ്രിട്ടന്റെ ജി.സി.എച്ച്.ക്യുവും മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളുടെ ചാരസംഘടനകളുമെല്ലാം അത് തന്നെ ചെയ്യുമെന്നതിലും സംശയമില്ല.

ലോക മുതലാളിത്ത വ്യവസ്ഥിതി ഇന്ന് എത്തിച്ചേർന്നിരിക്കുന്ന അവസ്ഥ ഇതാണ്! ആ വ്യവസ്ഥിതി ഇന്ന് വിരലിലെണ്ണാവുന്നത്ര ചുരുക്കം ചിലരുടെ താല്പര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നുവെന്ന് മാത്രമല്ല, ബാക്കി വരുന്ന ജനങ്ങളെയെല്ലാം നിത്യമായ അടിമത്തത്തിലും നിരീക്ഷണത്തിലും തളച്ചിടാനും അത് ഒരുങ്ങുന്നു. സ്വാതന്ത്ര്യം, ജനാധിപത്യം, പൗരസ്വാതന്ത്ര്യം, ഉദാരത തുടങ്ങിയ വാക്കുകളെല്ലാം അവർ ഉച്ചരിക്കുന്നുണ്ടെങ്കിലും അതെല്ലാം കാറ്റിൽ പറത്തപ്പെടാൻ പോവുകയാണ്. *മുതലാളിത്തത്തെ സേവിക്കുക അല്ലെങ്കിൽ മരിക്കുക* – ഈയൊരു മന്ത്രം മാത്രം ജനങ്ങൾ ഉരുവിടണമെന്നാണ് അവർ ആവശ്യപ്പെടുന്നത്.

അപകടമുന്നറിയിപ്പ് നൽകുന്നവർ സൂചന നൽകിക്കഴിഞ്ഞു. സോഷ്യൽ നെറ്റ്‌വർക്കുകളിലൊന്നിലെ പോസ്റ്റിൽ ഒരു അമേരിക്കൻ പൗരൻ കുറിച്ചതുപോലെ, ജനങ്ങൾ അവരുടേതായ വിലയിരുത്തൽ നടത്തണം. തങ്ങൾ ചെയ്യുന്നതെല്ലാം മറച്ചുവയ്ക്കാൻ വേണ്ടി ജനങ്ങളെ അപകീർത്തിപ്പെടുത്തുക എന്ന തന്ത്രമാണ് പതിറ്റാണ്ടുകളായി ഗവൺമെന്റ് ചെയ്തുവരുന്നത്. സ്നോഡൻ ചുരുങ്ങിയ പക്ഷം ഒരു കാര്യം തെളിയിച്ചിരിക്കുന്നു. ഗവൺമെന്റ് ചെയ്യുന്നതെല്ലാം നമുക്കറിയില്ല എന്നതാണത്. ഗവൺമെന്റ് എക്കാലത്തും നല്ല കാര്യങ്ങൾ തന്നെയല്ല ചെയ്തിട്ടുള്ളത് എന്ന് ചരിത്രം തെളിയിക്കുന്നു.

അമേരിക്കയ്ക്കുള്ളിലും പുറത്തുമുള്ള എല്ലായിടത്തു നിന്നും ഈ ശബ്ദം ഉയരട്ടെ: ഗവൺമെന്റിന്റെ എല്ലാ ചെയ്തികളും അവരുടെ യജമാനന്മാരുടെ, അതായത് ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ, ഭരിക്കുന്ന കുത്തകകളുടെ ആജ്ഞാനുസരണമുള്ളവയാണ്. അവരുടെ അടിമകളായി, ജീവിതകാലം മുഴുവൻ ചങ്ങലക്കെട്ടിൽ കഴിയുന്ന ആളുകൾ മാത്രം അധിവസിക്കുന്ന ഒരു ശവപ്പറമ്പായി ലോകത്തെ മാറ്റാനാണ് അവർ ആഗ്രഹിക്കുന്നത്. പക്ഷെ, ജനങ്ങൾക്ക് അവരുടേതായ വിലയിരുത്തലുണ്ട്. സാമ്രാജ്യത്വകുതന്ത്രങ്ങൾ നടപ്പിലാക്കാൻ അവർ അനുവദിക്കുകയില്ല. അവർ ഉച്ചൈസ്തരം ഉദ്ഘോഷിക്കും: ജനങ്ങൾക്കെതിരായ ചാരവൃത്തിയെന്ന ഈ ദുഷ്ടപദ്ധതി തുലയട്ടെ! ഗൂഢാലോചനക്കാരായ ഭരണകർത്താക്കളും കുത്തകകളും തുലയട്ടെ! മനുഷ്യരാശിയുടെ ഈ കൊടിയ ശത്രുക്കളെ നേരിടാൻ അണിനിരക്കുക. ഉറച്ച ചുവടുകളോടെ അചഞ്ചലം സധൈര്യം, മനുഷ്യത്വത്തെയും ആത്മാഭിമാനത്തെയും ആയുധമാക്കിക്കൊണ്ട്, മുന്നേറുക.

## മഹാനായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കിന്റെ നൂറാംവാർഷികാചരണം

# സംസ്ഥാനതല ഉദ്ഘാടന സമ്മേളനം

നവംബർ 12 ന് തിരുവനന്തപുരം വൈഎംസിഎ ഹാളിൽവച്ച്, നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രം ഡയറക്ടർ ഡോ.വി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ആചരണകമ്മിറ്റി സംസ്ഥാന ചെയർമാൻ ഡോ.എൻ. എ.കരിം ഉദ്ഘാടനം ചെയ്തു. പത്മശ്രീ. കെ.വിശ്വനാഥൻ എഴുതി നൽകിയ സന്ദേശം സമ്മേളനത്തിൽ അവതരിപ്പിച്ചു.

നേതാജി സാമൂഹ്യസാംസ്കാരിക പഠന കേന്ദ്രം പ്രസിദ്ധീകരിച്ച *അയ്യൻകാളിയും കേരളനവോത്ഥാനവും* എന്ന പുസ്തകത്തിന്റെ പ്രകാശനം, സമ്മേളന വേദിയിൽവെച്ച് പ്രമുഖ പത്രപ്രവർത്തകൻ ബി.ആർ.പി ഭാസ്കർ, അയ്യൻകാളിയുടെ പൗത്രനായ പി.ശശിധരൻ ഐപിഎസിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ്, പി.വി.ഗോപി ഐ.എ.എസ്, വി.ശശി എംഎൽഎ, എസ്.വി.എസ്.വി നേതാവ് എൻ.തങ്കപ്പൻ, ആർ.പാർവ്വതീദേവി, എ.ഐ.എം.എസ്.എസ് സംസ്ഥാന സെക്രട്ടറി ഷൈല.കെ.ജോൺ, വിനു എബ്രഹാം , ബി.ഗോപി, എസ്.ബുർഹാൻ, എം.ഷാജർഖാൻ എന്നിവർ പ്രസംഗിച്ചു. ആചരണകമ്മിറ്റി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ സ്വാഗതവും ജില്ലാ കൺവീനർ ആർ.ബിജു നന്ദിയും പറഞ്ഞു.



അയ്യങ്കാളി നയിച്ച കാർഷിക പണിമുടക്കിന്റെ നൂറാം വാർഷികാചരണ പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം ഡോ.എൻ.എ.കരിം നിർവ്വഹിക്കുന്നു

# ആന്ധ്രാവിഭജനത്തിനെതിരെ

## എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ശക്തമായ ബഹുജനസമരം സംഘടിപ്പിക്കുന്നു

സംസ്ഥാനത്തെ രണ്ടായി വിഭജിക്കുവാനുള്ള കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെയും കോൺഗ്രസ്സ് നേതൃത്വം നൽകുന്ന യുപിഎ ഗവൺമെന്റിന്റെയും തീരുമാനം പ്രഖ്യാപിക്കപ്പെട്ട ഉടൻതന്നെ ആന്ധ്രയിലൊന്നാകെ, വിശേഷിച്ചും രായലസീമ യിലും തീരദേശ ആന്ധ്രയിലും, ജനകീയ പ്രതിഷേധം അണ പൊട്ടിയൊഴുകി. സമൂഹത്തിന്റെ എല്ലാ തുറകളിലുംപെട്ട ലക്ഷ ക്കണക്കിന് ജനങ്ങൾ പ്രാദേശികവാദത്തിനെതിരെ, സംസ്ഥാന ത്തിന്റെ ഐക്യം കാത്തുപുലർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് തെരുവിലിറങ്ങി. ഐതിഹാസികമായ ഈ പ്രക്ഷോഭണത്തിൽ നമ്മുടെ പാർട്ടി വളരെ നിർണ്ണായകമായ പങ്കുവഹിച്ചു.

എല്ലാ ജനങ്ങളോടും, വിശേ ഷിച്ചും തെലുങ്കാനയിലെ ജനങ്ങ ളോട്, നിലവിലുള്ള ആന്ധ്രാപ്രദേശ് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങ ളിലെയും അദ്ധ്വാനിക്കുന്ന സാധാ രണക്കാരന്റെ ഐക്യം തകർക്കപ്പെ ടാതെ സംരക്ഷിക്കുവാൻ ആഹ്വാ നം ചെയ്തു.

എസ്‌യുസിഐ(കമ്മ്യൂണി സ്റ്റ്)-ന്റെ ആന്ധ്രാ സംസ്ഥാന സം ഘാടക കമ്മിറ്റി വിപുലമായ പ്രചാ രണപരിപാടികൾ സംസ്ഥാനത്തുട നീളം ആരംഭിച്ചു. വിശേഷിച്ചും ഹൈദ്രാബാദ്, അനന്തപൂർ, വിശാ ഖപട്ടണം, കുർണൂൽ, ചിറ്റൂർ, നെല്ലൂർ, ശ്രീകാകുളം, ഗുണ്ടൂർ, വിജ യവാഡ, രാജമുൻഡ്രി, നൽഗൊണ്ട തുടങ്ങിയ ജില്ലകളിൽ. ലക്ഷക്കണ ക്കിന് ലഘുലേഖകളും പതിനായി രക്കണക്കിന് ബുക്ക്‌ലെറ്റുകളും വിതരണംചെയ്തു. ഹൈദരാബാദ് നഗരത്തിൽ നമ്മുടെ സഖാക്കളെ വിഭാഗീയവാദികൾ കടന്നാക്രമിക്കു കയുമുണ്ടായി. സർക്കാർ ജീവന ക്കാരും അദ്ധ്യാപകരും റോഡ് ട്രാൻസ്‌പോർട്ട് തൊഴിലാളികളും ഇലക്ട്രിസിറ്റി ജീവനക്കാരും നട ത്തിയ അനിശ്ചിതകാല പണിമു ടക്കുസമരത്തെ നമ്മുടെ പാർട്ടി സമ്പൂർണ്ണമായും പിന്തുണച്ചു.

ഹൈദരാബാദ് നഗരത്തിൽ നടന്ന മഹാറാലിയുടെ കോ-ഓർഡിനേ ഷൻ കമ്മിറ്റിയിൽ മറ്റ് ബഹുജനസം ഘടനകളോടും ജീവനക്കാരോടു മൊപ്പം നമ്മുടെ സഖാക്കളും അണിനിരന്നു. സഖാവ് ഹേമലത നേതൃത്വം നൽകിക്കൊണ്ട് മുൻനി രയിൽ നിലകൊണ്ടു. നിരവധിയായ മറ്റ് സംഘടനകളുടെ ആഭിമുഖ്യ ത്തിൽ സംസ്ഥാനത്തുടനീളം നടന്ന പൊതുയോഗങ്ങളിലും പാർട്ടി നേതാക്കന്മാർ പങ്കെടുത്തു. ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗ നൈസേഷന്റെ(എഐഡിവൈഒ) ആഭിമുഖ്യത്തിൽ വിശാഖപട്ടണത്ത് നടന്ന യുവജനറാലിയിൽ റിട്ട. ഐഎഎസ് ഓഫീസർ സി.എസ്. റാവുവിനൊപ്പം എസ്‌യുസിഐ(ക മ്മ്യൂണിസ്റ്റ്) സംസ്ഥാനസംഘാടകസ മിതിയംഗം സഖാവ് ഗോവിന്ദരാജ ലു പങ്കെടുത്തു. വിശാഖിൽ നടന്ന തൊഴിലാളികളുടെ വമ്പിച്ച ഒരു പ്രകടനത്തെ ആൾ ഇന്ത്യ യുണൈ റ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എ ഐയുറ്റിയുസി) നേതാവ് സഖാവ് കെ.സുധീർ അഭിസംബോധന ചെയ്തു. അനന്തപൂരിൽ നമ്മുടെ മുൻകൈയിൽ രൂപംകൊണ്ട വിദ്യാർത്ഥികളുടെയും യുവാക്കളു ടെയും സമരവേദിയുടെ ആഭിമുഖ്യ ത്തിൽ നിരവധി സമരപരിപാടികൾ കൈക്കൊണ്ടു.

ഒക്ടോബർ 4-ന്, അനന്തപൂർ ജില്ലാ ആസ്ഥാനത്ത് വമ്പിച്ച ഒരു റാലി സംഘടിപ്പിക്കപ്പെട്ടു. തൊഴി ലാളികളും ജീവനക്കാരും അദ്ധ്യാ പകരും വിദ്യാർത്ഥികളും യുവാക്ക ളും അണിനിരന്ന കൂറ്റൻ റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി പ്രസംഗിച്ചു. അനന്തപൂർ ജില്ലാ സെക്രട്ടറി ബി. എസ്.അമർനാഥ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലയി ലെയും സംസ്ഥാനത്തെയും നിര വധി പ്രമുഖരും പ്രശസ്തരുമായ വ്യക്തിത്വങ്ങൾ പങ്കെടുത്തു.

സഖാവ് കൃഷ്ണ ചക്രവർത്തി ഇപ്രകാരം അഭിപ്രായപ്പെട്ടു:

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെ തെലുങ്കാന യിലും രായലസീമയിലും തീരദേശ ആന്ധ്രയിലുംപെട്ട തെലുങ്കുജനത നടത്തിയ പോരാട്ടമാണ് വ്യത്യസ്ത ദേശീയതകളുള്ള ഈ രാജ്യത്ത് ഒരു തെലുങ്കു ദേശീയതയ്ക്ക് രൂപം നൽകിയത്. സമാനമായി ദേശീയത കൾ രൂപംകൊണ്ടിട്ടുള്ളത് മറ്റ് സംസ്ഥാനങ്ങളിലും കാണാനാകും. എന്നാൽ ഇപ്പോൾ ആന്ധ്രയെ രണ്ടാക്കി തെലുങ്കാന രൂപീകരി ക്കുന്നതോടെ വിഭജിക്കപ്പെടുന്നത് തെലുങ്കുദേശീയതയാണ്. ഏറെ വൈകാരികതയോടെയും അർപ്പ ണത്തോടെയും ഒരു കാലത്ത് തെലുങ്കു ദേശീയതയ്ക്കുവേണ്ടി നിലകൊണ്ടിരുന്ന രായലസീമയി ലെയും തെലുങ്കാനയിലെയും തീര ദേശ ആന്ധ്രയിലെയും ജനങ്ങൾ തെലുങ്കാന സംസ്ഥാന രൂപീകരണ തീരുമാനത്തെത്തുടർന്ന് ഒരാൾ മറ്റൊരാൾക്കെതിരെ തിരിയുന്ന അവസ്ഥയ്ക്ക് ഇരയാക്കപ്പെട്ടിരിക്കു ന്നു. ചരിത്രപരമായി നോക്കുമ്പോൾ ഇത് പുറകോട്ടുപോകലാണ്. തിരി ച്ചടിയാണ്. അവസരവാദ പാർല മെന്ററി താൽപര്യം പേറുന്ന കോൺഗ്രസ്സ്, ബിജെപി, ടിആർഎ സ്, തെലുങ്കുദേശം പാർട്ടികൾ ഒക്കെയും സംരക്ഷിക്കുന്നത് ഭരണ മുതലാളിവർഗ്ഗത്തിന്റെ താൽപര്യമാ ണ്, അതുകൊണ്ടുതന്നെ അവർ ജന ങ്ങളുടെ ശത്രുക്കളുമാണ്.

വിഭജനം ചൂഷിതജനവിഭാഗങ്ങ ളുടെ താൽപര്യം സംരക്ഷിക്കാനല്ല, ഏറ്റവും പിന്തിരിപ്പനായ നടപടിയാ ണത്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു കൊണ്ട് സ്ഥാപിതതാൽപ്പര്യക്കാർ പ്രചരിപ്പിക്കുന്നത് രായലസീമ, തീര ദേശ ആന്ധ്ര പ്രദേശങ്ങളെക്കാൾ പിന്നാക്കമാണ് തെലുങ്കാന എന്നാ ണ്. വസ്തുതാപരമായി ഇത് തികച്ചും തെറ്റായ പ്രചാരണമാണ്. കോൺഗ്രസ്സ് നിയോഗിച്ച ശ്രീകൃ ഷ്ണകമ്മീഷൻ തന്നെ ഈ വാദം അസത്യമാണ് എന്ന് തെളിയിക്കു ന്നു. തെലുങ്കാനയിലെ നിരവധി പ്രദേശങ്ങൾ, ഹൈദരാബാദിൽ ഉൾപ്പെടെ, പിന്നാക്കമാണ്. അതു പോലെതന്നെ രായലസീമയിലും തീരദേശആന്ധ്രയിലും നിരവധി പ്രദേശങ്ങളും പിന്നാക്കാവസ്ഥയി ലാണ്. ഒരു പ്രദേശത്തിന്റെ പിന്നാ ക്കാവസ്ഥ മറ്റേതെങ്കിലും പ്രദേ ശത്തെ ജനങ്ങൾ കാരണമോ അവ രുടെ കുറ്റംകൊണ്ടോ ഉണ്ടാകുന്നത ല്ല. മറിച്ച്, അത് നിരങ്കുശമായ മുത ലാളിത്തചൂഷണത്തിന്റെ സൃഷ്ടിയാ ണ്. അസമമായ വികസനം മുതലാ ളിത്തത്തിന്റെ സവിശേഷമായ ലക്ഷ ണമാണ് എന്ന് മഹാനായ ലെനിൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യയിലെ ജനങ്ങൾ, അവർ ഏത് സംസ്ഥാ നത്ത് വസിക്കുന്നവരായാലും ഈ മുതലാളിത്ത ചൂഷണത്തിന്റെ ഇര കളാണ്. അവരുടെ ജീവിതത്തിൽ എവിടെയാണ് വികസനത്തിന്റെ നേരിയ രേഖയെങ്കിലും കാണാനാ കുക? വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന കഷ്ടപ്പാടുകളും ഏറിവരുന്ന ദാരി ദ്ര്യവും ജീവിതത്തിന്റെ എല്ലാമേഖ ലകളിലുമുള്ള കടന്നാക്രമണങ്ങളു മാണ് അവർ അനുഭവിക്കുന്നത്. അടിച്ചമർത്തപ്പെടുന്ന ജനങ്ങൾ, അവർ ഏതുദേശക്കാരായാലും ഏതുവിഭാഗമായാലും ഏതുദേശീയ തയായാലും മുതലാളിത്ത സമ്പദ്ക്ര മത്തിനും മുതലാളിത്ത ഭരണകൂട ത്തിനുമെതിരെ ഒരുമിക്കേണ്ടിയിരി ക്കുന്നു. വിലക്കയറ്റം, തൊഴിലില്ലാ യ്മ, സാമ്പത്തികമാന്ദ്യം, സാംസ്കാ രിക രംഗത്തെ തകർച്ച, സ്ത്രീകൾ ക്കും കുട്ടികൾക്കുമെതിരെ വർദ്ധി ച്ചുവരുന്ന അതിക്രമങ്ങൾ, സർവ്വാശ്ലേഷിയായ അഴിമതി, വിദ്യാ ഭ്യാസ-ആരോഗ്യരംഗത്തെ പ്രതിസ ന്ധികൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലയിലെയും പ്രശ്ന ങ്ങൾ, ജീർണ്ണിച്ച മരണാസന്ന മുത ലാളിത്തത്തിന്റെ സൃഷ്ടിയാണ്. ജന ങ്ങളുടെ സർവ്വതോമുഖമായ വികാ സത്തിന് മുതലാളിത്തത്തെ നിഷ്കാസനം ചെയ്തേ മതിയാകൂ. ആ സമരത്തിന് ജനങ്ങളുടെ ദൃഢ മായ ഐക്യം, അഭേദ്യമായ ഒത്തൊ രുമ ആവശ്യമാണ്. ഇപ്പോഴത്തെ ജീവൽപ്രധാനമായ ആവശ്യകത ഇതാണ്. എന്നാൽ മുതലാളിത്തം ഇന്ന് ഏറ്റവും ഭയപ്പെടുന്നത്, എല്ലാ ത്തരം വിഭാഗീയ ചിന്താഗതി കൾക്കും അതീതമായി ഉയർന്നുവ രുന്ന ജനങ്ങളുടെ ഐക്യത്തെയാ ണ്. തങ്ങളെ ആഴത്തിൽ ഗ്രസിച്ചി രിക്കുന്ന ദുർവ്വിധിയുടെ യഥാർത്ഥ കാരണത്തെക്കുറിച്ച് ജനങ്ങൾ അജ്ഞരായിരിക്കണം എന്നതാണ് മുതലാളത്തത്തിന്റെ താൽപര്യം. ജാതി, മതം, സമുദായം, ഭാഷ, പ്രദേശം തുടങ്ങി മറ്റുനിരവധി നിരർത്ഥകമായ കാര്യങ്ങളുടെ അടി സ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ചു നിർത്താൻ ചൂഷകരും മുതലാ ളിത്തത്തിന്റെ വിശ്വസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളും പരിശ്രമിക്കുന്നത് അതുകൊണ്ടാണ്. ജാതീയത, പ്രാദേ ശികത, സാമുദായികത തുടങ്ങി എല്ലാത്തരം വിഘടന ചിന്താഗതി കളും അവർ കുത്തിപ്പൊക്കുകയും ആളിക്കത്തിക്കുകയും ചെയ്യുന്നു.

ചെറിയ സംസ്ഥാനങ്ങൾ ജന ങ്ങളുടെ വികസനത്തിന് കുതി പ്പേകും എന്നത് അയഥാർത്ഥമായ പ്രചാരണം മാത്രമാണ്. ഇത് സത്യ ത്തിന് നിരക്കാത്ത കാര്യമാണ്. ബീഹാർ, മദ്ധ്യപ്രദേശ്, ഉത്തർപ്ര ദേശ് തുടങ്ങിയ സംസ്ഥാനങ്ങളെ മുറിച്ചാണ് ഛത്തീസ്ഗഢ്, ഉത്തരാ ഖണ്ഡ്, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ രൂപീകരിച്ചത്. ഇത് പ്രദേശവാസികളുടെ ദുരിതങ്ങളെ ലഘൂകരിച്ചോ? അതോ അവരുടെ ദുരിതങ്ങൾ പതിന്മടങ്ങായോ? അവിഭജിത ബീഹാറിന്റെ വടക്കൻ പ്രദേശം അഥവാ ഇപ്പോഴത്തെ ബീഹാർ പ്രധാനമായും ഗംഗയി ലെയും മററ് നദികളിലെയും എക്കൽ അടിഞ്ഞുണ്ടായ ഫലഭൂയി ഷ്ഠമായ കൃഷിഭൂമിയാണ്. മറുവശ ത്തോ, അവിഭജിത ബീഹാറിന്റെ തെക്കൻ പ്രദേശം അഥവാ ഇപ്പോ ഴത്തെ ഝാർഖണ്ഡ് ഇരുമ്പയിര്, കൽക്കരി, മറ്റ് ധാതുക്കൾ എന്നിവ യാൽ സമ്പുഷ്ടമാണ്. വ്യവസായ ങ്ങൾ പ്രധാനമായും തെക്കൻ ബീഹാറിലാണ്, എന്നാൽ വടക്കൻ ബീഹാറാകട്ടെ ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങളാൽ സമ്പന്നമാണ്. കൃഷിഭൂമിയിൽ കേവലം 15% മാത്രമേ വിഭജനത്തെത്തുടർന്ന് ഝാർഖണ്ഡിൽ എത്തിയിട്ടുള്ളു, ബീഹാറിലാകട്ടെ വ്യവസായങ്ങൾ ഒന്നുംതന്നെയില്ല താനും. മുതലാ ളിത്തത്തിന്റെ ഗുരുതരമായ സാമ്പ ത്തിക പ്രതിസന്ധിമൂലം ജംഷ ഡ്പൂർ ഉൾപ്പെടെ ഝാർഖണ്ഡിലെ വ്യവസായ കേന്ദ്രങ്ങളിലെല്ലാം ലക്ഷക്കണക്കിന് തൊഴിലാളികൾ പിരിച്ചുവിടപ്പെട്ടിരിക്കുന്നു. രാജ്യ ത്താകമാനം വ്യവസായങ്ങൾ അട ച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുന്നു, പുതി യതൊന്നും ആരംഭിക്കുന്നുമില്ല. കർഷകരും കർഷകത്തൊഴിലാളി കളും പണിയന്വേഷിച്ച് മറ്റുസംസ്ഥാ നങ്ങളിലേയ്ക്ക് കുടിയേറിക്കൊ ണ്ടുമിരിക്കുന്നു. കൊട്ടിഘോഷിക്ക പ്പെടുന്ന വികസനം എവിടെയാണ്? തൊഴിലില്ലായ്മയും ഫാക്ടറി അട ച്ചുപൂട്ടലും പിരിച്ചുവിടലുമൊക്കെ ഇന്ത്യയിലെ മാത്രം പ്രതിഭാസങ്ങ ളുമല്ല. സാമ്രാജ്യത്വ മുതലാളിത്ത ലോകത്ത് ഒന്നാകെ ഇതുകാണാനാ കും. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, പോർച്ചുഗൽ തുട ങ്ങിയ രാജ്യങ്ങളിലെല്ലാം തൊഴിലാ ളികൾ ശക്തമായ പ്രതിഷേധവു മായി തെരുവിലാണ്.

കൃഷ്ണ, ഗോദാവരി, തുംഗഭദ്ര തുടങ്ങിയ നദികളുടെ എക്കൽ അടിഞ്ഞ ഫലഭൂയിഷ്ഠമായ മണ്ണാണ് ആന്ധ്രയിലെയും. മാത്ര മല്ല ധാതുസമ്പന്നവും. എന്നിട്ടു മെന്തേ തെലുങ്കാനയിലെയും രായ ലസീമയിലെയും തീരദേശ ആന്ധ്ര യിലെയും ജനങ്ങൾ ഇത്രമേൽ കഷ്ടതയനുഭവിക്കുന്നു? രായലസീ മയിലെ സാധുക്കളാണോ തെലുങ്കാ നയിലെ ജനങ്ങളുടെ വികസന ത്തിന് എതിരു നിൽക്കുന്നത്? അതോ തെലുങ്കാനയിലെ ജനങ്ങൾ രായലസീമയിലെ സാധുക്കളുടെ വികസനത്തിന് എതിരുനിൽക്കുന്നു വെന്നു കരുതണമോ? എല്ലാ പ്രശ്ന ങ്ങളും മുതലാളിത്തത്തിന്റെ സൃഷ്ടിയാണ് എന്നിരിക്കെ തെലു ങ്കാന പ്രത്യേകസംസ്ഥാനം രൂപീക രിച്ചുകഴിഞ്ഞാൽ വികസനത്തിന്റെ കുത്തൊഴുക്ക് എങ്ങനെ സാദ്ധ്യ മാകും? ഇതെല്ലാം കണ്ണടച്ചിരുട്ടാ ക്കുന്ന വീൺവാക്കുകളാണ്. ജനങ്ങ ളുടെ ചെലവിൽ അധികാരത്തിന്റെ സുഖവും സൗഭാഗ്യങ്ങളും ആസ്വ ദിക്കുന്ന മന്ത്രിമാർക്കും ഭരണപോ ലീസ് സംവിധാനങ്ങളിലെ മേലാള ന്മാർക്കും മാത്രമാണ് ഇതുകൊണ്ടു ള്ള നേട്ടം. പുതിയ സംസ്ഥാനവും ഭരണകാര്യാലയങ്ങളുടെ ക്രമീകര ണവും വൻതോതിൽ പണമൊഴു ക്കുന്ന ഇടപാടാണ്. ആന്ധ്രയിലെ വൻകിടമുതലാളിമാരെല്ലാവരും തന്നെ തീരദേശ ആന്ധ്രനിവാസിക ളാണ്. കമ്പോളത്തെച്ചൊല്ലി ചെറു കിട മുതലാളിമാരും വൻകിടമുത ലാളിമാരുമായുള്ള മത്സരവും പുതിയ സംസ്ഥാനമെന്ന മുറവി ളിക്ക് പ്രകോപനമായിട്ടുണ്ട്.

ആന്ധ്രവിഭജനം കോൺഗ്രസ് പ്രഖ്യാപിക്കുകയും ബിജെപി പി ന്തുണയ്ക്കുകയും ചെയ്ത ഉടൻ തന്നെ ഗുർഖാലാന്റ്, ബോഡോലാ ന്റ്, വിദർഭ തുടങ്ങി നിരവധി സ്ഥലങ്ങളിൽ പുതിയ സംസ്ഥാ ത്തിനുള്ള മുറവിളി ഉയർന്നു. വർ ദ്ധിച്ചുവരുന്ന ജീവതപ്രശ്നങ്ങൾക്ക് പരിഹാരം പുതിയ സംസ്ഥാനരൂപീ കരണം മാത്രമാണ് എന്ന ചർച്ചയു യർത്തി യഥാർത്ഥ പ്രശ്നങ്ങ ളിൽനിന്ന് ജനങ്ങളുടെ ശ്രദ്ധതിരിച്ചു വിടാനുള്ള കുടിലതന്ത്രമാണ് അതിന്റെയെല്ലാം പിന്നിൽ. അതു പോലെതന്നെ സാമുദായികവികാരം ഇളവിക്കിട്ട് ഒരുകൂട്ടരെ മറ്റൊരു കൂട്ടർക്കെതിരെ തിരിക്കുകയാണ്. ഹിന്ദുക്കൾ മുസ്ലീങ്ങളെയും തിരിച്ച് മുസ്ലീങ്ങൾ ഹിന്ദുക്കളെയുമാണോ ചൂഷണം ചെയ്യുന്നത്? ചൂഷണപര മായ മുതലാളിത്തത്തിന് ഹിന്ദു വെന്നോ മുസ്ലീമെന്നോ ഇല്ല. തെലു ങ്കാനക്കാരെന്നോ തീരദേശ ആന്ധ്ര യിലെ ജനങ്ങളെന്നോ ഇല്ല.

വിഭജനത്തിനെതിരെ ഉയരുന്ന ജനകീയ പ്രക്ഷോഭണത്തെ വഴിതി രിച്ചുവിടുക എന്ന ലക്ഷ്യത്തോടെ നടക്കുന്ന പ്രചാരണങ്ങൾ ഇപ്പോൾ എത്തിനിൽക്കുന്നത് ഹൈദരാബാ ദിന്റെ പദവിസംബന്ധിച്ച ചർച്ചയി ലാണ്. അതായത് സംസ്ഥാനവിഭ ജനം യാഥാർത്ഥ്യമായിക്കഴിഞ്ഞിരി ക്കുന്നു എന്ന നിലയിൽ. കുടിവെ ള്ള വിതരണം, റവന്യൂ, ഭരണസം വിധാനങ്ങളുടെ ക്രമീകരണം, ഹൈ ദരാബാദിന്റെ പദവി തുടങ്ങിയ കാ ര്യങ്ങൾ മാത്രമേ ഇനി ചിട്ടപ്പെടു ത്തുവാനുള്ളൂ എന്ന മട്ടിൽ ചർച്ച കൾ വഴിതിരിച്ചുവിടുകയാണ്.

യാഥാർത്ഥ്യം മനസ്സിലാക്കി ജന ങ്ങൾ മുന്നോട്ടുവരണം. കള്ള പ്രചാ രണങ്ങളെയും മുതലാളിത്ത ഗൂഢാ ലോചനകളെയും പരാജയപ്പെടു ത്തിയേ മതിയാകൂ. ബീഹാറും ഉത്തർപ്രദേശും മദ്ധ്യപ്രദേശും വിഭ ജിച്ച സമയത്ത് ജനങ്ങളുടെ പ്രതി ഷേധമോ പ്രതിരോധമോ ഉണ്ടായി ല്ല. എന്നാൽ ഇപ്പോൾ ജനങ്ങൾ രം ഗത്തുവന്നിരിക്കുന്നു. ദൗർഭാഗ്യക രമെന്നു പറയട്ടെ, കോൺഗ്രസ്, ബിജെപി, തെലുങ്കുദേശം, ടിആർ എസ് തുടങ്ങിയ പാർട്ടികളെപ്പോലെ തന്നെ സിപിഐയും വിഭജനത്തെ പിന്തുണച്ചിരിക്കുന്നു. സിപിഐ (എം) ഉം ഫലത്തിൽ വിഭജനത്തെ പിന്തുണയ്ക്കുകയാണ്. വിഭജന ത്തിനെതിരെ തീരദേശ ആന്ധ്രയിൽ ചില എൻജിഒ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതി ഷേധ പരിപാടികളെ വിചിത്രയു ക്തികൾ ഉപയോഗിച്ചാണ് സിപി ഐ(എം) നേതാക്കൾ എതിർത്തത്. നമ്മുടെ പാർട്ടി മാത്രമാണ് സർവ്വ ശക്തിയുമുപയോഗിച്ച് വിഭജനത്തെ എതിർക്കുന്നത്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയ ങ്ങൾക്കെതിരെ, വിശേഷിച്ചും വിഭ ജനത്തിനെതിരെ, വിശാലമായ ബഹുജനപ്രക്ഷോഭണം പടുത്തു യർത്താനും ജനങ്ങളുടെ ഐക്യം ജീവനുതുല്യം കാത്തുപുലർത്താ നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# വിലക്കയറ്റത്തിനെതിരെ നടന്ന സമരപരിപാടികൾ

## ചങ്ങനാശ്ശേരി താലൂക്ക് ഓഫീസ് മാർച്ച്

**ച**ങ്ങനാശ്ശേരി: വിലക്കയറ്റത്തിനെതിരെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)യുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഓഫീസ് മാർച്ച് സംഘടിപ്പിക്കപ്പെട്ടു. ചങ്ങനാശ്ശേരി താലൂക്ക് ഓഫീസിലേക്ക് നടന്ന മാർച്ച് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റി അംഗം മിനി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ കക്ഷിരാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അതീതമായി സ്ത്രീപുരുഷഭേദമന്യെ ശക്തമായ ജനകീയസമരം വളർന്നുവരണം എന്ന് അവർ അഭിപ്രായപ്പെട്ടു. മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.കെ കൃഷ്ണൻ, മദ്യവിരുദ്ധ ജനകീയസമരസമിതി താലൂക്ക് കൺവീനർ എൻ.ജി.രാധാകൃഷ്ണൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം എൻ.കെ.ബിജു, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡന്റ് കെ.എസ്.ശശികല, റ്റി.ജെ.ജോണിക്കുട്ടി, കെ.സദാനന്ദൻ, കെ.എൻ രാജൻ, മേധ സുരേന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു. ■




ചങ്ങനാശ്ശേരി താലൂക്ക് ഓഫീസിലേക്ക് നടന്ന മാർച്ച്

## അന്നമനടയിൽ നടന്ന സമരപ്രചാരണ സമ്മേളനം




സഖാവ് ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു

**യു**ഡിഎഫ് ഭരണം ഒരു ന്യൂനപക്ഷം വരുന്ന കോർപ്പറേറ്റ് കുത്തകകളുടെ താൽപര്യം സംരക്ഷിക്കുവാൻ വേണ്ടി മാത്രമാണെന്നും അതിനുത്തമോദാഹരണങ്ങളാണ് കാതിക്കൂടം മാലിന്യപ്രശ്നം, പാലിയേക്കര ടോൾ, ദേശീയപാത കുടിയൊഴിപ്പിക്കൽ, കരിമണൽ ഖനനം എന്നീ വിഷയങ്ങളിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നിലപാടുകളെന്നും, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജയ്സൺ ജോസഫ് അഭിപ്രായപ്പെട്ടു. വിലക്കയറ്റത്തിനും അഴിമതിക്കും ജനദ്രോഹനയങ്ങൾക്കുമെതിരെ സംസ്ഥാന വ്യാപകമായി നടക്കുന്ന സമരപരിപാടികളുടെ ഭാഗമായി, കൊടുങ്ങല്ലൂർ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഉൽഘാടനം അന്നമനടയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങൾക്ക് മാതൃകയായി മാറേണ്ടുന്ന പല നേതാക്കളും ജനപ്രതിനിധികളും സദാചാര-ധാർമിക മൂല്യങ്ങളുടെ എല്ലാ പരിധികളും പരിപൂർണ്ണമായി വെടിഞ്ഞുകൊണ്ട് അഴിമതിയിലും ധൂർത്തിലും സ്വജനപക്ഷപാതത്തിലും അസാന്മാർഗികതയിലും കുടുങ്ങിയിരിക്കുകയാണ്. അഴിമതിയുടെ കാര്യത്തിൽ ഇടതു-വലതു സമവായമാണ് നിലനിൽക്കുന്നത്. സോളാർ-ലാവ്‌ലിൻ ഉൾപ്പെടെയുള്ള അഴിമതിക്കേസ്സുകളിൽ കോടതി വിധികളെന്താണെങ്കിലും ജനകീയക്കോടതികളിൽ നിന്നും ആർക്കും രക്ഷപെടാനാവില്ല. ജീവിത പ്രശ്നങ്ങളിൽ നിന്നും ഓടിയൊളിക്കുന്ന സമീപനമാണ് സി.പി.ഐ.(എം) ഉൾപ്പെടെയുള്ള പാർട്ടികൾ അനുവർത്തിക്കുന്നത്. തെരഞ്ഞെടുപ്പിനെ മാത്രം ലാക്കാക്കിയും കമ്മ്യൂണിസ്റ്റ് സദാചാര -ധാർമ്മിക മൂല്യങ്ങൾ പരിപൂർണ്ണമായി ഉപേക്ഷിച്ചുകൊണ്ടും ഇക്കൂട്ടർ നടത്തുന്ന പ്രവർത്തനങ്ങൾ സാമൂഹ്യ വിഷയങ്ങളിൽ ഇടപെടാനുള്ള ജനങ്ങളുടെ മനോഭാവവും കൂടി തകർത്തിരിക്കുകയാണ്. ചെങ്കൊടിയേന്തി അഭിമാനപൂർവ്വം പ്രവർത്തിച്ച നേതൃപാരമ്പര്യത്തിനും സാധാരണ പ്രവർത്തകർക്കും താങ്ങാനാവാത്ത ആഘാതവും നിരാശയുമാണ് ഇന്നത്തെ ഇടതന്മാർ സൃഷ്ടിച്ചിരിക്കുന്നത്. അധികാര രാഷ്ട്രീയത്തിലെ ഇന്നത്തെ ചക്കളത്തിപ്പോരുവെടിഞ്ഞ് യഥാർത്ഥ ജനസമരത്തിന്റെ ഭാഗത്തുവരുവാൻ എൽ.ഡി.എഫ്. തയ്യാറാകണമെന്നും ജയ്സൺ ജോസഫ് പറഞ്ഞു.

യോഗത്തിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലം കമ്മിറ്റിയംഗം സഖാവ് പി.കെ. ഷിബു അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സഖാവ് ഡോ. പി.എസ്. ബാബു, ജില്ലാ കമ്മിറ്റിയംഗം സഖാവ്. സി.കെ. ശിവദാസൻ, മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി സഖാവ് സുജ ആന്റണി എന്നിവർ പ്രസംഗിച്ചു. ■

## ആലപ്പുഴ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന സമരം




ചെങ്ങന്നൂർ താലൂക്ക് ഓഫീസ് മാർച്ച് സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

**വി**ലക്കയറ്റത്തിനും അഴിമതിക്കും ജനവിരുദ്ധ നയങ്ങൾക്കുമെതിരെ ആലപ്പുഴ ജില്ലയിൽ വിവിധ താലൂക്ക് ഓഫീസുകളിലേക്ക് പ്രതിഷേധ മാർച്ച് നടന്നു.

നവംബർ 11 ന് കാർത്തികപ്പള്ളി താലൂക്ക് ഓഫീസിലേക്ക് നടന്ന മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി സഖാവ് കെ.ശിവൻകുട്ടി അദ്ധ്യക്ഷതവഹിച്ചു. എഐഎംഎസ്എസ് സംസ്ഥാന കമ്മിറ്റിയംഗമായ അഡ്വ. എം.എ.ബിന്ദു പ്രസംഗിച്ചു. സഖാക്കൾ വർഗ്ഗീസ് എം.ജേക്കബ്, എൻ.ആർ. അജയകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

നവംബർ 16 ന് മാവേലിക്കര താലൂക്ക് ഓഫീസ് മാർച്ച് സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സഖാവ് കെ.ആർ. ഓമനക്കുട്ടൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ആർ.പാർത്ഥസാരഥി വർമ്മ, എം.എ.ബിന്ദു എന്നിവർ പ്രസംഗിച്ചു. സഖാക്കൾ വർഗ്ഗീസ് ജോർജ്ജ്, ആശ റ്റി., എസ്.ശശികുമാർ എന്നിവർ നേതൃത്വം നൽകി.

നവംബർ 20 ന് ചെങ്ങന്നൂർ താലൂക്ക് ഓഫീസ് മാർച്ച് സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സഖാവ് റ്റി. കോശി അദ്ധ്യക്ഷത വഹിച്ചു. സഖാവ് ആർ.പാർത്ഥസാരഥിവർമ്മ പ്രസംഗിച്ചു. സഖാക്കൾ റോയ് മാത്യു, എ. ബിമൽജി, വേണുഗോപാൽ വി., മധു ചെങ്ങന്നൂർ എന്നിവർ നേതൃത്വം നൽകി. ■

## കുളത്തൂപ്പുഴയിൽ വിലക്കയറ്റവിരുദ്ധ യോഗം

**കൊ**ല്ലം ജില്ലയുടെ കിഴക്കൻ മലയോരപ്രദേശമായ കുളത്തൂപ്പുഴയിലെ പാർട്ടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിലക്കയറ്റ വിരുദ്ധ പൊതുയോഗം നടന്നു. പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ജ്യോതികൃഷ്ണൻ യോഗം ഉദ്ഘാടനം ചെയ്തു.

സാധുജന വിമോചന സംയുക്തവേദി(എസ്‌വിഎസ്‌വി)യുടെ കുളത്തൂപ്പുഴ, ഡാലികരിക്കം, 12 സെന്റ് യൂണിറ്റുകളിൽനിന്നുള്ള പ്രവർത്തകർ പങ്കെടുത്ത യോഗത്തിൽ സഖാവ് സി.മുരളി അദ്ധ്യക്ഷത വഹിച്ചു. ജില്ലാകമ്മിറ്റിയംഗം സഖാവ് ജി.ധ്രുവകുമാർ, അഞ്ചൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.ശശാങ്കൻ എന്നിവരും പ്രസംഗിച്ചു.

യോഗത്തിനുമുന്നോടിയായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കുക, പാചകവാതക വിതരണം ബാങ്കുമായി ബന്ധിപ്പിക്കരുത്, നിത്യോപയോഗ സാധനങ്ങൾ മതിയായ വിലയ്ക്ക് പൊതുവിതരണ സംവിധാനം വഴി ലഭ്യമാക്കുക, ചില്ലറ വ്യാപാര രംഗത്തുനിന്നും കുത്തകകളെ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വ്യാപകമായ പ്രചാരണവും നടന്നു. ■




## ഡിസംബർ 6 വർഗ്ഗീയതാ വിരുദ്ധ ദിനം




പാലക്കാട് കല്ലേപ്പുള്ളിയിൽ നടന്ന പൊതുയോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് പ്രസംഗിക്കുന്നു ■

# അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പാലക്കാട് ജില്ലാസമ്മേളനം

**കേ**രള അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രഥമ ജില്ലാസമ്മേളനം ഡിസംബർ 1 – ന് പാലക്കാട് പോസ്റ്റൽ&ബിഎസ്എൻഎൽ എംപ്ലോയീസ് ഹാളിൽ നടന്നു. പ്രമുഖ സാഹിത്യകാരൻ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. അൺഎയ്ഡഡ് അദ്ധ്യാപകർ നേരിടുന്നത് മനുഷ്യാവകാശപ്രശ്നമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സമീപകാലത്ത് കേരളത്തിൽ നടന്നിട്ടുള്ള മറ്റെല്ലാ ന്യായമായ സമരങ്ങളുടേയും കാര്യത്തിലെന്നതുപോലെ അൺ എയ്ഡഡ് അദ്ധ്യാപകരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രസ്ഥാനത്തോടും വ്യവസ്ഥാപിത രാഷ്ട്രീയപ്പാർട്ടികൾ പുലർത്തുന്ന വിമുഖതയിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ജനകീയ പ്രതിരോധസമിതിയുടെ ആശയനേതൃത്വത്തിൽ അദ്ധ്യാപകർ കക്ഷിരാഷ്ട്രീയത്തിനതീതമായി സ്വന്തം സംഘടന രൂപീകരിച്ചു നടത്തുന്ന പ്രവർത്തനം മാതൃകായോഗ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

അൺഎയ്ഡഡ് അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ സർവ്വീസിലേതിന് തുല്യമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുക, അൺഎയ്ഡഡ് അദ്ധ്യാകരുടെ പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരം ശുപാർശ ചെയ്യുന്ന 2007–ലെ കെ,ജി.സുകുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക, സ്റ്റേറ്റ് സിലബസ് അൺഎയ്ഡഡ് അദ്ധ്യാപകർക്കായി നിയമം നിർമ്മിക്കുക, ജുഡീഷ്യൽ അധികാരത്തോടെ അൺഎയ്ഡഡ് അദ്ധ്യാപകർക്കായി നിയമം നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സംഘടന സംസ്ഥാന തലത്തിൽ നടത്തിവരുന്ന പ്രക്ഷോഭപരിപാടികളുടെ ഭാഗമായാണ് ഈ സമ്മേളനം സംഘടിപ്പിച്ചത്.

സംഘടനയുടെ ജില്ലാ കോ–ഓർഡിനേറ്റർ ധീരജ് പി.ഡി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനപ്രസിഡന്റ് ജയ്സൺ ജോസഫ് മുഖ്യപ്രസംഗം നടത്തി. ഡോ.പി. എസ് പണിക്കർ, കെ.എസ്.ഉദയകുമാർ (കേരള പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷൻ), വിദ്യ ആർ.ശേഖർ (സംസ്ഥാനസെക്രട്ടറി, കെയുഎസ്ടിഒ), കെ.അബ്ദുൾ അസീസ് (ജില്ലാ സെക്രട്ടറി, ജനകീയ പ്രതിരോധ സമിതി),ജില്ലാ നേതാക്കളായ കെ.എം.ബീവി, സീനാ ഉണ്ണിക്കൃഷ്ണൻ തുടങ്ങിയവരും സമ്മേളനത്തിൽ സംസാരിച്ചു.

ധീരജ് പി.ഡി (പ്രസിഡന്റ്), സീനാ ഉണ്ണിക്കൃഷ്ണൻ, വി.പത്മ, വി.ദിവാകരൻ (വൈസ് പ്രസിഡന്റുമാർ), കെ.എം.ബീവി (സെക്രട്ടറി), മാലിനി കെ.എൻ, പി.ആർ.കൃഷ്ണകുമാർ, ലിവി ആർ.എൽ (ജോ.സെക്രട്ടറിമാർ) എന്നിവർ ഭാരവാഹികളായി മുപ്പത്തിമൂന്നംഗ എക്സിക്യൂട്ടീവ് കമ്മറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. വി. പത്മ സ്വാഗതവും പി.ആർ.കൃഷ്ണകുമാർ നന്ദിയും പറഞ്ഞു. ■



കേരള അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രഥമ ജില്ലാ സമ്മേളനം പ്രമുഖ സാഹിത്യകാരൻ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# കെ.യു.എസ്.റ്റി.ഒ എറണാകുളം ജില്ലാ സമ്മേളനം



കെയുഎസ്ടിഒ എറണാകുളം ജില്ലാ സമ്മേളനം പ്രൊഫ. കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

**കേ**രള അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ (കെ.യു.എസ്.റ്റി.ഒ) എറണാകുളം ജില്ലാ സമ്മേളനം ആലുവയിൽ നടന്നു. സമ്മേളനം പ്രൊഫ. കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു.

ഒന്നരലക്ഷത്തോളം വരുന്ന അദ്ധ്യാപകരും മുപ്പതിനായിരത്തിലധികം ജീവനക്കാരും അൺഎയ്ഡഡ് മേഖലയിൽ അനുഭവിക്കുന്ന തൊഴിൽ ചൂഷണം സർക്കാർ കണ്ടില്ലെന്നു നടിക്കുകയാണെന്നും അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു. മുപ്പതുവർഷമായി ജോലിചെയ്യുന്ന അൺഎയ്ഡഡ് സ്റ്റേറ്റ് സിലബസ് അദ്ധ്യാപികയ്ക്ക് നാലായിരത്തിയഞ്ഞൂറുരൂപയാണ് ശമ്പളമെന്നു കേൾക്കുമ്പോൾ കാരൂരിന്റെ 'പൊതിച്ചോറി'ലെ അദ്ധ്യാപകന്റെ ചിത്രമാണ് ഓർമ്മവരുന്നത്– അദ്ദേഹം തുടർന്നു പറഞ്ഞു.

സർക്കാർ സർവ്വീസിനു തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുക, ജുഡീഷ്യൽ അധികാരത്തോടെ അൺഎയ്ഡഡ് സ്കൂൾ സ്റ്റേക്ക് ഹോൾഡേഴ്സ് കമ്മീഷൻ രൂപീകരിക്കുക, സ്റ്റേറ്റ് സിലബസ് അൺഎയ്ഡഡ് അദ്ധ്യാപകർക്കായി നിയമം നിർമ്മിക്കുക, സുകുമാരപിള്ള–എ.എ.ബേബി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടു നടന്ന സമ്മേളനത്തിൽ കെയുഎസ്റ്റിഒ ജില്ലാ കൺവീനർ കെ.ഒ.സുധീർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് മുഖ്യപ്രസംഗം നടത്തി. ഫാക്ട് സ്കൂൾ മുൻപ്രിൻസിപ്പാൾ ഡി.ഗോപിനാഥൻ നായർ, സംസ്ഥാന സെക്രട്ടറി വിദ്യ ആർ.ശേഖർ, സിജു ടി.സി, സതീഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

റോഷൻ മലയിൽ (പ്രസിഡന്റ്), സതീഷ്കുമാർ, കെ.കെ.ശോഭ (വൈസ്പ്രസിഡന്റുമാർ), കെ.ഒ.സുധീർ (സെക്രട്ടറി), സലീംകുമാർ, സി.ബി.അശോകൻ (ജോ.സെക്രട്ടറിമാർ) എന്നിവർ ഭാരവാഹികളായി 41 അംഗ ജില്ലാകമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■

## കരിമണൽഖനനം പാടില്ല
### –എസ്‌യുസിഐ(സി)

**ആലപ്പുഴയുടെ തീരത്ത്, കരിമണൽഖനനം നടത്തുവാനുള്ള നീക്കങ്ങളിൽനിന്ന് സർക്കാരും കുത്തകകമ്പനികളും ഉടൻപിൻമാറണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാകമ്മിറ്റി ഒരു പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.**

അതിശക്തമായ ജനകീയപ്രക്ഷോഭണം ഉയർത്തിയ വസ്തുതകളുടെ ശാസ്ത്രീയത നിഷേധിക്കുവാനാകാതെ വന്ന സാഹചര്യത്തിൽ, ആലപ്പുഴയുടെ തീരത്ത്, സ്വകാര്യ–സംയുക്ത–പൊതുമേഖലകളിലൊന്നും കരിമണൽഖനനം നടത്തേണ്ടായെന്നു 2004–ലെ സർക്കാർ തീരുമാനിച്ചതാണ്. അതിശക്തമായ സ്വാഭാവിക മണ്ണൊലിപ്പുള്ള തീരം സംരക്ഷിക്കുവാനായി ദശാബ്ദങ്ങളായി പതിനായിരക്കണക്കിനുകോടികളുടെ നമ്പർ പാറക്കല്ലുകളിട്ട് ഉയർത്തിയ കടൽഭിത്തി ഖനനം നടന്നാൽ തകരും. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ എഴുപത് മുതൽ എഴുന്നൂറുവരെ മീറ്റർ വീതിയുള്ള തീരവരമ്പ് ഖനനത്തിലൂടെ അപ്രത്യക്ഷമാകുകയും കായംകുളം കായലും അറബിക്കടലും ഒന്നായിമാറുന്ന സാഹചര്യം ചുരുങ്ങിയ വർഷങ്ങൾക്കൊണ്ട് സംഭവിക്കുകയും ചെയ്യും. 25000–ത്തിൽ പരം മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും ആവാസവും നഷ്ടപ്പെടും. സമുദ്രനിരപ്പിൽ താഴെ നിലകൊള്ളുന്നതും കേരളത്തിന്റെ നെല്ലറകളിലൊന്നായതുമായ, കുട്ടനാടൻ പാടശേഖരങ്ങൾ കരിമണൽ ഖനനത്തിന്റെ അടിയന്തിര പരിണതി എന്ന നിലയിൽ ഉപ്പുവെള്ളം കയറി മുടിയും. അതുവഴി കൃഷിയും ജൈവ വൈവിധ്യവും കോടികൾ സൃഷ്ടിക്കുന്ന ടൂറിസം വ്യവസായവും എന്നെന്നേയ്ക്കുമായി ആലപ്പുഴയിൽ അവസാനിക്കും. ഇങ്ങനെയുള്ള അസംഖ്യം ദുരന്തങ്ങൾക്ക് കാരണമാകുന്നതിനാലാണ് ആലപ്പുഴ വിജയ് പാർക്ക് മുതൽ വലിയഴീക്കൽ പൊഴി വരെയുള്ള നാൽപ്പതിലധികം കിലോമീറ്ററിൽ, ഒന്നരലക്ഷത്തിലധികംപേർ കൈകോർത്ത് മനുഷ്യച്ചങ്ങലതീർത്ത് കരിമണൽഖനനപദ്ധതിയെ ആട്ടിപ്പായിച്ചത്. വീണ്ടും ഖനനപദ്ധതിയുമായി വരുന്നവരെയും പതിന്മടങ്ങ് ശക്തമായ സമരത്തിലൂടെ ജനങ്ങൾ നേരിടുമെന്നതിന്റെ വ്യക്തമായ സൂചനകളാണ് ഇതിനോടകം ഉയർന്നുവന്നിരിക്കുന്നതെന്നും പ്രസ്താവനയിൽ പറയുന്നു. ■

# അൺ എയ്ഡഡ് മേഖലയിലെ തൊഴിൽ ചൂഷണത്തിനെതിരെ വിശദീകരണയോഗം



വിശദീകരണയോഗം കെ.എം.ബീവി യോഗം ഉദ്ഘാടനം ചെയ്യുന്നു

**അ**ൺ എയ്ഡഡ് മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ സ്റ്റേഡിയം കോർണറിൽ കെയുഎസ്റ്റിഒ വിശദീകരണയോഗം നടത്തി. സംസ്ഥാന സമിതിയംഗം കെ.എം.ബീവി യോഗം ഉദ്ഘാടനം ചെയ്തു. "പതിറ്റാണ്ടുകളായി തൊഴിലവകാശങ്ങൾ നിഷേധിക്കപ്പെട്ടുകൊണ്ടും അവകാശബോധം ഇല്ലാതെയും അങ്ങേയറ്റം ചൂഷണത്തിന് വിധേയരായികൊണ്ടിരിക്കുകയാണ് കേരളത്തിലെ അൺ എയ്ഡഡ് അധ്യാപകരും ജീവനക്കാരും. കെയുഎസ്റ്റിഒയുടെ പ്രവർത്തനഫലമായി കേരളത്തിലുടനീളം പ്രവർത്തിക്കുന്ന അൺ എയ്ഡഡ് അധ്യാപകരെ യോജിപ്പിച്ചുകൊണ്ട് വമ്പിച്ച പ്രക്ഷോഭത്തിന്റെ പാതയിലാണ് നാം. മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും മാന്യമായ വേതനവും ലഭ്യമാകണമെങ്കിൽ കേരളത്തിലെ ഒന്നര ലക്ഷത്തോളം വരുന്ന അൺഎയ്ഡഡ് അദ്ധ്യാപകർ സ്വന്തം സംഘശക്തി തിരിച്ചറിഞ്ഞുകൊണ്ട് യോജിച്ച സമരപരിപാടികളുമായി ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ചെറിയ കാലയളവിനുള്ളിൽ തന്നെ അധികാരകേന്ദ്രങ്ങൾ അൺ എയ്ഡഡ് അദ്ധ്യാപകരുടെ വിഷയങ്ങളിൽ ഇടപെട്ടത് നമ്മളനുഭവിക്കുന്ന ചൂഷണത്തിന്റെ രൂക്ഷത കൊണ്ടും നമ്മുടെ സംഘബലം കൊണ്ടുമാണ്" കെ.എം.ബീവി പറഞ്ഞു.

നവംബർ 11, കണ്ണൂർ ജില്ലയിൽ അൺ എയ്ഡഡ് അദ്ധ്യാപകരുടെ അവകാശദിനമായി ആചരിച്ചു. അവകാശദിനത്തോടനുബന്ധിച്ചാണ് വിശദീകരണ പൊതുയോഗം സംഘടിപ്പിക്കപ്പെട്ടത്. യോഗത്തിൽ കെയുഎസ്റ്റിഒ ജില്ലാ വർക്കിംഗ് പ്രസിഡണ്ട് കെ.കെ. സുരേഷ് അധ്യക്ഷത വഹിച്ചു. കെയുഎസ്റ്റിഒ സംസ്ഥാന ഗവൺമെന്റിനു മുന്നിൽ സമർപ്പിച്ചിട്ടുള്ള പത്ത് ഡിമാന്റുകൾ ഉടൻ അംഗീകരിച്ചുകിട്ടണമെന്നും അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ച സുകുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെയുഎസ്റ്റിഒ ജില്ലാ സെക്രട്ടറി അനൂപ് ഏരിമറ്റം, സഹോദരസംഘടനയായ കേരള അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫ് ഓർഗനൈസേഷൻ(കെയുഎസ്എസ്ഒ) സംസ്ഥാന സമിതിയംഗം പ്രേമരാജൻ, അഡ്വ. പി.സി.വിവേക്, പി.ഗ്ലാഡിസ് എന്നിവർ പ്രസംഗിച്ചു. ■

# ഭരണ പ്രതിപക്ഷ യൂണിയനുകൾ കരിമണൽ സ്വകാര്യവൽക്കരണത്തിന്റെ വക്കാലത്തുകാർ

(പേജ് 1-ൽ നിന്ന് തുടർച്ച)

ഐആർഇ യിൽ നിന്ന് ലഭിക്കുന്ന ധാതുമണലിന് ഗുണനിലവാരമില്ല എന്ന വാദഗതിയുമായാണ് ഖനനാനുമതിക്കുവേണ്ടിയുള്ള ശ്രമങ്ങൾ സിഎംആർഎൽ ആദ്യം നടത്തിയത്. ബിഎംഎസ്, ഐഎൻടിയുസി, സിഐടിയു, എഐടിയുസി തുടങ്ങിയ പ്രമുഖ യൂണിറ്റുകളെല്ലാം അന്ന് കമ്പനി മുതലാളിക്കുവേണ്ടി സമരവുമായെത്തി. ഖനനം സ്വകാര്യവൽക്കരിക്കണമെന്ന് 2002 ജനുവരിയിൽ നടന്ന സമര പ്രഖ്യാപന കൺവെൻഷനിൽ കോൺഗ്രസ് നേതാവ് ജോർജ് ഈഡനും സിഐടി യു നേതാവ് ചന്ദ്രൻപിള്ളയുമൊക്കെയാണ് നേതൃത്വം നൽകിയത്. എന്നാൽ, കെഎംഎംഎല്ലിലെ തൊഴിലാളികളുടെ എതിർപ്പിന് വമ്പിച്ച ബഹുജന പിന്തുണ ലഭിച്ചതിനാൽ അന്ന് സ്വകാര്യവൽക്കരണത്തിനു സർക്കാർ മുതിർന്നില്ല.

എന്നാൽ സ്വകാര്യവൽക്കരണത്തിനുവേണ്ടി ജനാഭിപ്രായം സ്വരൂപിക്കാനുള്ള ശ്രമങ്ങൾ കമ്പനി തുടർന്നുകൊണ്ടേയിരുന്നു. ക്വോയിലോൺ മാനേജ്മെന്റ് അസോസിയേഷൻ എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ 2002 നവംബറിൽ കൊല്ലത്തു നടന്ന കൺവെൻഷൻ സ്വകാര്യവൽക്കരണത്തിനുവേണ്ടി വാദിച്ചു. അന്ന് എം.പിയായിരുന്ന എൻ.കെ പ്രേമചന്ദ്രൻ സംയുക്ത മേഖലയിലുള്ള സംരംഭങ്ങൾ ഒരു പരിധിവരെ അനുവദനീയമാണെന്നും സ്വകാര്യവൽക്കരണത്തിന്റെ സദുദ്ദേശപരമല്ലാത്ത തീരുമാനങ്ങളാണ് എതിർക്കപ്പെടേണ്ടതെന്നും അഭിപ്രായപ്പെട്ടു.

നീണ്ടകര മുതൽ കായംകുളം വരെയുള്ള കരിമണൽ പാട്ടവ്യവസ്ഥയിൽ ഖനനം ചെയ്യുന്നതിന് കെഐആർഎല്ലും കായംകുളം മുതൽ ചേർത്തല വരെയുള്ള ഖനനത്തിന് സിഎംആർഎല്ലും അപേക്ഷ നൽകിയിരുന്നു. ഒരു ടൺ കരിമണലിന് ഇരുപത്തിയഞ്ച് രൂപ വിലയും നിർദ്ദേശിച്ചു. അമൂല്യമായ ധാതുമണൽ നിക്ഷേപം വെറുതെ നൽകുകയായിരുന്നു ഉദ്ദേശമെന്ന് വ്യക്തം. നീണ്ടകര കായംകുളം മേഖല ഐഎംആർഇക്കും കെഎംഎൽഎല്ലിനും ഖനനാനുമതി നൽകിയിരിക്കുന്ന പ്രദേശമാണ്. സ്വകാര്യവൽക്കരണ നീക്കത്തിനെതിരെ സഖാവ് കെ.പി. കോസലരാമദാസിന്റെ നേതൃത്വത്തിൽ ടൈറ്റാനിയം കോംപ്ലക്സ് വർക്കേഴ്സ് അസോസിയേഷൻ രംഗത്തുവന്നു. തുടർന്ന് കെഎംഎംഎല്ലിലെ തൊഴിലാളിസംഘടനകളെല്ലാം എതിർപ്പുമായി രംഗത്തെത്തി.

കായംകുളം ചേർത്തല മേഖലയിലെ ഖനനനീക്കത്തിനെതിരെ ഡോ. വി.വേണുഗോപാലിന്റെ നേതൃത്വത്തിൽ ജനകീയ പ്രതിരോധ സമിതിയും സമരമാരംഭിച്ചു. തീരവാസികളെ വൻതോതിൽ അണിനിരത്തി ഖനനം അസാധ്യമാക്കുംവിധം പ്രക്ഷോഭം ശക്തിപ്പെടുത്തിയതോടെ ആലപ്പുഴ ജില്ലയിലെ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് സമരത്തോടൊപ്പം നിൽക്കേണ്ടിവന്നു.

വമ്പിച്ച എതിർപ്പിനെ തുടർന്ന് നീണ്ടകര കായംകുളം മേഖലയിൽ ഖനനം പൊതുമേഖലയിൽ തന്നെ നിലനിർത്തുമെന്നും ആലപ്പുഴയുടെ തീരത്ത് തൽക്കാലം ഖനനം അനുവദിക്കേണ്ടതില്ലെന്നും സർക്കാരിന് തീരുമാനിക്കേണ്ടിവന്നു. തുടർന്ന് മൂന്ന് കമ്മീഷനുകൾ നിയോഗിക്കപ്പെട്ടു. ആലപ്പുഴ തീരത്തെ ഖനന പദ്ധതിക്ക് ജനപിന്തുണ നേടുകയായിരുന്നു ഉദ്ദേശം. സ്വകാര്യമേഖലക്ക് ഖനാനുമതി നൽകണം എന്നതായിരുന്നു കമ്മീഷനുകളുടെ കണ്ടെത്തൽ. കമ്മീഷനുകളുടെ കള്ളക്കളികൾക്കെതിരെയും പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ വമ്പിച്ച പ്രതിഷേധം ഉയർന്നു.

ആഗോളീകരണത്തിന്റെ രണ്ടാം ഘട്ട പരിഷ്ക്കരണങ്ങളുടെ ഭാഗമായി എല്ലാ മേഖലയിലും നേരിട്ടുള്ള നിക്ഷേപത്തിന് അനുമതി നൽകാനും അതിനായി നിയമഭേദഗതികൾ വരുത്താനും തീരുമാനിച്ചതോടെ മൈനിങ് രംഗത്തും കൂടുതൽ ഉദാരമായ സ്വകാര്യവൽക്കരണ നടപടികൾക്ക് തുടക്കം കുറിക്കപ്പെട്ടു. മൈനിങ് പോളിസി ഭേദഗതി ചെയ്യുന്നതിന്റെ മുന്നോടിയായി ഒരു വിദഗ്ദ്ധ സമിതി നിയോഗിക്കപ്പെട്ടു. 2006-ൽ സമിതി റിപ്പോർട്ട് നൽകി. സ്വദേശ മുതലാളിമാർക്ക് മാത്രമല്ല വിദേശ കുത്തകകൾക്കും നൂറ് ശതമാനം നിക്ഷേപത്തിനും അനുമതി നൽകണമെന്നും ലൈസൻസിങ് വ്യവസ്ഥകൾ ഉദാരമാക്കണമെന്നും കരിമണൽ കയറ്റുമതിക്ക് അനുമതി നൽകണമെന്നും വരെയുള്ള നിർദ്ദേശങ്ങളാണ് കമ്മിറ്റി മുന്നോട്ടുവെച്ചത്. 2008 ൽ പാർലമെന്റ് നിയമഭേദഗതിക്ക് അംഗീകാരം നൽകി. ടൈറ്റാനിയം ഖനന സംസ്കരണ മേഖലയിൽ 74% മായിരുന്ന നേരിട്ടുള്ള വിദേശനിക്ഷേപ പരിധി 100 ശതമാനമാക്കി. ആണവോർജ്ജ വകുപ്പിന്റെ ഈ മേഖലയിലെ കുത്തകാധികാരവും ഇതോടെ നഷ്ടമായി. ഖനനവകുപ്പിനായി നിയന്ത്രണാധികാരം. ഏത് തരം ഖനനത്തിനും ഉദാരമായി അനുമതി നൽകുക എന്ന കേന്ദ്രനയം വൻ ഭീഷണിയാണുയർത്തുന്നത്. സിഎംആർഎല്ലിന്റെ പാത ഇതോടെ സുഗമമായി. എന്നാൽ കേരളം ഭരിച്ച ഇടതുമുന്നണി ഗവൺമെന്റ് ഈ നിലപാടിനോട് വിയോജിച്ചില്ല എന്ന കാര്യം ഓർത്തുപറയേണ്ടതാണ്. പാർലമെന്റിൽ മൂന്ന് വട്ടം നിയമഭേദഗതി ബിൽ ചർച്ചക്ക് വന്നപ്പോഴും ഇടതുപക്ഷത്തെ 40-ലേറെ അംഗങ്ങൾ എതിർപ്പ് ഉന്നയിച്ചില്ല. അന്ന്, നീണ്ടകരമുതൽ ചേർത്തല വരെയുള്ള കരിമണൽ മേഖലയിൽ വരുന്ന ആലപ്പുഴ കൊല്ലം പാർലമെന്റ് സീറ്റുകൾ ഇടതുപക്ഷത്തിന്റെ കൈകളിലായിരുന്നു എന്നതും ശ്രദ്ധേയമാണ്. സംയുക്ത മേഖലയെന്ന മുൻനിലപാട് പോലും ഉന്നയിക്കാൻ സിപിഐഎമ്മിന്റെ വ്യവസായ മന്ത്രിയായിരുന്ന എളംമരം കരീം അന്ന് തയ്യാറായില്ല.

സിഎംആർഎൽ നിയമപിൻബലത്തോടെ ഹൈക്കോടതിയെ സമീപിച്ചപ്പോൾ കേസ് ജയിക്കാനാവശ്യമായ ഒത്താശയാണ് ഇടതുമുന്നണി സർക്കാരിൽ നിന്നും ഉണ്ടായത്. മലിനീകരണം ഉണ്ടാക്കാത്ത കമ്പനി എന്ന സർട്ടിഫിക്കറ്റ് മലിനീകരണ നിയന്ത്രണ ബോർഡ് നൽകി. ആസിഡ് കലർന്ന വെള്ളം പെരിയാറിലേക്ക് ഒഴുക്കി വൻതോതിൽ മലിനീകരണം നടത്തുന്നതിനെതിരെ പ്രദേശവാസികൾ പ്രതിഷേധം ഉയർത്തിയതിനെ തുടർന്ന് പിൻവാങ്ങേണ്ടി വന്ന കാര്യം മലിനീകരണ നിയന്ത്രണ ബോർഡ് അറിഞ്ഞതേയില്ല. ആസിഡ് റീജനറേഷൻ പ്ലാന്റ് സ്ഥാപിച്ചാണ് കെഎംഎംഎൽ ഇത് ശുദ്ധീകരിക്കുന്നത്. എന്നാൽ സിഎംആർഎൽ അതിനുപോലും മിനക്കെടുന്നില്ല. സർക്കാർ ഉടമസ്ഥതയിലുള്ള തിരുവനന്തപുരത്തെ റീജണൽ റിസർച്ച് ലബോറട്ടറി വികസിപ്പിച്ചെടുത്ത ഇരുമ്പിന്റെ അംശം കാന്തിക വേർതിരിക്കൽ വഴി നീക്കം ചെയ്യുന്ന സാങ്കേതിക വിദ്യ പൊതുമേഖലാ സ്ഥാപനത്തിന് നൽകാതെ സിഎംആർഎല്ലിന് നൽകിയത് ഇടതുപക്ഷ സർക്കാരിന്റെ സിഎംആർഎൽ ബന്ധം വ്യക്തമാക്കുന്നുണ്ട്. സിഎംആർഎല്ലിന് കരിമണൽ വിഹിതം വർദ്ധിപ്പിച്ച് നൽകിയതും ഇവർ തന്നെ. ഒരു നിർണ്ണായക ഘട്ടത്തിൽ സാക്ഷാൽ വി.എസ് അച്യുതാനന്ദൻ തന്നെ സിഎംആർഎൽ അനുകൂല നിലപാടെടുക്കുകയുണ്ടായി. ചന്ദ്രൻപിള്ളയുടെയും മറ്റും നേതൃത്വത്തിൽ സിഎംആർഎല്ലിനുവേണ്ടി സിഐടിയു നിലകൊള്ളുന്നതിന്റെ പ്രതിഫലനമാകാം ഈ നിലപാട്. ആലപ്പുഴയിൽ ഖനനവിരുദ്ധ നിലപാടെടുക്കാൻ അച്യുതാനന്ദൻ വിരുദ്ധനായ എം.എ ബേബിയെ പ്രേരിപ്പിച്ചതിന് പിന്നിലും ഈ ഗ്രൂപ്പ് കളിക്കപ്പുറം ജനതാൽപര്യം കാണാൻ കഴിയില്ല.

സർക്കാരും രാഷ്ട്രീയപാർട്ടികളുമൊക്കെ സ്വകാര്യവൽക്കരണ അജണ്ടയുമായി മുന്നേറുമ്പോഴും ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കെതിരെ കൊല്ലം, ആലപ്പുഴ ജില്ലകളിൽ ജനങ്ങൾ ജാഗരൂകരാണ്. ഇവരുടെ എതിർപ്പ് മറികടക്കാൻ കണ്ടുപിടിച്ചിരിക്കുന്ന പുതിയ തന്ത്രമാണ് മണൽകടത്ത്. സഹകരണ സംഘങ്ങളും കുടുംബശ്രീകളും വരെ മണൽവാരി വിൽക്കണമെന്ന നിർദ്ദേശമാണ് തൊഴിൽ മന്ത്രി ഷിബുബേബിജോൺ മുന്നോട്ടുവെയ്ക്കുന്നത്. കരിമണൽ സ്വകാര്യവൽക്കരണത്തിന് വൻതോതിൽ ആക്കം വർദ്ധിപ്പിക്കാനേ ഇത് ഉപകരിക്കൂ. തീരവാസികളുടെ ദുരിതങ്ങളോ പരിസ്ഥിതിയുടെ മേലുള്ള ആഘാതമോ ഒന്നും ആർക്കും പരിഗണിക്കേണ്ട ബാദ്ധ്യതയും വരില്ല.

കരിമണൽ സ്വകാര്യവൽക്കരണത്തിനുവേണ്ടിയുള്ള പരസ്യവക്കാലത്തായിരുന്നു ഭരണ-പ്രതിപക്ഷ യൂണിയനുകൾ സംയുക്തമായി സിഎംആർഎൽ നെ രക്ഷിക്കുക എന്ന മുദ്രാവാക്യവുമായി കഴിഞ്ഞ നവംബർ 6ന് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച്. സിഎംആർഎൽ മുതലാളി അടിമുടി സ്പോൺസർ ചെയ്ത ഈ പരിപാടിയുടെ വിശദാംശങ്ങൾ മുതലാളി തന്നെ പുറത്തുവിട്ടതോടെ അൽപം ജാള്യത തോന്നിയതുകൊണ്ടാകാം വീണ്ടുമൊരു സെക്രട്ടേറിയറ്റ് മാർച്ച് നടത്തി പൊതുമേഖലക്കുവേണ്ടി നിലകൊള്ളുന്നുവെന്ന് വരുത്തിത്തീർക്കാൻ ശ്രമമുണ്ടായത്.

ചുരുക്കത്തിൽ സങ്കീർണ്ണമായ ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. പൊതുമേഖലയുടെ സ്വകാര്യവൽക്കരണം സർക്കാരിന്റെ പ്രഖ്യാപിത നയമായിരിക്കുമ്പോൾ ഐ ആർ ഇ, കെ എം എം എൽ പോലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ നിലനിൽപ്പ് ഏറെ പ്രാധാന്യമർഹിക്കുന്നു. പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാൻ ഇറങ്ങിതിരിച്ചിരിക്കുന്ന കുത്തകകളിൽ നിന്ന് ധാതുമണൽ അടക്കമുള്ള പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കേണ്ടതും അനിവാര്യമാണ്. പൊതുമേഖലയും സ്വകാര്യമേഖലയും സംയുക്തമായി നടത്തുന്ന സംരംഭം, നേരിട്ട് സ്വകാര്യമേഖലയെ ആനയിക്കാതെ സംയുക്തത്തിലൂടെ സ്വീകാര്യത ഉണ്ടാക്കി എല്ലാം വിറ്റുതുലക്കുന്ന പുതിയ തന്ത്രമെന്ന നിലയിൽ അങ്ങേയറ്റം എതിർക്കപ്പെടേണ്ടത് തന്നെ. ആലപ്പുഴയുടെ തീരം പോലെ പുതിയ ഖനനമേഖലകൾ തുറന്നെടുക്കാനുള്ള നീക്കം ഏത് മേഖലയിലായാലും ചെറുക്കപ്പെടേണ്ടതാണ്. ഖനനം മൂലം പൊറുതിമുട്ടുന്ന ജനങ്ങളും തകരുന്ന തീരവുമാണ് കൊല്ലം ജില്ലയിലുള്ളത്. ഇവിടെ തീരം സംരക്ഷിച്ചും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കിയും മാത്രമേ ഖനനം നടത്താവൂ. പൊതുമേഖലാസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ മാതൃകാപരമായ നിലപാടാണെടുക്കേണ്ടത്. സ്വദേശ-വിദേശ കുത്തകകളുടെ കൊള്ളലാഭം വർദ്ധിപ്പിക്കാനല്ല, പൊതുമേഖലാസ്ഥാപനങ്ങളുടെ നിലനിൽപ്പിന് ആവശ്യമായത്ര മാത്രം ഖനനം എന്നതായിരിക്കണം സർക്കാർ നയം. ഒപ്പം കുത്തകകൾക്ക് വേണ്ടി നട്ടെല്ല് വളക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളെ ഒറ്റപ്പെടുത്തി നിതാന്ത ജാഗ്രതയോടെ, പുരോഗമനോന്മുഖമായ കാഴ്ചപ്പാടോടെ നിലകൊള്ളാൻ തീരവാസികൾ മാത്രമല്ല ജനങ്ങളൊന്നടങ്കം തയ്യാറാകുകയും വേണം. ■

# സ്പോൺസർ ചെയ്യപ്പെടുന്ന സമരാഭാസങ്ങൾ

(പേജ് 3-ൽ നിന്ന് തുടർച്ച)

ടെയുള്ള പ്രസ്ഥാനങ്ങൾ കൈക്കൊണ്ടിട്ടുള്ള നിലപാട് അവർ പിന്തുടർന്നുവരുന്ന നഗ്നമായ മുതലാളിത്തസേവയുടെ തുടർച്ച മാത്രമാണ്. യൂസഫലി എന്ന കോടീശ്വരൻ കൊച്ചി ബോൾഗാട്ടിയിലെ പോർട്ട് ട്രസ്റ്റിന്റെ 400 കോടി രൂപ വിലയുള്ള സ്ഥലം നാമമാത്രമായ തുകയ്ക്ക് കൈവശപ്പെടുത്തിയപ്പോൾ നാണംകെട്ട നിലയിൽ അതിനെ പിന്തുണച്ചത് സിപിഐ(എം)ഉം കോൺഗ്രസ്സും ഉൾപ്പടെയുള്ള വ്യവസ്ഥാപിത പ്രസ്ഥാനങ്ങളാണ്. ബോൾഗാട്ടിയിൽ സ്വീകരിച്ച സമീപനം ഇതിനുമുമ്പ് പതിനായിരക്കണക്കിന് ഏക്കർ പാട്ടഭൂമി കൈവശപ്പെടുത്തിയ മുതലാളിമാരോട് ഇവർ കൈക്കൊണ്ടിരുന്നത് തന്നെയാണ്. ടാറ്റ കൈയേറിയിട്ടുള്ള ഭൂമിയെ ഒന്നു സ്പർശിക്കാൻ പോലും അനുവദിക്കാതെ കല്ലും കവണയുമായി പോലീസിനെ നേരിട്ടും ഒഴിപ്പിക്കാൻ വരുന്നവന്റെ കാല് വെട്ടുമെന്ന് പ്രഖ്യാപിച്ചതും ഇതേ പാർട്ടിയുടെ മൂന്നാറിലെ നേതാക്കളാണ്. ഈ സമീപനവും ബോൾഗാട്ടിയിലെ കീഴ്വഴക്കവും സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതോടെ സംസ്ഥാനത്തിന്റെ പൊതുഭൂമിയുടെയും പൊതുസ്വത്തിന്റെയും സ്ഥിതിയെന്തായിരിക്കുമെന്ന് ജനങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

സത്യസന്ധനായിരുന്ന ഒരു ഉദ്യോഗസ്ഥന്റെ കുടുംബത്തെ വകവരുത്തിയ കേസ്സിലെ പ്രതിയും തികഞ്ഞ തട്ടിപ്പുകാരനെന്ന് കുപ്രസിദ്ധനുമായ വ്യവസായിയുടെ അഭിവാദ്യ പരസ്യം സ്വീകരിക്കുന്നതിൽ ഒരു പോരായ്മയും കാണാൻ കഴിയാത്തവിധമായിരിക്കുന്നു ഇക്കൂട്ടരുടെ മുതലാളിത്ത ചങ്ങാത്തം മൂലമുണ്ടായിരിക്കുന്ന അന്ധത. ചാക്ക് രാധാകൃഷ്ണനും ശശിധരൻ കർത്തായ്ക്കും ഹൈറേഞ്ചിലെ ഭൂമി കൈയ്യേറ്റക്കാർക്കും ക്വാറി മുതലാളിമാർക്കും കർണ്ണാടകത്തിലെ ഖനി മുതലാളിയായ എം.എസ്.പി.എൽ കമ്പനിക്കും വേണ്ടി പരസ്യമായി നിലകൊള്ളാൻ ഒരു മടിയുമില്ലാത്തവിധം ഇടതെന്ന പേര് വഹിച്ചവർ അധഃപതിച്ചിരിക്കുന്നു.

സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ എല്ലാ തുറകളിലും ഭരണമുതലാളിവർഗ്ഗത്തിന്റെ കടന്നാക്രമണങ്ങൾ അനുദിനം രൂക്ഷമായിവരുകയാണ്. മനുഷ്യോചിതമായി ജീവിതം പുലർത്തണമെങ്കിൽ സമരം ചെയ്തേ മതിയാവൂ എന്ന അവസ്ഥ. അതിനാൽ, അദ്ധ്വാനിച്ചുജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും കക്ഷിരാഷ്ട്രീയ ജാതി മത പരിഗണനകൾക്കതീതമായി ജനകീയ സമരക്കമ്മിറ്റികളിൽ അണിനിരത്തുകയെന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകത. ജനതാല്പര്യത്തിന് തെല്ലെങ്കിലും വിലകല്പിക്കുന്ന ഒരു പ്രസ്ഥാനത്തിനും കാലഘട്ടത്തിന്റെ ഈ ആവശ്യകത കണ്ടില്ലെന്ന് നടിക്കാനാവില്ല. പക്ഷെ നാം കാണുന്നത്, ചെങ്കൊടി പിടിക്കുന്നവരുൾപ്പെടെയുള്ള വ്യവസ്ഥാപിത രാഷ്ട്രീയപ്പാർട്ടികളും മാർക്സിസത്തിന്റെ പേരുപയോഗിക്കുന്നവരുൾപ്പെടെയുള്ള തൊഴിലാളിയൂണിയനുകളും ജനങ്ങൾക്കെതിരെ മുതലാളിവർഗ്ഗത്തിന് വിടുപണിചെയ്യാനായി കക്ഷിരാഷ്ട്രീയ പരിഗണനകൾ മാറ്റിവച്ച് ഒന്നിച്ചിരിക്കുന്ന കാഴ്ചയാണ്. ഈ കൊടിയ വഞ്ചന തിരിച്ചറിയാൻ കഴിയാതെ അവരുടെ കൈകളിലെ അബോധ കരുക്കളായി മാറുന്ന സാധാരണ ജനങ്ങളും. ജനശത്രുക്കളെ തിരിച്ചറിഞ്ഞ് ആട്ടിയകറ്റാനും സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനായി ഉണർന്നുപ്രവർത്തിക്കാനും ജനങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ വലിയ ദുരന്തമായിരിക്കും ഫലം. അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കാൻ സത്യസന്ധരായ ഇടതുപക്ഷ രാഷ്ട്രീയപ്രവർത്തകരോടും ജനാധിപത്യവിശ്വാസികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# വിദ്യാഭ്യാസ വായ്പ: ബാങ്കുകളുടെ നിലപാടിൽ മാറ്റം വേണം–ഐഎൻപിഎ

## ഐഎൻപിഎ ഇടുക്കി ജില്ലാ സമ്മേളനം

നവംബർ 20 തൊടുപുഴ:

വിദ്യാഭ്യാസവായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകളുടെ നിഷേധാത്മക മായ നിലപാടിൽ മാറ്റം വരുത്തണമെന്ന് ഇൻഡ്യൻ നേഴ്സസ് പേരന്റ്സ് അസോസി യേഷന്റെ തൊടുപുഴയിൽ ചേർന്ന ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കേരള അൺഎ യ്ഡഡ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ജില്ലാപ്രസിഡന്റ് കെ.ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. എസ്.മിനി, ഡോ.കെ. ഹരിപ്രസാദ്, എൻ. വിനോദ്കുമാർ, രാജു കൊന്നാനാൽ, സി.ജെ. ആന്റണി, സാലി ജെയിംസ് എന്നിവർ പ്രസംഗിച്ചു. സമ്മേളന ത്തിനു മുന്നോടിയായി ടൗണിൽ പ്രകടനവും നടത്തി. ഭാരവാഹികളായി കെ.ജെ. ജോസഫ്(പ്രസിഡന്റ്), എൻ. വിനോദ്കുമാർ(സെക്രട്ടറി), സെബാസ്റ്റ്യൻ മേടയ്ക്കൽ, സി.ജെ. ആന്റണി, രാജു കൊന്നാനാൽ, സെബാസ്റ്റ്യൻ, സോമനാഥൻനായർ(വൈസ്പ്രസിഡന്റുമാർ), സാലി ജെയിംസ്, ഓമന ജോസ്, സിബി സി.മാത്യു, തങ്കച്ചൻ തൈക്കാട്(ജോയിന്റ് സെക്രട്ടറിമാർ), നിഷ ജിമ്മി(ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

## വിദ്യാഭ്യാസ വായ്പയെടുത്തവർ കളക്ടറേറ്റ് മാർച്ച് നടത്തി

നവംബർ 26, തൃശൂർ:

വിദ്യാഭ്യാസവായ്പയുടെ പലിശ എഴുതിത്തള്ളുക, നിലവിൽ ബാങ്കിലടച്ച തുക മുതലിലേക്ക് വക കൊള്ളിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷനും എഡ്യുക്കേഷണൽ ലോണീസ് ആന്റ് പേരന്റ്സ് മൂവ്മെന്റും സംയുക്തമായി കളക്ടറേറ്റ് മാർച്ച് സംഘടിപ്പിച്ചു.

തെറമ്പിൽ രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ഐഎൻപിഎ ജില്ലാ പ്രസിഡന്റ് ഡോ. പി.എസ് ബാബു അദ്ധ്യക്ഷത വഹിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ.കെ.ബി. ഉണ്ണിത്താൻ കളക്ടർക്ക് സമർപ്പിക്കുവാനുള്ള നിവേദനം അവതരിപ്പിച്ചു. സംസ്ഥാനസമിതിയംഗം എൻ.ആർ മോഹൻ കുമാർ, ഇ.എൽ.പി.എം. ജില്ലാ കോർഡിനേറ്റർ സി.കെ.ശിവദാസൻ ,അഡ്വക്കേറ്റ് ഇ.എൻ.ശാന്തിരാജ്, ടി.എസ്. വെങ്കിടേശ്വരൻ, കെ.എൻ. ഡേവിഡ് പുതുക്കാട്, ഒ.സി. വർക്കി എന്നിവരും സംസാരിച്ചു . സംഘടനാ ഭാരവാഹികൾ ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) എന്നിവരെ നേരിൽ കണ്ടു് നിവേദനം സമർപ്പിച്ചു. ■




ഐഎൻപിഎ ഇടുക്കി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രകടനം.




തൃശൂരിൽ നടന്ന കളക്ട്രേറ്റ് മാർച്ച്

# പുത്തൻകരി പാടത്ത് കൊയ്ത്തിനൊപ്പം സംഘടിപ്പിച്ച പൊക്കാളി പ്രദർശനം ജനങ്ങളിൽ ആവേശമുണർത്തി

ആലപ്പുഴ ജില്ലയിലെ എഴുപുന്ന പുത്തൻകരി പാടത്ത് പൊക്കാളി സംരക്ഷണ സമര സമിതിയുടെ നേതൃത്വത്തിൽ കൃഷി ചെയ്ത പൊക്കാളിയുടെ വിളവെടുപ്പിനോടൊപ്പം സംഘടിപ്പിച്ച പൊക്കാളി പ്രദർശനം ഫിഷറീസ് സർവ്വകലാശാലയുടെ വൈസ്ചാൻസിലർ ഡോ: ബി.മധുസൂദനക്കുറുപ്പ് ഉദ്ഘാടനം ചെയ്തു. "ലോകപൈതൃകങ്ങളിലൊന്നെന്ന നിലയിൽ ഗണിക്കപ്പെടാവുന്ന പൊക്കാളിപാടങ്ങൾ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സർക്കാർ എടുക്കണമെന്ന് "പൊക്കാളി പാടങ്ങൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് പഠനങ്ങൾ നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച പന്ത്രണ്ടംഗ വിദഗ്ധ സമിതിയുടെ ചെയർമാൻ കൂടിയായ അദ്ദേഹം അഭിപ്രായപ്പെട്ടു. "അഞ്ഞൂറിലേറെ വർഷങ്ങളുടെ പാരമ്പര്യം പൊക്കാളിക്കൃഷിക്കുണ്ട്. കായലും കടലും സംഗമിക്കുന്ന പ്രദേശങ്ങളിൽ രൂപം കൊണ്ടിട്ടുള്ള ചതുപ്പ് സ്ഥലങ്ങൾ തീവ്രമായ മനുഷ്യാധ്വാനത്തിലൂടെ മെരുക്കിയെടുത്തിട്ടുള്ളതാണ് പൊക്കാളിപ്പാടങ്ങൾ. വിദഗ്ധ സമിതിയുടെ അന്വേഷണത്തിൽ ഔഷധമൂല്യമുള്ള ഞവരനെല്ലിനെ അപേക്ഷിച്ച് അഞ്ചിരട്ടി ഗുണമേന്മ പൊക്കാളി അരിക്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരിനെ പ്രതിരോധിച്ച് വിളവ് നൽകുന്ന പൊക്കാളി സംരക്ഷിക്കപ്പെടേണ്ടതാണ് "എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

നെൽക്കൃഷി ഫലപ്രദമായി നടത്തിയില്ലെങ്കിൽ പൊക്കാളിപ്പാടങ്ങൾ സമീപകാലത്തു തന്നെ ഉപ്പളങ്ങളായി മാറുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ കുമരകം നെല്ല് ഗവേഷണ കേന്ദ്രത്തിലെ മുൻഡയറക്ടർ ഡോ: കെ.ജി. പത്മകുമാർ ആശങ്കപ്പെട്ടു. 2008 –ലെ നെൽവയൽ– നീർത്തട സംരക്ഷണ നിയമമനുസരിച്ച് പൊക്കാളിപാടങ്ങളിലെ പ്രഥമ വിളയായ നെല്ല് കൃഷിചെയ്യാതെ കേവലം രണ്ടാമത്തെ വിള മാത്രമായ മത്സ്യക്കൃഷിക്ക് സർക്കാർ ഏജൻസികൾ ലൈസൻസ് നൽകരുതെന്ന നിഷ്ക്കർഷ കർശനമായി പാലിക്കപ്പെടണമെന്ന് വൈറ്റില നെല്ലുഗവേഷണ കേന്ദ്രത്തിലെ ഡയറക്ടർ ഡോ.വി.ശ്രീകുമാർ അഭിപ്രായപ്പെട്ടു.

നെൽക്കൃഷി പുനഃരാരംഭിക്കാൻ സാധിച്ചത് ജനങ്ങളുടെ ജാഗ്രത ഒന്നുകൊണ്ട് മാത്രമാണെന്ന് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ജനറൽ സെക്രട്ടറി ഡോ: വി.വേണുഗോപാൽ വിലയിരുത്തി. സർക്കാരിന്റെ നയമായിട്ടുപോലും 'ഒരു നെൽ ഒരു മീൻ' പദ്ധതി അട്ടിമറിക്കപ്പെടുന്നത് രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം കൊണ്ടാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ജൂൺ ആദ്യവാരം കാലവർഷം തുടങ്ങുമ്പോൾ തന്നെയാണ് പൊക്കാളിയുടെ വിത ആരംഭിക്കേണ്ടത്. എന്നാൽ പുത്തൻകരി പാടത്തിന്റെ ഉടമകൾ മെയ് 27ന് മാത്രമാണ് ഒരു വെള്ളം നിറഞ്ഞു കിടന്നിരുന്ന പാടശേഖരം പൊക്കാളി സമിതിക്ക് കൃഷിയിറക്കുവാൻ വിട്ടു നൽകിയത്. പുറം ബണ്ടുകൾ ബലപ്പെടുത്തി പാടശേഖരത്തിനുള്ളിലെ ഓരുജലം വൈദ്യുതി മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് വറ്റിക്കുവാൻ സമിതി നടത്തിയ പരിശ്രമങ്ങളെല്ലാം തന്നെ കെഎസ്ഇബി യിലെ ചില ഉദ്യോഗസ്ഥർ ചെമ്മീൻ ലോബിയുടെ ഒത്താശയോടെ തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു.

തുടർന്ന് ജൂൺ 30–ന് ആലപ്പുഴ ജില്ലാ കളക്ടർ എൻ. പത്മകുമാർ പുത്തൻകരിയിൽ വിത ഉദ്ഘാടനം ചെയ്തു. അതിനകം കാലവർഷം ശക്തിപ്രാപിച്ചതിനാൽ ജൂലൈ 14 മുതൽ മാത്രമേ വ്യാപകമായ രീതിയിൽ വിത തുടരുവാൻ സാധിച്ചുള്ളു. മൂന്ന് മാസങ്ങൾക്ക് ശേഷം ഒക്ടോബർ അവസാന വാരത്തോടു കൂടി എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് പൊക്കാളി വിളവെടുപ്പിന് പാകമായി. നവംബർ 3 ന് ചെങ്ങര സമര നായകൻ ളാഹഗോപാലൻ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ചാണ് പൊക്കാളി എക്സിബിഷൻ സംഘടിപ്പിച്ചത്. കേരള കാർഷിക സർവകലാശാലയുടെ വൈറ്റിലയിലുള്ള നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടു കൂടിയാണ് എക്സിബിഷൻ ഒരുക്കിയത്. പൊക്കാളി നെൽക്കൃഷിയുടെ ശാസ്ത്രവും ചരിത്രവും അറുപതോളം ഫ്രെയിമുകളിലൂടെ പ്രദർശനം അനാവരണം ചെയ്തു. ഉപ്പിനെ പ്രതിരോധിക്കാനുള്ള പൊക്കാളി നെല്ലിന്റെ സവിശേഷതയും രാസവളത്തിന്റെയോ കീടനാശിനിയുടെയോ ഉപയോഗമില്ലാതെ വിളവ് നൽകുവാനുള്ള പ്രത്യേകതകളും പ്രദർശനത്തിൽ പ്രതിപാദിച്ചിരുന്നു. ചെമ്മീൻ കൃഷിക്കായി നെൽപ്പാടങ്ങളിൽ തുടർച്ചയായി ഉപ്പുവെള്ളം കയറ്റിയിടുന്നതിലൂടെ വീടുകൾക്കും പരിസ്ഥിതിക്കുമുണ്ടായ നാശനഷ്ടങ്ങളുടെ യഥാർത്ഥ ചിത്രങ്ങളും പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

സമീപത്തുള്ള നിരവധി സ്ക്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളും അധ്യാപകരും പ്രദർശനം കണ്ടു. കൂടാതെ പ്രദർശനനഗരിയിലേക്ക് ധാരാളം പൊതുജനങ്ങളും എത്തിയിരുന്നു. ഇതിനോടനുബന്ധിച്ച് എല്ലാ ദിവസങ്ങളിലും വിവിധ പരിപാടികളും നടന്നു. സംഘചിത്ര രചന, കവിയരങ്ങ്, കുട്ടികളുടെ കലാപരിപാടികൾ, നാടകം, തൊഴിലാളി സമ്മേളനം, കർഷകക്കൂട്ടായ്മ, ജ്യോതിശാസ്ത്ര

മൈക്കിൾസ് കോളേജ് തുടങ്ങിയ കലാലയങ്ങളിലെ വിദ്യാർത്ഥികൾ പലദിവസങ്ങളിലായി സമര സമിതി പ്രവർത്തകരോടൊപ്പം കൊയ്ത്തിനിറങ്ങിയതും പൊക്കാളി എക്സിബിഷനും മറ്റുപരിപാടികളും പൊതുജനങ്ങളിൽ വർദ്ധിച്ച തോതിലുള്ള ഉൽസാഹവും പ്രതീക്ഷയും ജനിപ്പിച്ചു. ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കലിന്റെ നേതൃത്വത്തിൽ അഡ്വ. മാത്യു വേളങ്ങാടൻ, ഫാദർ പ്രശാന്ത്പാലയ്ക്കാപ്പിള്ളി, സിസ്റ്റർ ആലീസ് ലൂക്കോസ്, റ്റി.ബി. വിശ്വനാഥൻ, എസ്.സീതി




പൊക്കാളി പ്രദർശനം ഫിഷറീസ് സർവ്വകലാശാല വൈസ്ചാൻസിലർ ഡോ: ബി.മധുസൂദനക്കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു

പ്രഭാഷണം തുടങ്ങിയ പരിപാടികൾ സായാഹ്നങ്ങളിൽ സംഘടിപ്പിച്ചു. സുനിൽ ചേർത്തലയും മനേഷയും ചേർന്ന് എൻഎൻ പിള്ളയുടെ ഗുഡ്നൈറ്റ് എന്ന നാടകം അവതരിപ്പിച്ചു. നവംബർ 6ന് നടന്ന കവിയരങ്ങ് ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്തു.

ചെങ്ങര സമരഭൂമിയിൽ നിന്നും നൂറോളം സമരഭടൻമാരും, വിളപ്പിൽശാല, മൂലമ്പിള്ളി, തുറവൂർ കിൻഫ്രപാർക്ക് കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരസമിതി എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രവർത്തകരും വിളവെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കാളികളായി. തേവര എസ്.എച്ച്.കോളേജ്, തുറവൂർ എസ്.എൻ.ജി.എം. കോളേജ്, എറണാകുളം സെന്റ് തെരേസാസ് കോളേജ്, ചേർത്തല സെന്റ്

ലാൽ, ജോർജ്ജ് മുല്ലക്കര, എം.ജി ശ്രീകുമാർ കമ്മത്ത്, അഡ്വ.ഗാസ്പർ കളത്തുങ്കൽ, അഡ്വ.വി.ആർ രാജേഷ്, എൻ.കെ ശശികുമാർ, കെ.എൽ.ബെന്നി, പി.എസ്.മൈക്കിൾ, കെ.പ്രതാപൻ, കെ.ആർ തോമസ്, കെ.കെ വിക്രമൻ, കെ.ആർ ജോണി, എം.കെ വിജയൻ, പി.എ മാനുവൽ, വർഗ്ഗീസ് കുട്ടി മുണ്ടുപറമ്പിൽ, പി.ആർ.സതീശൻ, പി.കെ. സാബു, അനിതാ ബെന്നി, എസ്.പി.ഷാലി, ആർ. അപർണ്ണ, എൻ.ജെ. സുധി, ബാബു പള്ളിപ്പറമ്പിൽ, എം.കെ. കൃഷ്ണൻ, പി.ജെ. ഫ്രാൻസിസ്, ജാഗി കെ. ചന്ദ്രൻ, മിനി സുപ്രൻ, ഡീനാ ബെന്നി, സതി കൃഷ്ണൻ, തുടങ്ങിയവരുടെ നിതാന്ത പരിശ്രമം പരിപാടികളെ വിജയത്തിലെത്തിച്ചു. ■

# വർഗ്ഗീയവാദികൾക്ക് ഇത്ര ചങ്കൂറ്റം എങ്ങനെയുണ്ടായി?

നരേന്ദ്രമോഡിക്ക് അടുത്ത പ്രധാനമന്ത്രിയാകുവാൻ ഭരണമുതലാളിവർഗ്ഗത്തിന്റെ പിന്തുണ ലഭിച്ചതോടെ, ആർ.എസ്.എസ്-ബി.ജെ.പി സംഘപരിവാർ സംഘം വർഗ്ഗീയവികാരം കത്തിജ്വലിപ്പിക്കാനും ന്യൂനപക്ഷ മതവിഭാഗങ്ങൾക്കെതിരെ, വിശേഷിച്ചും മുസ്ലീങ്ങൾക്കെതിരെ, വിദ്വേഷം പരത്തുവാനും കിണഞ്ഞ് ശ്രമിച്ചുവരികയാണ്. ഉത്തർപ്രദേശിലും രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും സമീപകാലത്ത് അരങ്ങേറിയ വർഗ്ഗീയ സംഘർഷങ്ങൾ ഇതിന്റെ ഭാഗമാണ്. മഹാഭൂരിപക്ഷം വരുന്ന നിഷ്ക്കളങ്കരായ ദരിദ്രജനകോടികളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തിനെതിരെ തിരിച്ചുവിട്ടുകൊണ്ട് രാജ്യത്തെ വർഗ്ഗീയാടിസ്ഥാനത്തിൽ ധ്രുവീകരിക്കാനും തദ്വാര രാജ്യത്തെ ഒരു കശാപ്പുകേന്ദ്രമാക്കി മാറ്റുവാനുമുള്ള തുറന്ന ഭീഷണി മുഴക്കുകയാണ് ഇക്കൂട്ടർ.

**ജ**നങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങളെ അധികരിച്ച് രാജ്യവ്യാപകമായി വളർന്നുവരേണ്ട ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങളുടെ അഭാവംമൂലം എവ്വിധവും ജനങ്ങളുടെ വോട്ടുതട്ടിയെടുക്കാൻ കോപ്പുകൂട്ടിയിരിക്കുന്ന ബൂർഷ്വാപാർട്ടികൾ വർഗ്ഗീയ ധ്രുവീകരണത്തിൽനിന്ന് നേട്ടങ്ങൾ കൊയ്യാമെന്ന് കണക്കുകൂട്ടിയിരിക്കുന്നതിനാലും ബി.ജെ.പി-ആർ.എസ്.എസ് മരണവ്യാപാരികളുടെ വർഗ്ഗീയ നീക്കങ്ങൾ ചോദ്യം ചെയ്യപ്പെടാതെ, പ്രതിരോധിക്കാനാവാതെ അനുസ്യൂതം മുന്നേറുകയാണ്. വെറിപൂണ്ട സംഘപരിവാർ സംഘം ദൃശ്യമാധ്യമങ്ങളുടെ സാന്നിദ്ധ്യത്തിൽ, പകൽവെളിച്ചത്തിൽ ചരിത്രപ്രധാനമായ ബാബ്റി മസ്ജിദ് കമ്പിയും ത്രിശൂലവും മറ്റ് ആയുധങ്ങളുമുപയോഗിച്ച് ഇടിച്ചുനിരത്തിയതിന്റെ ഓർമ്മ ഇന്നും ജനമനസ്സിൽ വളരെ സജീവമായി തങ്ങിനിൽക്കുന്നുണ്ട്. ഗുജറാത്ത് കൂട്ടക്കൊലയുടെ ഭീകരമായ ആ നാളുകളിൽ, കാവിപ്പടയുടെ സായുധരായ കൊലയാളി സംഘത്തിനുമുന്നിൽ ജീവനുവേണ്ടി യാചിക്കുന്ന നിസ്സഹായരായ ആളുകളുടെ മുഖങ്ങളും നമുക്കുമുന്നിൽ തെളിഞ്ഞുനിൽക്കുകയാണ്. സമാനമായൊരു കൊലപാതകഘോഷത്തിന്റെ തിരിച്ചുവരവിനെ രാജ്യം വീണ്ടും അഭിമുഖീകരിക്കുകയാണ്. ഒരുപക്ഷേ മുമ്പ് ദർശിച്ചതിനേക്കാൾ ഭീകരരൂപം അത് പൂണ്ടേക്കാം. കാരണം വർഗ്ഗീയ വെറിയന്മാരെ തടയുവാൻ ആരുമില്ലായെന്ന അവസ്ഥയാണിപ്പോഴുള്ളത്. ഇതിന്റെ മറുവശമെന്ന നിലയിൽ ന്യൂനപക്ഷങ്ങൾക്കിടയിൽ വർഗ്ഗീയമായ ധ്രുവീകരണം കത്തിജ്വലിപ്പിക്കപ്പെടുകയും ഭീകരപ്രവർത്തനങ്ങളുടെ രൂപത്തിൽ അത് പ്രത്യക്ഷപ്പെടുകയുമാണ്. വർഗ്ഗീയമായി ധ്രുവീകരിക്കപ്പെടുന്ന വോട്ടുകൾ പെട്ടിയിലാക്കി അധികാരത്തിലേറുകയെന്ന ഏകലക്ഷ്യത്തോടെയാണ് ഇവയെല്ലാം അരങ്ങേറുന്നത്. ജനങ്ങളുടെ ദുരിതത്തിലും നാശത്തിലുമാണ് ഈ കറുത്ത ശക്തികൾ അഭിവൃദ്ധി പ്രാപിക്കുന്നത്. പാർലമെന്ററി ജനാധിപത്യവും രാഷ്ട്രീയവും ഭരണസംവിധാനവുമെല്ലാം രാജ്യത്തെ ഇത്തരമൊരു പ്രാകൃതാവസ്ഥയിലേക്കാണ് എത്തിച്ചിരിക്കുന്നത്.

### വർഗ്ഗപിന്തുണയോടെ പൊട്ടിവീണ മോഡി

ബി.ജെ.പിയുടെ കടുത്ത വർഗ്ഗീയതയുടെ പ്രതിരൂപവും 2002-ൽ ഗുജറാത്തിൽ അരങ്ങേറിയ വർഗ്ഗീയ കൂട്ടക്കൊലയുടെ മുഖ്യശിൽപ്പിയും, അത്തരമൊരു കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്തയാളെന്ന നിലയിൽ കോടതി പരസ്യമായ വിചാരണ നടത്തി കടുത്തശിക്ഷ നൽകേണ്ടയാളുമായ മോഡി, ഭരണമുതലാളിവർഗ്ഗത്തിന്റെ പ്രിയപ്പെട്ടവനായി മാറിയിരിക്കുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. ഔദ്യോഗിക രേഖകളിൽ തിരിമറി നടത്തിയും തെളിവുകൾ നശിപ്പിച്ചും താൻ ചെയ്ത ഘോരവും ബീഭൽസവുമായ കുറ്റകൃത്യത്തിൽനിന്ന് മോഡിയെ കുറ്റവിമുക്തനാക്കാൻ അവർ പിന്നിൽനിന്ന് ചരട് വലിച്ചു. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ കോൺഗ്രസ്സ് ദുർഭരണത്തിലൂടെ വിലക്കയറ്റം, തൊഴിലില്ലായ്മ, അഴിമതി, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ എല്ലാം ഭീകരമായി വർദ്ധിച്ചിരിക്കുകയാണ്. അതിനെതിരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങളുടെ പ്രതിഷേധം അണപൊട്ടുകയാണെന്ന് ഭരണമുതലാളിവർഗ്ഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അത്തരമൊരു സാഹചര്യത്തിൽ മുതലാളിവർഗ്ഗത്തിന്റെതന്നെ മറ്റൊരു വിശ്വസ്ത രാഷ്ട്രീയ കക്ഷിയായ ബി.ജെ.പിയെ പിന്തുണയ്ക്കുവാനും ഇതിനോടകം തങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ സാധിച്ച മോഡിയെ പൊക്കിയെടുത്ത് ഭാവി പ്രധാമന്ത്രിയായി അവരോധിക്കാമെന്നുമുള്ള കണക്കുക്കൂട്ടലിലാണ് ഭരണ മുതലാളിവർഗ്ഗം. അങ്ങനെ തങ്ങളുടെ അതിശക്തമായ പ്രചാരണതന്ത്രങ്ങളുടെ അകമ്പടിയോടെ ഒരു കൊലയാളിയെ നേതാവായി അവരോധിച്ചിരിക്കുകയാണ്. രാജ്യംകണ്ട ഏറ്റവും ഭയാനകമായ കുറ്റകൃത്യത്തിന്റെ സൂത്രധാരനെ വികസനത്തിന്റെ ശില്പിയായും ആധുനികതയുടെയും പുരോഗതിയുടെയും അടയാളമായും അവതരിപ്പിച്ചിരിക്കുകയാണ്. രാജ്യത്തെ പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും ഐശ്വര്യത്തിലേക്കും നയിക്കാൻ കെല്പുള്ള ഒരാളായി അവതരിപ്പിച്ചിരിക്കുന്നു. മോഡിക്ക് സ്തുതിപാടുകയെന്നത് കുത്തകകളുടെ നിയന്ത്രണത്തിലുള്ള എല്ലാ മാധ്യമങ്ങളുടെയും എല്ലാ ദിവസത്തേയും കാര്യപരിപാടികളുടെ ഭാഗമായി മാറിയിരിക്കുകയാണ്. മുൻനിര പത്രങ്ങളുടെയും ദൃശ്യമാധ്യമങ്ങളുടെയും തലക്കെട്ടുകളിലും ചർച്ചകളിലും മോഡിക്ക് പരമാവധി സ്ഥലവും സമയവും അനുവദിച്ചിരിക്കുകയാണ്.

മോഡിയുടെ പ്രചാരണ യാത്രകളും ഓരോ ദിവസത്തെയും കാര്യപരിപാടികളും പൊതുയോഗങ്ങളും പത്രസമ്മേളനങ്ങളുമെല്ലാം അല്പം പോലും വിട്ടുകളയാതെ മാധ്യമങ്ങൾ പ്രദർശിപ്പിക്കുന്നു, പ്രസിദ്ധീകരിക്കുന്നു. ജനങ്ങളെപ്രതി മോഡിക്കുള്ള വ്യാജമായ ഉൽക്കണ്ഠകളുമെല്ലാം അപ്പടി അവതരിപ്പിക്കുന്നു. അങ്ങനെ കരുത്തനായ, തലയെടുപ്പുള്ള ഒരു വ്യക്തിത്വമായി മോഡിയെ മാധ്യമങ്ങൾ വരച്ചുകാട്ടുന്നു. പ്രതിസന്ധി നിറഞ്ഞ, കടുത്ത വെല്ലുവിളികളെ നേരിടുന്ന ഈ ഘട്ടത്തിൽ രാജ്യത്തെ നയിക്കുവാൻ മോഡിയല്ലാതെ മറ്റാരുമില്ലായെന്ന പ്രതീതി ജനിപ്പിച്ചിരിക്കുകയാണ്. ആധുനികതയും യാഥാർത്ഥ്യവും ഉൾക്കൊണ്ട വികസന വീരൻ, ഇന്നിന്റെ വെല്ലുവിളികൾ സധൈര്യം ഏറ്റെടുത്ത കർമ്മയോഗി-വിശേഷണങ്ങൾ നീളുകയാണ്. ഗുജറാത്തിന്റെ വികസനത്തെക്കുറിച്ച് കൃത്രിമമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കെട്ടുകഥകളും മുത്തശ്ശിക്കഥകളുമെല്ലാം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മറുവശത്ത് ജനങ്ങളുടെ യഥാർത്ഥ അവസ്ഥ, അവരുടെ പരിതാപകരമായ ജീവിത സാഹചര്യം, ഒരുനേരത്തെ വിശപ്പടക്കാനുള്ള അവരുടെ പെടാപ്പാടുകൾ എല്ലാം വിസ്മൃതിയിലാഴ്ത്തപ്പെടുകയാണ്. മോഡി അവതരിപ്പിക്കുന്ന ഗുജറാത്ത് മോഡലിന്റെ വിരൂപമായ മറുവശവും ചർച്ച ചെയ്യപ്പെടുന്നതേയില്ല.

താൻ എത്രമേൽ മതേതരവാദിയാണെന്ന് കാണിക്കാനായി ഏതാനും മുസ്ലീം നേതാക്കളെ വേദിയിൽ അണിനിരത്തി മാധ്യമങ്ങളുടെ സാന്നിദ്ധ്യത്തിൽ പാർട്ടി നേതാക്കളുടെയും മുന്നണിയിൽപ്പെട്ട മറ്റ് നേതാക്കളുടെയും അകമ്പടിയോടെ ഗുജറാത്ത് യൂണിവേഴ്സിറ്റി കൺവൻഷൻ സെന്ററിലെ ശീതികരിച്ച ഹാളിൽ സമാധാനവും മതസൗഹാർദ്ദവും സംരക്ഷിക്കുവാനായി മൂന്ന് ദിവസത്തെ സദ്ഭാവനാ ഉപവാസം മോഡി അനുഷ്ഠിക്കുകയുണ്ടായി. എന്നാൽ ഈ ഉപവാസ വേളയിൽ ഒരിക്കൽ പോലും ഗോധ്ര സംഭവത്തെത്തുടർന്ന് അരങ്ങേറിയ വർഗ്ഗീയ കൂട്ടക്കൊലയെക്കുറിച്ച് ഒരക്ഷരം മോഡി ഉരിയാടിയില്ല. അതേ സ്ഥലത്തുവച്ച്, വർഗ്ഗീയ അജണ്ടയുടെ പേരിൽ തന്നെ വിമർശിക്കുന്നവരെ വികസനവിരുദ്ധരെന്നും ഗുജറാത്ത് വിരുദ്ധരെന്നും മുദ്രയടിക്കുവാൻ മോഡി മറന്നില്ല. അങ്ങനെ അതിവിദഗ്ദ്ധമായി വർഗ്ഗീയതയെ ഗുജറാത്ത് പ്രദേശിക വികാരവുമായി കൂട്ടിയിണക്കി. താൻ ഒരു മതേതരവാദിയാണെന്നും രാജ്യതാൽപ്പര്യമാണ് തനിക്ക് പ്രഥമമെന്നും തന്നെ സംബന്ധിച്ചിടത്തോളം മുസ്ലീമും ഹിന്ദുവും ഒരുപോലെയാണെന്നുമെല്ലാം മോഡി വീമ്പിളക്കി. എന്നാൽ ഏതാനും ദിവസത്തിനു ശേഷം റോയിട്ടർ വാർത്താചാനൽ പ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിൽ, കൂട്ടക്കൊലയും പീഡനങ്ങളും കൊള്ളിവയ്പ്പും കവർച്ചയും ജീവനുവേണ്ടി കേണപേക്ഷിക്കുന്നവരെ ജീവനോടെ ചുട്ടുകൊല്ലുകയും ചെയ്ത, 2002-ലെ വർഗ്ഗീയ കൂട്ടക്കുരുതിയിൽ ഒരു തെറ്റുമില്ലായെന്ന് മോഡി അഭിപ്രായപ്പെട്ടു. വികസനത്തിന്റെ രഥമുരുളുമ്പോൾ അറിയാതെ ഒരു പട്ടിക്കുട്ടി അതിനടിയിൽപ്പെട്ടാൽ അത് ചത്തുപോയേക്കാം. 2002-ലെ ക്രൂരമായ കൊലയ്ക്കും പീഡനങ്ങൾക്കും ഇരയായ മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സഹോദരരെ വികസനത്തിന്റെ രഥത്തിനടിയിൽപ്പെട്ട പട്ടിക്കുട്ടിയോടാണ് അദ്ദേഹം ഉപമിച്ചത്. ഒരു ഹിന്ദുവായി ജനിച്ചതിനാൽ താനൊരു ഹിന്ദു ദേശീയവാദിയാണെന്ന് മോഡി അഭിപ്രായപ്പെട്ടു. അങ്ങനെ വളരെ തന്ത്രപൂർവ്വം ഹിന്ദുത്വത്തെയും ദേശീയതയെയും ഒന്നായി ചിത്രീകരിച്ചു. മതേതരത്വത്തിന്റെ 'ബുർഖയണിഞ്ഞ' എന്ന വിശേഷണത്തിലൂടെ മതേതരത്വത്തെ മുസ്ലീം വേഷവിധാനത്തെ ഉപയോഗിച്ച് അപഹസിച്ചു. ഇതാണ് മോഡി വക 'മതേതരത്വം'.

### രാജ്യത്തെ വർഗ്ഗീയമായി ധ്രുവീകരിക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന ബി.ജെ.പി-ആർ.എസ്.എസ് സംഘപരിവാർ സംഘം

രാജ്യത്തിന്റെ പ്രധാനമന്ത്രിയായി അഭിഷിക്തനാകുന്ന സമയം അടുത്തടുത്ത് വരുന്നതനുസരിച്ച് മോഡിയും ബി.ജെ.പി-ആർ.എസ്.എസ് സംഘപരിവാർ സംഘവും വിദഗ്ദ്ധമായൊരു പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. കുത്തകകളുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളുടെ സഹായത്തോടെ മോഡി തന്റെ വർഗ്ഗീയ നിറം എവ്വിധവും മറയ്ക്കുകയും ജനങ്ങളെ വഞ്ചിച്ച് ഏവർക്കും സ്വീകാര്യനായ ഭാവി പ്രധാനമന്ത്രിയുടെ പ്രതിച്ഛായ സ്വീകരിക്കുകയും ചെയ്യുക എന്നതാണത്. അതേ സമയം ആർ.എസ്.എസ്-ബി.ജെ.പി സംഘപരിവാർ സംഘം ഹിന്ദുവികാരവും ഹിസ്റ്റീരിയയും പുനരുജ്ജീവിപ്പിച്ചുകൊണ്ട് ഹിന്ദുവോട്ടുകൾ ദൃഢീകരിക്കുകയും മതന്യൂനപക്ഷ വിരുദ്ധ, വിശേഷിച്ചും മുസ്ലീം വിരുദ്ധ വിദ്വേഷ പ്രചാരണം അഴിച്ചുവിടുകയും ചെയ്യുക.

മുസ്ലീം വിരുദ്ധ വികാരം കത്തിജ്വലിപ്പിച്ചും കൊല്ലും കൊലയ്ക്കും നേതൃത്വം കൊടുത്തും തഴക്കവും പഴക്കവുമുള്ള അമിത് ഷാ, പ്രവീൺ തൊഗാഡിയ, വിനയ് കത്തിഹാർ തുടങ്ങിയ കുപ്രസിദ്ധ ഹിന്ദുവർഗ്ഗീയവാദ ദുഷ്ടമുഖങ്ങൾ അധികാരത്തിലേക്കുള്ള ബി.ജെ.പിയുടെ യാത്രയിൽ മുൻനിരയിലേക്ക് വന്നിരിക്കുകയാണ്. ജനങ്ങൾക്കിടയിൽ മതത്തിന്റെ അടിസ്ഥാനത്തിൽ പരസ്പര അവിശ്വാസവും വിദ്വേഷവും അകൽച്ചയും സദാ ജ്വലിപ്പിച്ച് നിർത്തുവാനായി ആർ.എസ്.എസ്-ബി.ജെ.പി സംഘപരിവാർ സംഘത്തെ ഒന്നാകെ താഴെത്തലം മുതൽ വിന്യസിച്ചിരിക്കുകയാണ്. 'ന്യൂനപക്ഷങ്ങൾ എന്നവകാശപ്പെടുന്നവർക്കുവേണ്ടി മാത്രം' നിലകൊള്ളുന്ന 'ഇന്നത്തെ വ്യവസ്ഥയെ' നരേന്ദ്രമോഡി മാറ്റുമെന്ന് ഒരു ആർ.എസ്.എസ് നേതാവ് അവരുടെ പൂനയിലെ കേന്ദ്ര സ്ഥാപനത്തിൽവച്ച് അഭിപ്രായപ്പെടുകയുണ്ടായി. ഞങ്ങൾ അധികാരത്തിൽ വരുന്നതോടെ 'എല്ലാത്തരം പ്രീണനങ്ങൾക്കും വിരാമമിടും'- അദ്ദേഹം കൂട്ടിച്ചേർത്തു. 'ഗുജറാത്തിൽ ഒരു മുസ്ലീം എം.എൽ.എ പോലുമില്ല. അങ്ങനെയായിരിക്കണം എല്ലായിടത്തും...'

നരേന്ദ്രമോഡിയുടെ വിശ്വസ്തനായ അനുയായിയും 2002-ൽ ഗുജറാത്തിൽ അരങ്ങേറിയ കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്തയാളുമായ അമിത് ഷാ മറ്റൊരവസരത്തിൽ തുറന്നടിച്ചു. 'മുസ്ലീം വോട്ടുകൾ ഞങ്ങൾക്ക് ലഭിക്കില്ലായെന്ന് ഞങ്ങൾക്ക് നന്നായി അറിയാം... എന്നാൽ സവർണ്ണ ഹിന്ദുക്കളുടെയും മറ്റ് പിന്നോക്ക ഹിന്ദുക്കളുടെയും യോജിച്ചുള്ള ഹിന്ദുവോട്ടുകളുടെ ദൃഢീകരണം ഉണ്ടാകും.' തങ്ങളുടെ വാക്കുപാലിക്കുന്നതിന്റെ ഭാഗമായി ആർ.എസ്.എസ്-സംഘപരിവാർ സംഘം രാജ്യത്ത് കഴിയുന്നത്ര സ്ഥലങ്ങളിൽ സാധ്യമായ രൂക്ഷതയോടെ വർഗ്ഗീയ സംഘർഷങ്ങളും കലാപങ്ങളും കുത്തിയിളക്കുകയാണ്.

വേട്ടനായ്ക്കൾ വീണ്ടും ഇരതേടിയിറങ്ങിയിരിക്കുകയാണ്. വർഗ്ഗീയ ലഹളകളുടെയും പരസ്പര വിനാശകാരിയായ സംഘർഷത്തിന്റേതുമായ ആ ഇരുണ്ട ദിനങ്ങൾ എല്ലാ രൗദ്രഭാവത്തോടെയും തിരിച്ചെത്തിയിരിക്കുകയാണ്. ബി.ജെ.പി, യു.പിയുടെ ചുമതലക്കാരനായി അമിത് ഷായെ നിയോഗിച്ച നാൾ മുതൽ കഴിഞ്ഞ 12 മാസത്തിനുള്ളിൽ ചെറുതും വലുതുമായ 50-ൽപ്പരം വർഗ്ഗീയ സംഘർഷങ്ങളാണ് യു.പി.യിൽ അരങ്ങേറിയത്. അവയിൽ 12 എണ്ണം ഗൗരവ സ്വഭാവത്തിലുള്ള വർഗ്ഗീയ സംഘർഷങ്ങളാണ്. 60 പേരുടെ ജീവനപഹരിക്കുകയും ആയിരങ്ങളെ തങ്ങളുടെ വീടും വസ്തുവകകളുമുപേക്ഷിച്ച് കൂട്ടപ്പലായനത്തിലേക്ക് തള്ളിവിടുകയും ചെയ്ത, മുസഫർപൂറിലും സമീപപ്രദേശങ്ങളിലും കഴിഞ്ഞ ആഗസ്റ്റ് മാസം അരങ്ങേറിയ വർഗ്ഗീയ കലാപമാണ് അതിൽ ഏറ്റവും രൂക്ഷമായ സ്വഭാവത്തിലുള്ളത്. യു.പി.യുടെ ചുമതലക്കാരനായി അമിത് ഷാ നിയോഗിക്കപ്പെട്ടതും ഭാവി പ്രധാനമന്ത്രി സ്ഥാനത്തിനുവേണ്ടിയുള്ള മോഡിയുടെ നീക്കങ്ങളുമായും ഈ സംഭവങ്ങൾക്ക് യാതൊരു ബന്ധവുമില്ലായെന്ന് കരുതാനാകുമോ? മുസഫർപൂറിലെ തീ അണഞ്ഞുകൊണ്ടിരിക്കവെ ഏതാനും ദിവസംമുമ്പ് പുതുതായി പൊട്ടിപ്പുറപ്പെട്ട ഒരു വർഗ്ഗീയ സംഘർഷത്തിൽ വീണ്ടും 4 വിലപ്പെട്ട ജീവനുകൾ അപഹരിക്കപ്പെടുകയുണ്ടായി. ഏതാനും ദിവസങ്ങൾക്കുമുമ്പാണ് ബി.ജെ.പി-ആർ.എസ്.എസ് സംഘപരിവാർ നേതാക്കൾ രാജ്യത്തെ വർഗ്ഗീയാടിസ്ഥാനത്തിൽ വിഭജിക്കുമെന്ന് വീമ്പിളക്കിയത്. നർമ്മദയിലെ ഒരു യോഗത്തിൽവച്ച് കോൺഗ്രസ്സിനെ പരിഹസിച്ചുകൊണ്ട് വോട്ടുബാങ്കിന്റെ മതേതരത്വം ഞങ്ങൾക്കു വേണ്ടായെന്ന് മോഡി അഭിപ്രായപ്പെടുകയുണ്ടായി.

യു.പി.യിൽ ജാതിയടിസ്ഥാനത്തിലുള്ള ചേരിതിരിവുകളും ധ്രുവീകരണവുമാണ് നിലനിൽക്കുന്നതെന്ന് മനസ്സിലാക്കിയ ബി.ജെ.പി നേതൃത്വം പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് വർഗ്ഗീയടിസ്ഥാനത്തിലുള്ള ധ്രുവീകരണം സാധിച്ചെടുക്കാനും തെരഞ്ഞെടുപ്പ് സാധ്യതകളെ തങ്ങൾക്കനുകൂലമായി മാറ്റിത്തീർക്കാനും കിണഞ്ഞു ശ്രമിക്കുകയാണ്. ഹിന്ദുത്വത്തിന്റെ യോഗ്യതാ പത്രം പ്രദർശിപ്പിച്ചുനടക്കുന്നതും ന്യൂനപക്ഷങ്ങൾക്കെതിരെ പ്രഹരമേൽപ്പിക്കുന്നതും വർഗ്ഗീയമായ ചോരപ്പുഴയൊഴുക്കുന്നതുമെല്ലാം ബൂർഷ്വാ അധികാര രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം വോട്ടുനേടാനും അധികാരം കയ്യാളാനുമുള്ള തന്ത്രങ്ങൾ മാത്രമാണ്. അധികാരത്തിനുവേണ്ടിയുള്ള ഭ്രാന്തമായ കുതിച്ചുപായലിൽ ഇരകളാക്കപ്പെടുന്നതും കരുക്കളാക്കപ്പെടുന്നതും എല്ലാ ജാതി-മത-പ്രാദേശിക വിഭാഗത്തിലുംപെട്ട

(ശേഷം പേജ് 13-ൽ)

# എല്ലാ ബൂർഷ്വാപാർട്ടികളും വർഗ്ഗീയതയ്ക്ക് വളംവയ്ക്കുന്നു

(പേജ് 12-ൽ നിന്ന് തുടർച്ച)

സാധാരണക്കാരായ ജനങ്ങൾ മാത്രമാണ്. ഈ വർഗ്ഗീയ-ജാതീയ ഭ്രാന്ത് ജനങ്ങളെ ഭീതിയിലാഴ്ത്തുകയാണ്. ഹിന്ദുവർഗ്ഗീയവാദികളുടെ ഭ്രാന്തമായ ഈ ഉന്മാദത്തിമിർപ്പ് മറ്റ് മതവിഭാഗങ്ങളിൽപ്പെട്ടവരെ പ്രകോപിപ്പിക്കുകയും അവർക്കിടയിൽ സ്വയം പ്രതിരോധത്തിന്റെ പേരുപറഞ്ഞ് മതഭ്രാന്തും തീവ്രവാദവും കത്തിജ്വലിപ്പിക്കാൻ സ്ഥാപിത താൽപ്പര്യക്കാർക്ക് അവസരം ഒരുക്കിക്കൊടുത്തിരിക്കുകയുമാണ്. അത് വീണ്ടും സംഘർഷാവസ്ഥയെ മൂർച്ഛിപ്പിക്കാൻ ഇടയാക്കുന്നു.

വർഗ്ഗീയമായി തിളച്ചുമറിയുന്ന ഈ സാഹചര്യം ഭീകരപ്രവർത്തനങ്ങളും ഭീകരാക്രമണങ്ങളും സ്ഫോടന പരമ്പരകളും ഭീതിജനകമായ തോതിൽ വർദ്ധിച്ചുവരുന്നതിന് ഇടയാക്കുകയും ഇതിനോടകം അരക്ഷിതമായ സാധാരണക്കാരുടെ ജീവിതത്തെ കൂടുതൽ അരക്ഷിതമായ അവസ്ഥയിലേക്കും ഭയാനകമായ സാഹചര്യങ്ങളിലേക്കും തള്ളിവിടുകയും ചെയ്യുകയാണ്. വർഗ്ഗീയഭീതിയിലും സംഘർഷത്തിലും ഞെരിപിരികൊള്ളുകയും വീർപ്പുമുട്ടി കഴിയുകയും ചെയ്യുന്ന സാധാരണ ജനങ്ങളുടെ ജീവനും സ്വത്തിനും നേർക്ക് മധ്യകാല മൃഗീയതയെ അനുസ്മരിപ്പിക്കുന്ന ആക്രമണം ഏതുനിമിഷവുമുണ്ടാകാമെന്ന ഭയം അവരുടെ ഉറക്കം കെടുത്തുകയാണ്.

**എല്ലാ ബൂർഷ്വാ പാർട്ടികളും വർഗ്ഗീയ-ജാതീയ വിഭജനം രൂക്ഷമാകണമെന്ന് ആഗ്രഹിക്കുന്നു.**

വർഗ്ഗീയവിഷം ചീറ്റി വർഗ്ഗീയക്കോമരങ്ങൾ അന്തരീക്ഷം വിഷലിപ്തമാക്കുമ്പോഴും വർഗ്ഗീയമായ കണക്കുകൂട്ടലുകൾ മറ്റെല്ലാ പരിഗണനകളെയും വിഴുങ്ങുമ്പോഴും ഇതിനെ പ്രതിരോധിക്കുവാനുള്ള തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പകരം എല്ലാ ബൂർഷ്വാ പാർട്ടികളും വർഗ്ഗീയ ഭീകരസത്വത്തിന് അഴിഞ്ഞാടാൻ വേദിയൊരുക്കിക്കൊടുത്തിരിക്കുകയാണ്. കേന്ദ്രത്തിലെ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന യു.പി.എ സർക്കാർ, ബി.ജെ.പി-ആർ.എസ്.എസ് സംഘപരിവാർ സംഘത്തിന്റെ വർഗ്ഗീയ രാഷ്ട്രീയത്തെ ശക്തമായി നേരിടുമെന്ന് വിശ്വസിച്ചവരെ ഇന്ന് അങ്ങേയറ്റം നിരാശയിലാഴ്ത്തിയിരിക്കുകയാണ്. മോഡിയെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കാനും ഹീനമായ കുറ്റകൃത്യത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് രക്ഷപ്പെടുത്താനും കോൺഗ്രസ്സ് സർക്കാർ കൂട്ടുനിൽക്കുകയാണ്. രാജ്യത്ത് അനുദിനം വളർന്നുവരുന്ന വർഗ്ഗീയ സംഘർഷങ്ങളിൽ ഇടപെടാതെ തികച്ചും തന്ത്രപരമായ ഒരു സമീപനമാണ് യഥാർത്ഥത്തിൽ കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളായ ഗുജറാത്ത്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽപ്പോലും അവരുടെ പ്രകടമായ ജനവിരുദ്ധ നയങ്ങൾക്കെതിരെ കോൺഗ്രസ്സ് ഒന്നനങ്ങുകപോലും ചെയ്യുന്നില്ല. വർഗ്ഗീയമായി ധ്രുവീകരിക്കപ്പെടുന്നതിൽ ഒരു ഭാഗം ഹിന്ദുവോട്ടുകൾ തങ്ങൾക്കനുകൂലമായി വകഞ്ഞെടുക്കാനാകുമെന്ന കണക്കുകൂട്ടലിലാണ് കോൺഗ്രസ്സും. അതേസമയം മതേതരത്വത്തിന്റെ ശക്തനായ വക്താവായി ഭാവിച്ചുകൊണ്ട് (മതേതരത്വമെന്നാൽ സർവ്വമത പ്രീണനമായി നമ്മുടെ രാജ്യത്ത് ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിരിക്കുകയാണ്.) ന്യൂനപക്ഷങ്ങളുടെ മിത്രമായി അവതരിക്കുവാനുമാകും. ന്യൂനപക്ഷങ്ങളുടെ ദുരിതങ്ങളും ആശങ്കകളും ദൂരീകരിക്കുവാനല്ല, മറിച്ച് അവരുടെ വോട്ടുതട്ടിയെടുക്കുവാനാണ് ഈ വേഷംകെട്ടൽ.

ഭരണത്തിലോ പ്രതിപക്ഷത്തോ ഇരിക്കുന്ന മുലായം, മായാവതി, നിതീഷ് കുമാർ, നവീൻ പട്നായിക്, മമത, ജയലളിത തുടങ്ങി എല്ലാ പ്രദേശിക പാർട്ടികളും വർഗ്ഗീയ ശക്തികളിൽനിന്നും രാജ്യത്തിന്റെ ഐക്യം കടുത്ത വെല്ലുവിളികളെ നേരിടുന്ന ഈ ഘട്ടത്തിൽപ്പോലും കളിച്ചുരസിച്ച് ഉല്ലസിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കഷ്ടതയനുഭവിക്കുന്ന ജനങ്ങളോട് തെല്ലും പരിഗണനയില്ലാത്ത ഇക്കൂട്ടർ തങ്ങളുടെ സങ്കുചിതമായ പ്രദേശിക വോട്ട് രാഷ്ട്രീയം മാത്രം മുന്നിൽകണ്ടുകൊണ്ട് സർവ്വവിധ ക്രീഡകളിലുമേർപ്പെട്ടിരിക്കുകയാണ്. വർഗ്ഗീയതയെ ചെറുക്കുന്ന കാര്യം പോകട്ടെ, ഒരെതിർപ്പുപോലും ഈ പാർട്ടികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. മുസഫർപൂർ സംഘർഷത്തെത്തുടർന്ന് കൂടിയ ദേശീയ ഉദ്ഗ്രഥന കൗൺസിൽ മീറ്റിംഗും ഒരു പരാജയത്തിലാണ് കലാശിച്ചത്. ആ യോഗത്തിൽനിന്നും മോഡി വിട്ടുനിന്നു. മീറ്റിംഗിൽ പങ്കെടുത്ത ബി.ജെ.പി ഉൾപ്പെടെയുള്ള കക്ഷികളാകട്ടെ, സൗഹൃദം പങ്കുവയ്ക്കാനും നേരം പോക്കുവാനുമുള്ള വേദിയാക്കി മാറ്റി. വർഗ്ഗീയത ഭീഷണമായ രൂപംപൂണ്ടിരിക്കുന്നത് ആരുടെയും ചർച്ചാവിഷയമായില്ല. എല്ലാവരും ചായകുടിച്ച് സന്തോഷപൂർവ്വം പിരിഞ്ഞു. വർഗ്ഗീയ സംഘർഷാവസ്ഥ നിലനിൽക്കണമെന്നും ഒരിക്കലും അണയാതെ നീറിനീറി പുകയണമെന്നും ഇവരെല്ലാം ആഗ്രഹിക്കുന്നു. അതിൽനിന്നും തങ്ങൾക്കെങ്ങനെ തെരഞ്ഞെടുപ്പ് നേട്ടങ്ങൾ കൊയ്യാമെന്ന കണക്കുകൂട്ടലിലാണ് എല്ലാ രാഷ്ട്രീയ കക്ഷികളും. കൂടുതൽ സീറ്റുകൾ സമ്പാദിക്കുവാനും അധികാരം കയ്യാളുവാനും ബി.ജെ.പിയുമായുള്ള സഖ്യംവഴി സാധിക്കുമെങ്കിൽ അതിനുള്ള സാധ്യതയും തുറന്നിട്ടിരിക്കുകയാണ് പല രാഷ്ട്രീയ കക്ഷികളും. ചെടിപ്പുളവാക്കുന്ന കപട വാഗ്ദാനങ്ങൾ നിരത്തുക, താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളോട് അനുഭാവം പുലർത്തുന്നതായി ഭാവിക്കുക, ജനങ്ങളെ അവരുടെ നീറുന്ന പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധവ്യതിചലിപ്പിക്കുവാൻ വഞ്ചനാപരമായ കരുനീക്കങ്ങൾ നടത്തുക, രാഷ്ട്രീയത്തിൽ സ്ഥിരം ശത്രുക്കളും മിത്രങ്ങളുമില്ലെന്ന് പ്രസ്താവന നടത്തി അവസരവാദ രാഷ്ട്രീയ കൂട്ടുകെട്ടുകളിലേർപ്പെടുക ഇതൊക്കെയാണ് ഇപ്പോൾ അരങ്ങേറുന്നത്. മാനസ്സികമായും ശാരീരികമായും മുറിവേറ്റ, പൂർണ്ണമായും തകർക്കപ്പെട്ട, താൽക്കാലികമായി നിർമ്മിച്ച അഭയാർത്ഥി ക്യാമ്പിൽ കഴിയുന്ന, വീണ്ടും ആക്രമണം നേരിടേണ്ടിവരുമെന്ന ഭീതിയിൽ സ്വന്തം ഭവനങ്ങളിലേക്ക് തിരിച്ച് പോകാൻ ഭയക്കുന്ന അശരണരും നിരാലംബരുമായ മുസഫർപൂർ കലാപത്തിന്റെ ഇരകളോട് കാട്ടുന്ന കടുത്ത പരിഹാസമാണിത്.

**ഇടതെന്നവകാശപ്പെടുന്നവരുടെ ലജ്ജാകരമായ പങ്ക്**

ഇന്ത്യൻ വോട്ടുരാഷ്ട്രീയത്തിൽ പലപ്പോഴും മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മാർക്സിസ്റ്റെന്നും ഇടതുപക്ഷമെന്നും സ്വയം പ്രഖ്യാപിച്ച് നടക്കുന്നവരുടെ പങ്കാണ് ഏറെ വേദനയുളവാക്കുന്നത്. കുത്തകകളുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളുടെ പിന്തുണയും പ്രചാരണവും യഥേഷ്ടം ലഭിക്കുന്ന ഇടതെന്നും മാർക്സിസ്റ്റെന്നും അവകാശപ്പെടുന്ന ഇക്കൂട്ടരിൽ മാർക്സിസം-ലെനിനിസത്തിന്റെ കണികപോലുമില്ലെന്നതോ പോകട്ടെ, ഇടതുപക്ഷരാഷ്ട്രീയത്തിൽനിന്നുപോലും ഇവർ ബഹുകാതം അകലെയാണെന്ന് സാമാന്യബുദ്ധിയുള്ള ഏതൊരാൾക്കും മനസ്സിലാകും. ഇക്കൂട്ടർ പ്രക്ഷോഭണത്തിന്റെ പാത എന്നേ വെടിഞ്ഞുവെന്ന് മാത്രമല്ല, മറ്റേതൊരു ബൂർഷ്വാ പ്രസ്ഥാനത്തെയും പോലെ തങ്ങൾ അധികാരത്തിലിരിക്കുന്ന സംസ്ഥാനങ്ങളിൽ ജനങ്ങളുടെ ന്യായമായ ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങളെ മൃഗീയമായി അടിച്ചമർത്തുകയും ചെയ്യുന്നു. ജനങ്ങളെ പ്രക്ഷോഭത്തിന്റെ പാതയിൽനിന്ന് അകറ്റുവാനും അവരെ ബൂർഷ്വാ പാർലമെന്ററി വ്യാമോഹങ്ങളിൽ കുടുക്കുവാനുമുള്ള ഇക്കൂട്ടരുടെ സവിശേഷമായ കഴിവ് മനസ്സിലാക്കിയ ഇന്ത്യൻ ഭരണമുതലാളി വർഗ്ഗം ഇക്കൂട്ടർക്ക് പ്രകടമായൊരു സ്ഥാനം അനുവദിച്ചുനൽകിയിരിക്കുകയാണ്. ബൂർഷ്വാ വർഗ്ഗരാഷ്ട്രീയത്തിന്റെ അവിഭാജ്യ ഭാഗമെന്നനിലയിൽ അവരും തങ്ങളുടെ വർഗ്ഗതാൽപ്പര്യത്തിനപ്പുറം പോവുകയില്ലെന്ന് ഭരണമുതലാളിവർഗ്ഗത്തിന് നല്ലതുപോലെ അറിയാം. വർഗ്ഗീയ സംഘർഷത്തിന്റെ ഇരുണ്ട മേഘങ്ങൾ അനുദിനം കനംവച്ചുവരുമ്പോഴും മാധ്യമപിന്തുണയുള്ള ഈ ഇടതുപക്ഷങ്ങൾ തെരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റുകൾ നേടുവാനും അധികാരത്തിലേറുവാനും ഏതു പാർട്ടി അല്ലെങ്കിൽ പാർട്ടികളുമായുള്ള സഖ്യമാണ് ഗുണകരമെന്ന കൂട്ടലും കിഴിക്കലും നടത്തിക്കൊണ്ട് സദാ സമയം ചെലവഴിക്കുകയാണ്. വർഗ്ഗീയതക്കെതിരായ തണുപ്പൻ പ്രതികരണങ്ങളാണ് ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്നത്. വർഗ്ഗീയ വ്യാപാരികൾക്ക് കനത്ത തിരിച്ചടി നൽകുവാൻ രാജ്യവ്യാപകമായി ജനങ്ങളുടെ ജനാപത്യ ബഹുജന പ്രക്ഷോഭം കെട്ടഴിച്ചുവിടുന്നതിനുപകരം ഇവർ അടിക്കടി കൂറുമാറുന്ന, യാതൊരു തത്ത്വദീക്ഷയുമില്ലാത്ത എല്ലാ അവസരവാദ കക്ഷികളിൽനിന്നും സുഹൃത്തുക്കളെ കണ്ടെത്താനുള്ള അവസരമായാണ് തെരഞ്ഞെടുപ്പ് വേളയെ കാണുന്നത്. മതേതരശക്തികളെ അണിനിരത്തിക്കൊണ്ട് കഴിഞ്ഞ ഡൽഹിയിലെ തൽക്കത്തോറ സ്റ്റേഡിയത്തിൽ അവർ ഒരു കൺവൻഷൻ സംഘടിപ്പിച്ചു. ജനങ്ങളുടെ ദുരിതങ്ങളും കഷ്ടപ്പാടുകളും മുതലാക്കാനുള്ള, നട്ടെല്ലില്ലാത്ത ഒരു സംഘം കക്ഷികളുടെ കൂട്ടായ്മയായിരുന്നു അത്. ആ യോഗം വൻപരാജയത്തിലാണ് കലാശിച്ചത്. ബി.ജെ.പി-ആർ.എസ്.എസ് സഖ്യം നടത്തുന്ന മരണ താണ്ഡവത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനെക്കുറിച്ചോ, ഭീതിജനകമായ വിധത്തിൽ അനുദിനം വളർന്നുവരുന്ന വർഗ്ഗീയ ഭീഷണിയെ നേരിടുന്നതിനെക്കുറിച്ചോ ഗൗരവാവഹമായ ഒരു ചർച്ചയും അവിടെ നടന്നില്ല. മോഡിക്കെതിരെ ഉന്നയിക്കാറുള്ള ചില പതിവ് വാചകക്കസർത്തുകൾ മാത്രമാണ് അവിടെ അരങ്ങേറിയത്. ഭരണത്തിലേറാൻ അഭിലഷിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ ഒരു ഫോട്ടോ പ്രദർശനം മാത്രമായിരുന്നു അത്. ഏതുകക്ഷിയാണ്, അല്ലെങ്കിൽ മുന്നണിയാണ് അധികാരത്തിൽ വരാനുള്ള സാധ്യതയെന്ന് വിലയിരുത്തി ഓരോ കക്ഷിയുടെയും ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി ആര്, എപ്പോൾ, എങ്ങോട്ട് ചായുമെന്ന് കണക്കുകൂട്ടി, ഏത് അവസവാദ കൂട്ടുകെട്ടിലാണ് ഏർപ്പെടേണ്ടതെന്ന് തീരുമാനിക്കാൻ വേണ്ടിയുള്ള ഒരു വേദിയായി ഫലത്തിൽ അത് മാറി. വർഗ്ഗീയതയെ ചെറുക്കുകയെന്നത് വെറും കാപട്യം മാത്രമാണെന്ന് ഇതിൽനിന്നും വ്യക്തമായിരിക്കുകയാണ്. രാജ്യം വർഗ്ഗീയസംഘർഷത്തെയും ഭ്രാതൃഹത്യയെയും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽപ്പോലും ഇത്രമേൽ നിർണ്ണായക പ്രാധാന്യമുള്ള ഒരു വിഷയത്തിൽ അപഹാസ്യമായ പരിപാടികൾ സംഘടിപ്പിക്കുന്നതിലാണ് ഇടതുപക്ഷം ഏർപ്പെട്ടിരിക്കുന്നത്.

**ഭരണവർഗ്ഗത്തിന്റെ ഹീനമായ ഗൂഢപദ്ധതിയാണ് അനുദിനം ശക്തിപ്പെടുന്നത്.**

ഔദ്യോഗിക ഇടതുപക്ഷങ്ങളുടെയും കപട മതേതര കക്ഷികളുടെയും കാപട്യവും വഞ്ചനയും മൂലം ഭരണമൂതലാളിവർഗ്ഗത്തിന് തങ്ങളുടെ വർഗ്ഗ താൽപ്പര്യങ്ങൾ നടപ്പാക്കുവാൻ മേൽക്കൈ ലഭിച്ചിരിക്കുകയാണ്. വർഗ്ഗീയതക്കെതിരെയുള്ള പ്രഖ്യാപനങ്ങൾ കേവലം പ്രകടനങ്ങൾ മാത്രമാണെന്ന് മനസ്സിലാക്കിയ ഭരണമുതലാളിവർഗ്ഗം അവരുടെ ഹീനപദ്ധതികൾ വളരെ സമർത്ഥമായി ആസൂത്രണം ചെയ്യുകയാണ്. കുത്തനെയുള്ള വിലക്കയറ്റവും രൂപയുടെ മൂല്യത്തകർച്ചയും കൃത്രിമമായ ദൗർലഭ്യവും അവശ്യ-നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയില്ലായ്മയുമെല്ലാം ജനങ്ങൾക്കിടയിൽ അമർഷം ഉരുണ്ടുകൂടാൻ ഇടയാക്കുന്നുവെന്ന് ഭരണമുതലാളിവർഗ്ഗം മനസ്സിലാക്കുന്നുണ്ട്. അത്തരമൊരു ജനരോഷത്തെ അമർച്ച ചെയ്യുവാനും ജനങ്ങളുടെ ശ്രദ്ധ വ്യതിചലിപ്പിക്കുവാനും വർഗ്ഗീയമായൊരു വിജൃംഭിതാവസ്ഥ സൃഷ്ടിക്കുവാനും ഭരണ-മുതലാളിവർഗ്ഗത്തിന് യാതൊരു മടിയുമില്ല. വോട്ട് മാത്രം ലക്ഷ്യമാക്കിയ കഴുകൻമാർ എല്ലും തോലുമായ ജനങ്ങൾക്കുമേൽ ജാതിയുടെയും മതത്തിന്റെയും പേരിൽ ചാടിവീഴാനായി ഓങ്ങിനിൽക്കുകയാണ്. ജനങ്ങൾ ജാതിയുടെയും മതത്തിന്റെയും പ്രദേശത്തിന്റെയുമടിസ്ഥാനത്തിൽ വിഘടിച്ചാൽ, അപ്രകാരം സൃഷ്ടിക്കപ്പെടുന്ന വർഗ്ഗീയന്തരീക്ഷം ജനങ്ങളുടെ സംഘടിതമായ പ്രക്ഷോഭണത്തിന്റെ വളർച്ചയെ തടയുകയും ചെയ്യും. വർഗ്ഗ-ബഹുജന പ്രക്ഷോഭണങ്ങളുടെ മുന്നേറ്റം തടയാനായാൽ മുതലാളിവർഗ്ഗം ഏറ്റവും ഭയക്കുന്ന യഥാർത്ഥ വിപ്ലവ പ്രസ്ഥാനത്തിന്റെ ആശയപരവും സംഘടനാപരവുമായ വളർച്ചയെ താൽക്കാലികമായെങ്കിലും പ്രതിരോധിക്കാനാവുമെന്ന കണക്കുകൂട്ടലാണ് അവർക്കുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ മുതലാളിവർഗ്ഗത്തിന്റെതന്നെ വിശ്വാസ്തരായ രാഷ്ട്രീയ കക്ഷികളിൽ ഏതെങ്കിലുമൊന്നിനെ തെരഞ്ഞെടുക്കുയല്ലാതെ മറ്റൊരു മാർഗ്ഗവും ജനങ്ങൾക്കുമുന്നിലില്ലായെന്ന തരത്തിൽ പാർലമെന്ററി ജനാധിപത്യം പരിമിതപ്പെടുത്തപ്പെട്ടിരിക്കുകയാണ്. ഫാസിസം ഇപ്രകാരമാണ് അടിച്ചേൽപ്പിക്കപ്പെടുന്നത്. പാർലമെന്ററി ജനാധിപത്യത്തിന്റെ മുഖംമൂടി നിലനിർത്തിക്കൊണ്ട് ജനപ്രതിനിധി സഭകളെ ഭരണ-മുതലാളിവർഗ്ഗത്തിന്റെ അനുബന്ധസ്ഥാപനമാക്കി മാറ്റിയിരിക്കുകയാണ്.

മോഡി-രാഹുൽ ദ്വയങ്ങൾ മുതലാളിവർഗ്ഗം മുൻകൂട്ടി തയ്യാറാക്കിയ സ്ക്രിപ്റ്റ് അനുസരിച്ചുള്ള കഥാപാത്രങ്ങൾ മാത്രമാണ്. അവർ തമ്മിലുള്ള മല്ലയുദ്ധങ്ങളും അതിൽത്തന്നെ മോഡിയെ കൂടുതൽ സിദ്ധിവിശേഷമുള്ളയാളായി ഉയർത്തിക്കാട്ടുന്നതും ആർ.എസ്.എസ്-ബി,ജെ.പി വർഗ്ഗീയ ഭ്രാന്തന്മാരെ കൊല്ലും കൊലയും നടത്താൻ തുറന്നുവിട്ടിരിക്കുന്നതും നിഷ്ക്കളങ്കരായ ആളുകളുടെ അറവുശാലയാക്കി രാജ്യത്തെ മാറ്റിത്തീർക്കുന്നതുമെല്ലാം വിനാശകരമായ ബൂർഷ്വാ ഗൂഢാലോചനയുടെ പരിണത ഫലമാണ്. രാജ്യത്തിന്റെ സാമൂഹ്യാന്തരീക്ഷം വർഗ്ഗീയ വിഷമയമായിരിക്കുകയാണ്. നിസ്സാരമായ ഒരു പ്രകോപനത്തിന് രാജ്യത്ത് അങ്ങോളമിങ്ങോളം വർഗ്ഗീയാഗ്നി പടർത്തുവാൻ സാധിക്കുംവിധം രാജ്യമാകെ വർഗ്ഗീമായി വിജൃംഭിക്കപ്പെട്ടിരിക്കുകയാണ്.

**വർഗ്ഗീയശക്തികളുടെ കടന്നുകയറ്റത്തെ പ്രതിരോധിക്കുവാൻ ഉണരുക, ഒന്നിക്കുക**

മരണനൃത്തം ചവിട്ടുന്ന വർഗ്ഗീയക്കോമരങ്ങളെ കയറൂരി വിടാൻ നാം അനുവദിക്കണോ? മുസഫർപൂറും പാറ്റ്നയും ആവർത്തിക്കുന്നത് മൂകസാക്ഷികളായി നാം നോക്കിനിൽക്കണോ? വർഗ്ഗീയപരിഷകൾ നമ്മുടെ സഹോദരങ്ങളെ അടിച്ചുവീഴ്ത്തുന്നത് നിസംഗതയോടെ കണ്ടുനിൽക്കാനാവുമോ? നമുക്കുമേൽ ഈ വർഗ്ഗീയ വെറിയന്മാരുടെ ആജ്ഞകൾ അടിച്ചേൽപ്പിക്കാൻ അനുവദിക്കണമോ? ശബ്ദകോലാഹലങ്ങൾ മുഴക്കി വോട്ട് തട്ടിയെടുക്കാനെത്തുന്നവരുടെ ചതിക്കും വഞ്ചനയ്ക്കും നാം നിന്നുകൊടുക്കണോ? ഇതിനുവേണ്ടിയാണോ സ്വാതന്ത്ര്യസമരകാലത്ത് അനേകം പേർ രക്തസാക്ഷിത്വം വരിച്ചത്? സ്വബോധമുള്ള, നേരായി ചിന്തിക്കുന്ന ഏതൊരാളും പറയും. അല്ല. ഒരിക്കലുമല്ല. പേ

(ശേഷം പേജ് 14-ൽ)

# ജക്കാർത്തയിൽ നടന്ന സാർവ്വദേശീയ സമ്മേളനത്തിൽ സഖാവ് ശങ്കർ സാഹ



സഖാവ് ശങ്കർസാഹ

തൊഴിലുമായി ബന്ധപ്പെട്ട സുരക്ഷയെയും ആരോഗ്യത്തെയും സംബന്ധിച്ച് ഏഷ്യാ-പെസഫിക് സംഘടന (Asia-Pacific Occupational Safety and Health Organisation - APOSHO) സംഘടിപ്പിച്ച സമ്മേളനവും സെമിനാറും ഇന്തൊനേഷ്യയിലെ ജക്കാർത്തയിൽ വച്ച് ഇക്കഴിഞ്ഞ ഒക്ടോബർ 8 മുതൽ 12 വരെ തിയ്യതികളിൽ നടന്നു. 27 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ എ.ഐ.യു.റ്റി.യു.സി അഖിലേന്ത്യാ ജനറൽസെക്രട്ടറിയും എസ്.യു.സി.ഐ(സി) കേന്ദ്രക്കമ്മിറ്റിയംഗവും APOSHO ഗവേണിംഗ്ബോഡി അംഗവും തൊഴിലാളിപക്ഷത്തുനിന്നുള്ള വൈസ് പ്രസിഡന്റുമായ സഖാവ് ശങ്കർ സാഹ പങ്കെടുത്തു. തൊഴിലുമായി ബന്ധപ്പെട്ട സുരക്ഷയും ആരോഗ്യവും പരിതഃസ്ഥിതിയും എന്ന വിഷയത്തിലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം, തൊഴിലാളികളോട്, പ്രത്യേകിച്ചും അവരുടെ തൊഴിലും ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യത്തിൽ, നീതി പുലർത്തുന്നതിൽ സമൂഹം ദയനീയമായി പരാജയപ്പെട്ടിരിക്കുന്നതായി ചൂണ്ടിക്കാട്ടി. ഐ.എൽ.ഒ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം പറഞ്ഞു: തൊഴിലുമായി ബന്ധപ്പെട്ട അസുഖങ്ങൾ വന്ന് ഓരോ കൊല്ലവും 2.02 ദശലക്ഷം പേർ മരിക്കുന്നു; തൊഴിലപകടങ്ങൾ മൂലം 3,21,000 പേർ പ്രതിവർഷം മരിക്കുന്നു; തൊഴിലുമായി ബന്ധപ്പെട്ട മരണകാരണമാകാത്ത രോഗങ്ങൾ 160 ദശലക്ഷം പേർക്ക് പിടിപെടുന്നു. ഓരോ 15 സെക്കന്റ് കൂടുമ്പോഴും ഒരു തൊഴിലാളി തൊഴിലപകടത്തിലോ അതുമായി ബന്ധപ്പെട്ട അസുഖം വന്നോ മരിക്കുന്നുവെന്നർത്ഥം. ഓരോ 15 സെക്കന്റിലും 151 തൊഴിലാളികൾ തൊഴിലപകടത്തിൽപ്പെടുന്നു. വിവിധ രാജ്യങ്ങളിൽ നിന്നും APOSHO-യിൽ നിന്നുമുള്ള മാന്യ പ്രസംഗകർ വലിയ അവകാശവാദങ്ങൾ ഉന്നയിക്കുകയും കാര്യങ്ങൾ വളരെ നല്ല രീതിയിൽ നടക്കുന്നതായി വരച്ചുകാട്ടുകയും ചെയ്തെങ്കിലും സാഹചര്യം വളരെ ഉത്കണ്ഠാജനകമാണെന്ന് അദ്ദേഹം പറഞ്ഞു. തൊഴിലാളികൾ ഇന്ന് തൊഴിലുമായി ബന്ധപ്പെട്ട് എന്തെങ്കിലും സുരക്ഷയോ ആരോഗ്യ പരിരക്ഷയോ അനുകൂലമായ തൊഴിൽസാഹചര്യമോ അനുഭവിക്കുന്നുണ്ടെങ്കിൽ അതെല്ലാം വർഷങ്ങളോളം നീണ്ട സമരങ്ങളിലൂടെ കൈവന്നവ മാത്രമാണെന്നും സ.ശങ്കർ സാഹ പറഞ്ഞു. ഇക്കാര്യങ്ങളിൽ ഇനി എന്തെങ്കിലും മെച്ചപ്പെടുത്തലുണ്ടാകണമെങ്കിൽ അതിന്, ചൂഷണത്തെ വെറുക്കുന്ന സമൂഹം സുദീർഘമായ പോരാട്ടം നടത്തേണ്ടതുണ്ട്; വർഗ്ഗബോധമുള്ള തൊഴിലാളികൾ വേണം ആ സമരങ്ങളെ നയിക്കാൻ - അദ്ദേഹം ചൂണ്ടിക്കാട്ടി. ■

## പാരലൽ വിദ്യാർത്ഥി മാർച്ച്



പാരലൽ വിദ്യാഭ്യാസത്തെ സംരക്ഷിക്കുക, പ്രൈവറ്റ് രജിസ്ട്രേഷൻ യൂണിവേഴ്സിറ്റിയിൽ നിലനിർത്തുക, പാരലൽ റെഗുലർ വിവേചനം കൂടാതെ കൺസഷൻ-സ്റ്റൈപ്പന്റ് ആനുകൂല്യങ്ങൾ ഉറപ്പാക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ച് ആഗസ്റ്റ് 5 ന് ആലപ്പുഴ കളക്ട്രേറ്റിലേക്ക് നടത്തിയ പാരലൽ വിദ്യാർത്ഥിമാർച്ച് പാരലൽ കോളേജ് അസോസിയേഷൻ കോ-ഓർഡിനേറ്റർ കെ.ആർ. അശോക്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## മതേതര ശക്തികളുടെ ഐക്യത്തിനായി വർഗ്ഗീയതയ്ക്കെതിരെ ജനകീയ കൂട്ടായ്മ

വർഗ്ഗീയ രാഷ്ട്രീയ വിപത്തിനെതിരെ മതേതരശക്തികളുടെ യോജിച്ച മുന്നേറ്റം ആഹ്വാനം ചെയ്തുകൊണ്ട് ഡിസംബർ 6ന് സെക്രട്ടറിയേറ്റ് നടയിൽ ജനകീയ പ്രതിരോധ സമിതി ജനകീയ കൂട്ടായ്മസംഘടിപ്പിച്ചു. ബി.ആർ.പി. ഭാസ്കർ ഉദ്ഘാടനം ചെയ്തു. ബാബ്റി മസ്ജിദ് പൊളിച്ചതു മാത്രമല്ല, അതിനുശേഷം നടന്ന വർഗ്ഗീയ കലാപങ്ങൾക്കെല്ലാം പിന്നിലും ഏതെങ്കിലുമൊക്കെ രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിച്ചിട്ടുണ്ടെന്നും ബി.ആർ.പി. ഭാസ്കർ പറഞ്ഞു. വർഗ്ഗീയത അധികാരത്തിലേയ്ക്കുള്ള പാതയാണവർക്ക്. സർവ്വമത പ്രീണനമാണ് എല്ലാ ഭരണപക്ഷ പാർട്ടികളും മതേതരത്വമെന്ന പേരിൽ നടത്തുന്നത്. അതാണ് നരേന്ദ്രമോഡിയെപ്പോലുള്ള വർഗ്ഗീയവാദികൾക്ക് രാഷ്ട്രീയ രംഗത്തു കടന്നുവരാൻ അവസരം ഒരുക്കുന്നത്.- അദ്ദേഹം പറഞ്ഞു.

യഥാർത്ഥ ഇടതുപക്ഷ ശക്തികളും ജനകീയ സമരപ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായി മുന്നേറുന്നതിലൂടെ മാത്രമേ വർഗ്ഗീയ വിപത്തിനെ ചെറുക്കാനാകൂയെന്ന് പിന്നീട് സംസാരിച്ച പത്മശ്രീ. ജി.ശങ്കർ പറഞ്ഞു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ. ലൂക്കോസ്, ജി.എസ്. പത്മകുമാർ, എസ്.ബുർഹാൻ, ഹരിറാം (വിളപ്പിൽശാല ജനകീയ സമിതി സെക്രട്ടറി), ആർ.ബിജു. (എഐഡിവൈഒ), എം.എ.സൂസി (എഐഎംഎസ്എസ്) എസ്.ശ്രീകുമാർ (എഐഡിഎസ്ഒ), റെനി അയലിൻ എന്നിവർ പ്രസംഗിച്ചു. എം. ഷാജർഖാൻ സ്വാഗതവും പി.എസ്. ഗോപകുമാർ നന്ദിയും പറഞ്ഞു.

## വർഗ്ഗീയതയെ ചെറുക്കാൻ ഒന്നിക്കുക

(പേജ് 13-ൽ നിന്ന് തുടർച്ച)

പിടിച്ച ഈ പിശാചുകൾക്ക് രാജ്യത്തെ നാം വിട്ടുകൊടുക്കരുത്. നാം സായുധരായി പ്രതിരോധത്തിന്റെ കോട്ട തീർക്കണം. ഈ വർഗ്ഗീയ-ജാതീയ കോമരങ്ങൾക്കെതിരെ നാം പടച്ചട്ടയണിയണം. ഒരു നിമിഷംപോലും പാഴാക്കരുത്. ഈ വർഗ്ഗീയ പ്രേതത്തെ സധൈര്യം മുഖാമുഖം നേരിടണം. എല്ലാവിഭാഗത്തിലും പെടുന്ന ജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ നീറുന്ന പ്രശ്നങ്ങളെ അധികരിച്ചുകൊണ്ടുള്ള ശക്തമായ ജനാധിപത്യ ബഹുജന പ്രക്ഷോഭണമാണ് ജനങ്ങളുടെ മുന്നിലുള്ള ഏക ആയുധം. അത്തരം പ്രക്ഷോഭ സമരങ്ങൾ ഉന്നതമായ സംസ്കാരത്തിലും നീതിബോധത്തിലും അധിഷ്ഠിതമായിരിക്കുകയും എല്ലാത്തരം വിഘടന-വിഭജന താൽപ്പര്യങ്ങൾക്ക് ഉപരിയായിരിക്കുകയും അവ യഥാർത്ഥ വിപ്ലവനേതൃത്വത്താൽ നയിക്കപ്പെടുകയും വേണം.

കക്ഷി-രാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കും അതീതമായ, ശരിയായ നേതൃത്വത്തിൻ കീഴിൽ നടക്കുന്ന ശക്തമായ ജനാധിപത്യപ്രക്ഷോഭം ജനങ്ങൾക്കിടയിലെ ഐക്യം ദൃഢതരമാക്കി ഊട്ടിയുറപ്പിക്കുകയും ഈ വർഗ്ഗീയ ശക്തികളുടെ മുന്നേറ്റത്തെ തടയുകയും അവരെ പിന്നാക്കം പോകാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഈ ദൗത്യം സർവ്വ ആത്മാർത്ഥതയോടെയും അടിയന്തിരമായി നിർവ്വഹിക്കപ്പെടണം. രാജ്യത്തെ ഓരോ പൗരനും ഈ ഉത്തരവാദിത്തം ഏറ്റെടുക്കണം. താഴേത്തലംമുതൽ ജനകീയ പ്രതിരോധ സമിതികൾക്ക് രൂപംകൊടുക്കുവാൻ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. വോളന്റിയർ സേനയ്ക്കും രൂപംകൊടുക്കുക. എല്ലാ വിഭാഗത്തിലുംപെട്ട അദ്ധ്വാനിക്കുന്ന ജനങ്ങളെയും സമൂഹത്തിലെ ആദരണീയരും ബഹുമാന്യരുമായ വ്യക്തിത്വങ്ങളെയും സമരക്കമ്മിറ്റികളിൽ ഉൾച്ചേർക്കുക. എല്ലാ ബൂർഷ്വാപാർട്ടികളുടെയും ഇടതെന്നവകാശപ്പെടുന്ന പാർട്ടികളുടെയും യഥാർത്ഥ മുഖം ഈ വേദിയിലൂടെ തുറന്നുകാട്ടുകയും അവരെ ജനങ്ങളിൽനിന്ന് ഒറ്റപ്പെടുത്തുകയും ചെയ്യുക. നഗരങ്ങളിലും ഗ്രാമങ്ങളിലും എല്ലായിടത്തും വർഗ്ഗീയതാവിരുദ്ധ പരിപാടികൾ തുടർച്ചയായി സംഘടിപ്പിക്കുക. മറുവശത്ത് വിനാശകരമായ വർഗ്ഗീയ-ജാതീയ ചിന്തയ്ക്കെതിരെ വീറുറ്റ ആശയസമരം അഴിച്ചുവിടുക. ജനങ്ങളുടെ ഈ പ്രഖ്യാപിത ശത്രുക്കളുടെ മരണമണി മുഴക്കുക. ഇതിനുമാത്രമേ ആസുരമായ വിപത്തിൽനിന്നും നമ്മുടെ നാടിനെ രക്ഷിക്കാനാവൂ. ■

# വിലക്കയറ്റത്തിനും മറ്റ് ജനവിരുദ്ധ നയങ്ങൾക്കുമെതിരെ കൊൽക്കത്തയിൽ വമ്പിച്ച പ്രതിഷേധപ്രകടനം

വിലക്കയറ്റത്തിനും, വൈദ്യുതി ചാർജ് വർദ്ധനവിനും, സ്ത്രീകൾക്കെതിരായ അതിക്രമത്തിനും, സ്കൂളുകളിലെ ലൈംഗികവിദ്യാഭ്യാസത്തിനും, സ്കൂളുകളിൽ പാസ്സ്-ഫെയിൽ സമ്പ്രദായം നിർത്തലാക്കിയതിനും മറ്റുമെതിരെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പശ്ചിമബംഗാൾ സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 12-ന് കൊക്കത്തയിൽ വമ്പിച്ച പ്രകടനം നടന്നു. തൊഴിലാളികളും കർഷരും കർഷകത്തൊഴിലാളികളും വിദ്യാർത്ഥികളും യുവാക്കളും തുടങ്ങി ജീവിതത്തിന്റെ നാനാ തുറകളിൽ നിന്നുള്ള 48,000-ൽ പരം ജനങ്ങൾ പ്രകടനത്തിൽ അണിനിരന്നു. പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ദേബപ്രസാദ് സർക്കാർ, ഗോപാൽ കുണ്ഡു, സൗമൻ ബസു, ശങ്കർ സാഹ എന്നിവരും സംസ്ഥാനനേതാക്കളും നേതൃത്വം നൽകി.

പ്രകടനത്തിന് മുന്നോടിയായി മൂന്നുമാസക്കാലം നീണ്ട വ്യാപകമായ പ്രചാരണം സംസ്ഥാനത്തുടനീളം നടത്തുകയുണ്ടായി. ഗവൺമെന്റിന് സമർപ്പിക്കാനുള്ള നിവേദനത്തിൽ 42 ലക്ഷം പേരുടെ ഒപ്പ് ശേഖരിച്ചു.കൊയ്ത്തുകാലമായി എന്നതും, കുട്ടികൾക്ക് വാർഷികപ്പരീക്ഷ വരാൻ പോകുന്നു എന്നതും പോലുള്ള പല പ്രതികൂല ഘടകങ്ങളെയും അതിജീവിച്ചാണ് ഇത്രയേറെപ്പേർ പ്രകടനത്തിൽ പങ്കെടുത്തത്. ഉത്തര കൊൽക്കത്തയിലെ ഹെദുവ പാർക്കിൽ നിന്ന് ആരംഭിച്ച പ്രകടനം പത്ത് കിലോമീറ്റർ താണ്ടി സെൻട്രൽ ഹബ്ബിലുള്ള റാണി റാഷ്മോണി റോഡിൽ അവസാനിച്ചു. അവിടെ നടന്ന ഹ്രസ്വമായ യോഗത്തിൽ പാർട്ടി കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സൗമൻ ബസു പ്രസംഗിച്ചു. ആവശ്യങ്ങൾ നേടിയെടുക്കുന്നതുവരെ നീണ്ടുനിൽക്കുന്ന സമരത്തിന്റെ പരിപാടി അദ്ദേഹം പ്രഖ്യാപിച്ചു. സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും ബ്ലോക്കിലും നഗരസഭയിലും താഴെത്തലത്തിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് കൂടുതൽ ശക്തമായ സമരം മുന്നോട്ടുകൊണ്ടുപോകുമെന്ന് അദ്ദേഹം അറിയിച്ചു. സമരവുമായി സർവ്വാത്മനാ സഹകരിക്കാൻ അദ്ദേഹം ഏവരോടും അഭ്യർത്ഥിച്ചു.

42 ലക്ഷം പേർ ഒപ്പിട്ട നിവേദനം സംസ്ഥാനസർക്കാരിന് സമർപ്പിക്കുന്നായി പാർട്ടി നേതാക്കളുടെ ഒരു പ്രതിനിധിസംഘം പുതിയ സെക്രട്ടേറിയറ്റ് ബിൽഡിംഗിലേയ്ക്ക് പോയി. മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങിയിരുന്നതാണെങ്കിൽപ്പോലും അവരുമായി കൂടിക്കാഴ്ചയ്ക്ക് ഒരു മന്ത്രി പോലും തയ്യാറായില്ല. ജനകീയ പ്രശ്നങ്ങളോടും ജനങ്ങളുടെ ന്യായമായ അവകാശസമരങ്ങളോടും എത്ര കുറ്റകരമായ അലംഭാവമാണ് തൃണമൂൽകോൺഗ്രസ്സ് സർക്കാർ പുലർത്തുന്നതെന്നാണ് ഇത് കാണിക്കുന്നത്. മുൻ സിപിഐ(എം) സർക്കാരിന്റെ തികച്ചും ജനവിരുദ്ധവും സ്വേച്ഛാധിപത്യപരവുമായ ഭരണത്തിൽ നിന്നുമുള്ള മാറ്റം (പരിവർത്തൻ) വാഗ്ദാനം ചെയ്തുകൊണ്ട് അധികാരത്തിലേറിയ തൃണമൂൽ സർക്കാരിന്റെ തനിനിറം ഒരിക്കൽക്കൂടി വ്യക്തമാക്കുന്ന നടപടിയാണിത്. ■

# ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കാണമെന്ന് ആവശ്യപ്പെട്ട് പ്രചാരണ പ്രവർത്തനത്തിലേർപ്പെട്ട നേതാക്കൾക്ക് നേരെ മർദ്ദനം.

നവംബർ 30 ന് ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ടൗണിൽ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കാണമെന്ന് ആവശ്യപ്പെട്ട് പോസ്റ്റർ പ്രചാരണം നടത്തുകയായിരുന്ന എസ്.യു.സി.ഐ ജില്ലാ സെക്രട്ടറി എൻ. വിനോദ്കുമാറിനെയും ലോക്കൽ കമ്മിറ്റി അംഗം ജിമ്മി ജോണിനെയും ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പ്രവർത്തകർ മർദ്ദിക്കുകയും ബൈക്ക് മറിച്ചിട്ട് അപായപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. മദ്യലഹരിയിലായിരുന്ന ഈ അക്രമിസംഘം സഖാക്കളുടെ പക്കൽ നിന്നും പോസ്റ്റർ ബലംപ്രയോഗിച്ച് കൈവശപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തു. മർദ്ദനത്തെത്തുടർന്ന് പരിക്കേറ്റ നേതാക്കൾ തൊടുപുഴ താലൂക്ക് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. കേസ് എടുത്തെങ്കിലും അന്വേഷണം നടത്തോനോ പ്രതികളെ അറസ്റ്റ് ചെയ്യാനോ പോലീസ് തയ്യാറായിട്ടില്ല. കഴിഞ്ഞ മൂന്ന് ആഴ്ചയായി സമരത്തത്തിന്റെ മറയിൽ നടന്നിട്ടുള്ള ഒട്ടനവധി അക്രമസംഭവങ്ങളിലും ഹൈറേഞ്ച് സംരക്ഷണ സമിതിയ്ക്കെതിരെ കേസ് എടുക്കാതിരുന്ന പോലീസിന്റെ അതേ സമീപനമാണ് ഇക്കാര്യത്തിലും പ്രകടമാകുന്നത്.

എസ്.യു.സി.ഐ നേതാക്കൾക്ക് നേരെയുണ്ടായ മർദ്ദനത്തിൽ പ്രതിഷേധിച്ചുകൊണ്ടും പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടും തൊടുപുഴ നഗരത്തിൽ ഡിസംബർ 3ന് വമ്പിച്ച ജനകീയ പ്രതിഷേധ സമ്മേളനവും പ്രകടനവും നടന്നു. ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് പ്രൊഫ. ജോയി മൈക്കിൾ അധ്യക്ഷത വഹിച്ചു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗാഡ്ഗിൽ റിപ്പോർട്ടിനെ സംബന്ധിക്കുന്ന വസ്തുതകളും സത്യവും ഒരു കാരണവശാലും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ വരരുതെന്ന നിർബന്ധബുദ്ധിയുള്ള വനംകൊള്ളക്കാരുടെയും ക്വാറിമുതലാളിമാരുടെയും താൽപ്പര്യമാണ് ഈ അക്രമത്തിന് പിന്നിലുള്ളതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ശക്തികളുടെ പണം പറ്റി അവർക്കുവേണ്ടി വിടുവേല ചെയ്യുന്ന ഒരു സംഘം ആളുകളാണ് ഹൈറേഞ്ച് സംരക്ഷണ സമിതി എന്ന സംഘടനയുടെ മറയിൽ പ്രവർത്തിക്കുന്നത് എന്ന ജനാധിപത്യ വിശ്വാസികളുടെ മുൻനിരീക്ഷണം ശരിവയ്ക്കുന്ന ഒന്നാണ് ഈ അക്രമപ്രവർത്തനനം. പ്രചാരണ പ്രവർത്തനങ്ങൾ തടയുക, പത്രക്കെട്ടുകൾ കത്തിക്കുക, വ്യത്യസ്ത നിലപാടുള്ള സംഘടനയുടെ പ്രവർത്തകരെ ആക്രമിക്കുക തുടങ്ങി ഒട്ടനവധി സംഭവങ്ങൾ ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിനെ അനുകൂലിക്കുന്ന ഒരു തരം പ്രവർത്തനവും മലയോരമേഖലയിൽ അനുവദിക്കില്ല എന്ന ഈ മുഷ്ക് ജനാധിപത്യ അന്തരീഷത്തിന് ഏൽപ്പിക്കുന്ന ആഘാതം അളവറ്റതാണ്. അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ ജോൺ പെരുവന്താനം മുഖ്യപ്രഭാഷണം നടത്തി. ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന നേതാവ് എ.എൻ.സോമദാസ്, എം.എൻ.ജയചന്ദ്രൻ, എൻ.യു.ജോൺ, കെ.എം. സാബു, ഒ.എസ്.സമദ്, സുകുമാർ അരീക്കുഴ, തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിനു മുന്നോടിയായി നടന്ന പ്രകടനം പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിന്നു ആരംഭിച്ച് ടൗൺ ഹാളിനു മുമ്പിൽ സമാപിച്ചു. എം.കെ. വേണുഗോപാൽ, രാജു കൊന്നനാൽ, കെ.ജെ.ജോസഫ് പെരുവന്താനം, ജയിംസ് കോലാനി, സിബി.സി.മാത്യു, എം.ബി.രാജശേഖരൻ, എം.ൻ അനിൽ, ബേബി ജോർജ്ജ്, പി.കെ.സജി, കെ.കെ.ജിൻഷു എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി. ■



ഡിസംബർ 3 ന് തൊടുപുഴയിൽ നടന്ന പ്രതിഷേധ യോഗം

# കർഷകരുടെ ആശങ്കകൾ തീർത്തുകൊണ്ട് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുക; കസ്തൂരി രംഗൻ റിപ്പോർട്ട് തള്ളിക്കളയുക – കർഷക പ്രതിരോധസമിതി

കർഷകരിൽ ഉയർന്നു വന്നിട്ടുള്ള ന്യായയുക്തമായ ആശങ്കൾ പരിഹരിച്ചുകൊണ്ട് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്നും നിക്ഷിപ്ത താല്പര്യാർത്ഥം രൂപം കൊടുത്ത കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്നും സുൽത്താൻ ബത്തേരിയിൽ ചേർന്ന വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി ജില്ലാ പ്രവർത്തക യോഗം സർക്കാരിനോടാവശ്യപ്പെട്ടു. അനുദിനം തകർന്നുകൊണ്ടിരിക്കുന്ന പശ്ചിമഘട്ടം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സർവ്വരും അംഗീകരിക്കുന്നതാണ്. അതിനായി പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ സർക്കാർ രൂപം കൊടുത്ത 14 അംഗ കമ്മിറ്റിയുടെ റിപ്പോർട്ട് സമഗ്രവും പൊതുവിൽ കർഷകാനുകൂലവുമാണ്. ലാഭക്കൊതിയും പൊതുസമ്പത്ത് കൊള്ളയടിക്കലും കൈമുതലായുള്ള ഭൂമി – ഖനന – വന – ടൂറിസ്റ്റ് മാഫിയകൾക്ക് ഈ റിപ്പോർട്ടിനോട് സ്വാഭാവികമായി ഉണ്ടായിരിക്കുന്ന വിദ്വേഷത്തിനും ആസൂത്രിതമായി സൃഷ്ടിച്ച ദുഷ്പ്രേരണകൾക്കും എരുവ് കൂട്ടുന്ന സമീപനമാണ് ഗവൺമെന്റിൽ നിന്നും ഭരണ – പ്രതിപക്ഷ കക്ഷികളിൽ നിന്നും ഉണ്ടായിരിക്കുന്നത്. ഇതിന്റെ പിന്നിലുള്ള ദുഷ്ടലാക്ക് കർഷകർ തിരിച്ചറിയണം – യോഗം ചൂണ്ടിക്കാട്ടി.

ഗ്രാമതലത്തിൽ ചർച്ച ചെയ്യാൻ നിർദ്ദേശിക്കപ്പെട്ട ഗാഡ്ഗിൽ റിപ്പോർട്ട് മാതൃഭാഷയിൽ ജനങ്ങൾക്ക് ലഭ്യമാക്കാൻ പോലും തയ്യാറാകാതെ കർഷകരെ പ്രകോപിതരാക്കുംവിധമുള്ള നടപടികളാണ് സർക്കാർ കൈകൊണ്ടത്. കർഷകരെയും ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അവരെ മതിയായ വിധം ബോധവൽക്കരിക്കാനുമുള്ള നടപടികൾ ഉടനെ കൈക്കൊള്ളണമെന്നും യോഗം ആവശ്യപ്പെട്ടു.

കർഷക പ്രതിരോധ സമിതി പ്രസിഡന്റ് ഡോ. ഡി. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റുമാരായ അഡ്വ. കെ.അബ്ദുറഹ്മാൻ, പി.സി.ജോസഫ് ഉണ്ണിപ്പള്ളി, പ്രേംരാജ് ചെറുകര, ടോമി വടക്കുംചേരി, വി.കെ.ഹംസമാസ്റ്റർ എന്നിവർ റിപ്പോർട്ടിനെ ആധാരമാക്കി പ്രസംഗിച്ചു. സെക്രട്ടറി വി.കെ.സദാനന്ദൻ പ്രവർത്തന രേഖ അവതരിപ്പിച്ചു.

എം.എം.ജോസഫ്, വി.കെ. ജോണി, പി.വാസു, കെ.ജെ. മാത്യു, പി.എം.തോമസ്, പി.എസ്.ജയപ്രകാശ്, അമ്മണി അമ്മ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സി.എൻ. മുകുന്ദൻ സ്വാഗതവും ദേവസ്യ പുറ്റനാൽ നന്ദിയും പറഞ്ഞു. ■



ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക, കസ്തൂരിരംഗൻ റിപ്പോർട്ട് തള്ളിക്കളയുക എന്ന മുദ്രാവാക്യമുയർത്തി വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ നടത്തിയ രാജ്ഭവൻ മാർച്ചിനെ എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയംഗം സ.എസ്.രാജീവൻ അഭിസംബോധന ചെയ്യുന്നു.

## ഡിസംബർ 6 വർഗ്ഗീയതാ വിരുദ്ധ ദിനം

(പേജ് 2-ൽ നിന്ന് തുടർച്ച)

ശാസ്ത്രീയ ചിന്തയിൽനിന്ന് ജനങ്ങളെ അകറ്റാനും അവരിൽ ഫാസിസ്റ്റ് ചിന്തകൾ ആഴത്തിൽ വേരുറപ്പിക്കാനുമായി ഭരണവർഗ്ഗത്തിന് മതഭ്രാന്തന്മാരെ കൂടുതലായി ഇന്ന് ആവശ്യമായി വന്നിരിക്കുന്നു. ഇടയ്ക്കിടെ വർഗ്ഗീയാഗ്നി ആളിക്കത്തിക്കുന്നത് ഭരണമുതലാളിവർഗ്ഗത്തിന്റെ കുടിലമായ വർഗ്ഗതാൽപ്പര്യാർത്ഥമാണ്. അവ്വിധത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിവിധ വിഭാഗങ്ങൾ തമ്മിൽ പരസ്പര വിദ്വേഷവും ശത്രുതയും പെരുകുകയും തൽഫലമായി നാം ആഗ്രഹിക്കുന്ന വിധത്തിൽ മുതലാളിത്തവിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കുവാനാവശ്യമായ ജനൈക്യത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. മുതലാളിത്തം നിലനിൽക്കുവോളം വർഗ്ഗീയതയുടെയും മതമൗലികവാദത്തിന്റെയും അപകടം സമൂഹത്തിൽ നിലനിൽക്കും. അതിനാൽ, വർഗ്ഗീയതയുടെ ഭീഷണിക്കെതിരെ പോരാടാനായി കോൺഗ്രസ്സിന്റെയും ബി.ജെ.പിയുടെയും അപകടകരമായ നയങ്ങൾക്കെതിരെ പോരാടിയാൽ മാത്രം മതിയാവില്ല. അതോടൊപ്പം തന്നെ, മുതലാളിത്തത്തിനെതിരെ കരുത്തുറ്റ പ്രക്ഷോഭണവും കെട്ടിപ്പടുക്കേണ്ടത് അനിവാര്യമാണ്.

ഭൂരിപക്ഷ വർഗ്ഗീയതയും മൗലികവാദവുമാണ് പ്രധാന വിപത്ത് എന്നിരുന്നാലും ന്യൂനപക്ഷ വർഗ്ഗീയതയും മൗലികവാദവും അതുപോലതന്നെ വിപത്കരമാണെന്ന് മനസ്സിലാക്കണം. ഹിന്ദുവർഗ്ഗീയത ആളിക്കത്തിക്കുന്നതിനനുസരിച്ച് മുസ്ലീങ്ങളിലെ ഒരു വിഭാഗം മുസ്ലീം വർഗ്ഗീയതയിലേക്ക് നയിക്കപ്പെടും. മറുവശത്ത്, ഹിന്ദുക്കളെ വർഗ്ഗീയ മാർഗ്ഗത്തിൽ സംഘടിപ്പിക്കാൻ ഹിന്ദുത്വവാദികൾക്ക് അതൊരു നല്ല ന്യായീകരണമാവുകയും ചെയ്യും.

ജാതിയുടെയും വംശത്തിന്റെയും വർണ്ണത്തിന്റെയും ചേരിതിരിവുകൾക്കുപരിയായി ചൂഷിതരും മർദ്ദിതരുമായ എല്ലാ ജനങ്ങളെയും ഒരുമിപ്പിക്കുകയും, ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുന്ന മുതലാളിത്ത കടന്നാക്രമണങ്ങൾക്കെതിരെ ജനങ്ങളുടെ കരുത്തുറ്റ പ്രക്ഷോഭണം കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകത. ഭരണവർഗ്ഗത്തിന്റെ ഏറ്റവും വിശ്വസ്ത രാഷ്ട്രീയ പാർട്ടികളായ കോൺഗ്രസ്സും ബി.ജെ.പിയും പരത്തുന്ന വർഗ്ഗീയവിഷത്തിനെതിരെയുള്ള പ്രത്യയശാസ്ത്ര-സാംസ്കാരിക സമരവുമായി ഈ പ്രക്ഷോഭണങ്ങളെ കോർത്തിണക്കുകയും വേണം. അത്തരത്തിലുള്ള പ്രബുദ്ധമായ ജനാധിപത്യ-ബഹുജന പ്രക്ഷോഭണത്തിന് മാത്രമേ ഭരണവർഗ്ഗവും അവരുടെ വിശ്വസ്ത പാർട്ടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാനിടയുള്ള ഏതൊരു വർഗ്ഗീയക്കെടുതിയെയും തടയാനും അവയ്ക്കെതിരെ പോരാടാനുമാകൂ. തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവും മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) -ന്റെ സുചിന്തിതമായ അഭിപ്രായം ഇതാണ്. ഈ ദിശയിലുള്ള ജനകീയ മുന്നേറ്റങ്ങൾ പടുത്തുയർത്താൻ മുന്നോട്ടുവരണമെന്ന് നേരായി ചിന്തിക്കുന്ന ഏവരോടും അഭ്യർത്ഥിക്കുന്നു. ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing December1st, 2013.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 40 No.9
Price : Rs 5.00
December 2013

# ‘ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്: വിവാദങ്ങളും വസ്തുതകളും’ – ജനകീയ പ്രതിരോധ സമിതി ചർച്ച സംഘടിപ്പിച്ചു




ഗാഡ്ഗിൽ റിപ്പോർട്ട് വസ്തുതകളും ആശങ്കകളും എന്ന വിഷയത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചർച്ചയിൽ ഡോ.വി.എസ്.വിജയൻ സംസാരിക്കുന്നു. സദസ്സിന്റെ ഒരു ദൃശ്യം(വലതുവശം)

‘ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്: വിവാദങ്ങളും വസ്തുതകളും’ എന്ന വിഷയത്തിൽ ജനകീയ പ്രതിരോധ സമിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റി നവംബർ 29-ന് ജോയിന്റ് കൗൺസിൽ ഹാളിൽ ചർച്ച സംഘടിപ്പിച്ചു

ഗാഡ്ഗിൽ കമ്മിറ്റിയംഗം ഡോ.വി.എസ്. വിജയൻ മുഖ്യപ്രഭാഷണം നടത്തി. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരായ നീക്കങ്ങൾ തെറ്റിദ്ധാരണ മൂലമാണെന്ന് അദ്ദേഹം പറഞ്ഞു. പശ്ചിമഘട്ടമേഖലയിലെ പ്രകൃതിയെ മാത്രമല്ല, ജനങ്ങളെയും സംരക്ഷിക്കുന്നതാണ് ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ. റിപ്പോർട്ട് നടപ്പാക്കിയാൽ ഒരു മരച്ചില്ല പോലും മുറിക്കാനാവില്ലെന്നുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന തെറ്റിദ്ധാരണ മൂലമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഗാഡ്ഗിൽ റിപ്പോർട്ടിലെ 540 പേജുകളിലെ എല്ലാ നിർദ്ദേശങ്ങളും താഴേത്തലത്തിൽ ചർച്ച ചെയ്തു നടപ്പാക്കണമെന്ന ജനാധിപത്യ പ്രക്രിയയാണ് തങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. എന്നാൽ കസ്തൂരിരംഗൻ റിപ്പോർട്ട് സസ്യമേഖലയെമാത്രമേ പരിഗണിച്ചിട്ടുള്ളൂ. മാത്രവുമല്ല അതിലെ നിർദ്ദേശങ്ങൾ ജനങ്ങൾക്കുമേൽ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുകയും ചെയ്യുകയാണ്. പാരിസ്ഥിതികമായി ദുർബലമായ പ്രദേശങ്ങളിൽ ഇനിയും പാറ പൊട്ടിച്ചാൽ നമ്മുടെ നാശത്തിന് നാം തന്നെ കൂട്ടുനിൽക്കലാകുമെന്നും അദ്ദേഹം പറഞ്ഞു. പൊതുസ്ഥലങ്ങളിൽ സ്വകാര്യ പാറ-മണൽ-ഖനന വ്യവസായങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്ന ഗാഡ്ഗിൽ കമ്മിറ്റി വ്യവസ്ഥയാണ് റിപ്പോർട്ടിനെതിരെ തിരിയാൻ രാഷ്ട്രീയ-മത-ഖനന മാഫിയകളെ പ്രേരിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ കർഷകർക്ക് ദോഷകരമായ ഒരൊറ്റ വാചകമെങ്കിലും ചൂണ്ടിക്കാണിക്കാൻ അദ്ദേഹം വിമർശകരെ വെല്ലുവിളിച്ചു.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വി.ഹരിലാൽ (ശാസ്ത്രസാഹിത്യ പരിഷത്ത്), ജി.എസ്.പത്മകുമാർ (എസ്.യു.സി.ഐ(സി), ടി.പീറ്റർ (സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷൻ), സലിം സേട്ട് (സോളിഡാരിറ്റി), ബെന്നി ജോസഫ് (ബ്രേക്ത്രൂ സയൻസ് സൊസൈറ്റി) എന്നിവർ പ്രസംഗിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എം.ഷാജർഖാൻ സ്വാഗതം പറഞ്ഞു. ■

# എ.ഐ.ഡി.എസ്.ഒ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. ‘റൂസ’ പദ്ധതി കോളേജുകളെയും സർവ്വകലാശാലകളെയും തകർക്കും




സെക്രട്ടേറിയറ്റ് മാർച്ച് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു

കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകി ഉന്നതവിദ്യാഭ്യാസം വാണിജ്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ എ.ഐ.ഡി.എസ്.ഒ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. വിദേശഫണ്ട് സ്വീകരിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്ന വൈദേശിക പദ്ധതിയായ റൂസ സർവ്വകലാശാലകളെയും കോളേജുകളെയും തകർക്കുമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം. ഷാജർഖാൻ പറഞ്ഞു. ഇതോടെ സർക്കാർ -എയ്ഡഡ് കോളേജുകൾ ഇല്ലാതാകുമെന്നും അദ്ദേഹം പറഞ്ഞു. സാധാരണക്കാരന്റെ അവസാന ആശ്രയമായ പാരലൽ കോളേജുകളെയും ഇല്ലാതാക്കിക്കൊണ്ട് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുകയാണ്.

എ.ഐ.ഡി.എസ്.ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എ.ഐ.ഡി.എസ്.ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി, സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ബിമൽജി, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് എസ്.ശ്രീകുമാർ, പാരലൽ സ്റ്റുഡന്റ്സ് മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് വി.ഡി. സന്തോഷ് എന്നിവർ പ്രസംഗിച്ചു. കെ.പി. സാൽവിൻ, പി.കെ. പ്രഭാഷ്, എ.റജീന, എ. ഷൈജു, സുഗന്ധി, ആർ.മാളു, വിദ്യ. ആർ.ശേഖർ, മുഹമ്മദ് റമീസ് ഷഹസാദ്, അലീന.എസ്, അപർണ.ആർ, രശ്മി രവി, സജിനി.പി.വി, മാനവ്.ജെ എന്നിവർ യൂണിവേഴ്സിറ്റി ഓഫീസിന് മുൻപിൽ നിന്ന് ■

# പാചകവാതകവിലക്കയറ്റം തടയുക. വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കുക. പാചകവാതക ഉപഭോക്തൃ സമിതിയുടെ നേതൃത്വത്തിൽ കളക്ട്രേറ്റ് മാർച്ച്

നിയമവിരുദ്ധമായി ആധാർകാർഡ് അടിച്ചേൽപ്പിക്കാനും സബ്സിഡി ഇല്ലാതാക്കാനും, എണ്ണക്കമ്പനികളും പെട്രോളിയം മന്ത്രാലയവും നടത്തുന്ന നീക്കത്തിനെതിരെ കൊല്ലം ജില്ലാപാചകവാതക ഉപഭോക്തൃ സമിതിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി. ധർണ്ണ ശ്രീ. കെ.ഭാസ്കരൻ ഉദ്ഘാടനം ചെയ്തു. സമിതി പ്രസിഡന്റ് കെ.ഒ.മാത്യുപണിക്കർ അദ്ധ്യക്ഷത വഹിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ്, ഫാദർ ഗീവർഗീസ് തരകൻ, ഷൈല.കെ.ജോൺ, സമിതി സെക്രട്ടറി ജി. ധ്രുവകുമാർ, പി.മധുസൂദനൻ, വൈ.റോബർട്ട്, ആൽബർട്ട് കോശി, അഡ്വ. രാജു, വി.രാധാകൃഷ്ണൻ, അബ്ദുൾ കോയ, എസ്.രാധാകൃഷ്ണൻ, വി.ശ്രീധരൻ പിള്ള തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ആവശ്യങ്ങളടങ്ങുന്ന നിവേദനം സമിതി നേതാക്കൾ കളക്ടറെ കണ്ട് സമർപ്പിച്ചു. കൊല്ലം ജില്ലാ ജനകീയ പ്രതിരോധ സമിതിയുടെ മുൻകൈയ്യിലാണ് പാചകവാതക ഉപഭോക്തൃ സമിതിക്ക് രൂപം കൊടുത്തത്. ■



Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.